Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 തുലാം 17—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 നവംബർ 3 | ലക്കം 12

## മറിയത്തിൻെറ "രാണിത്വ"ത്തിരുനാൾ പ്രഖ്യാപനം

### "ആദ്ചേലിറെജീനാം" എന്ന പുതിയ ചാക്രികലേഖനം—തിരുനാൾ മേയ് 31-ാം തീയതി

### മരിയലോജിക്കൽ കോൺഗ്രസ്സ് മാർപ്പാപ്പാ തിരുമേനി ഉൽഘാടനം ചെയ്തു

മരിയജൂബിലീവത്സരത്തിലെ മഹത്തായ ഒരു പരിപാടിയാണു് ഒക്ടോബർ 24-ാം തീയതി വൈകിട്ടു് റോമിൽ പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സമുൽഘാടനം ചെയ്യപ്പെടുന്നതു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും, ഈ "മരിയലോജിക്കൽ കോൺഗ്രസ്സി"ൽ പങ്കെടുക്കുന്നതിനു വന്നുചേർന്നിട്ടുള്ള പ്രശസ്തന്മാരായ കത്തോലിക്കാ ദൈവശാസ്ത്രപണ്ഡിതന്മാരെ അഭിസംബോധനം ചെയ്തുകൊണ്ടു പരിശുദ്ധ പിതാവു് ലത്തീൻഭാഷയിൽ ഒരു റേഡിയോസന്ദേശം പ്രക്ഷേപണം ചെയ്തു. മരിയോളജി (മരിയശാസ്ത്രം) സംബന്ധിച്ചു് 400-ൽപ്പരം ഉപന്യാസങ്ങൾ സമ്മേളനത്തിൽ വായിക്കപ്പെടുന്നതും ചർച്ചകൾ നടക്കുന്നതുമാണു്. എട്ടുദിവസത്തേക്കാണു് കോൺഗ്രസ്സ് പരിപാടികൾ ക്രമപ്പെടുത്തിയിട്ടുള്ളതു്. ചർച്ചകൾ ലത്തീൻ ഭാഷയിലായിരിക്കും. വത്തിക്കാൻ പ്രാകാരങ്ങൾക്കു പുറത്തു സെൻറു് പീറ്റേഴ്സു് ബസ്സിലിക്കായുടെ സാന്നിദ്ധ്യത്തിൽ സജ്ജമാക്കിയിട്ടുള്ള സ്ഥലത്താണു് സമ്മേളനങ്ങൾ നടക്കുന്നതു്.

"പരിശുദ്ധ കന്യകമറിയത്തെ സംബന്ധിച്ചു്, പ്രത്യേകിച്ചും മറിയത്തിനു ദൈവത്തിൻെറ മനുഷ്യാവതാരത്തോടും രക്ഷണീയകൃത്യത്തോടുമുള്ള ബന്ധത്തെ ആസ്പദമാക്കി ദൈവശാസ്ത്രപരമായും, ചരിത്രപരമായും, പര്യവേക്ഷണപരമായും നടത്തപ്പെടുന്ന പഠനത്തെയാണു്" മരിയശാസ്ത്രസംജ്ഞകൊണ്ടു വിവക്ഷിക്കുന്നതു്. സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് പരിശുദ്ധ പിതാവു് പറഞ്ഞതു്:- "കന്യകമറിയത്തിൽ പരമോന്നതങ്ങളായ അവകാശാധികാരങ്ങൾ (Privileges) ആരോപിക്കപ്പെടുമ്പോൾ അതു് അതിശയോക്തിപരമായ പ്രസ്താവനയാണെന്നു പറയുക വയ്യ; എന്തുകൊണ്ടെന്നാൽ പ്രസ്തുത അപദാനങ്ങൾ ദൈവമാതാവെന്ന നിലയിൽ മറിയത്തെ ബാധിക്കുന്നതാണു്. അവിടുത്തെ പ്രിയ മാതാവിനെ മഹത്വപ്പെടുത്തുന്നതിനെ തടയുവാൻ ദൈവം അഭിലഷിക്കുകയില്ലല്ലോ" എന്നാണു്.

### "രാണിത്വ"തിരുനാൾ

പരിശുദ്ധ പിതാവു് കന്യകമറിയത്തിൻെറ "രാണിത്വ"ത്തിരുനാൾ സ്ഥാപനം സംബന്ധിച്ചു് ഒക്ടോബർ 23-ാം തീയതി വിശിഷ്ടമായ ഒരു ചാക്രികലേഖനം പുറപ്പെടുത്തിയിട്ടുണ്ടു്. "ആദ്ചേലിറെജീനാം" എന്നാരംഭിക്കുന്ന പ്രസ്തുത തിരുവെഴുത്തിൽ പ്രതിവർഷം പ്രസ്തുത തിരുനാൾ മേയ്മാസം 31-ാം തീയതി ആഘോഷിക്കുന്നതിനാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്. സെൻറു് പീറ്റേഴ്സു് അങ്കണത്തിൽവച്ചു് നവംബർ 1-ാം തീയതി മരിയലോജിക്കൽ കോൺഗ്രസ്സിൻെറ സമാപനത്തോടനുബന്ധിച്ചു്, ലോകമാസകലമുള്ള മരിയതീർത്ഥങ്ങളിൽനിന്നു വന്നുചേർന്ന പ്രതിനിധിസംഘങ്ങളുടെ സാന്നിദ്ധ്യത്തിൽ, വിശുദ്ധ ലൂക്കാ വരച്ചുതായ ചരിത്രപ്രസിദ്ധമായ മാതൃസ്വരൂപത്തിനു രത്നഖചിതമായ പൊൻമുടി ചാർത്തിക്കൊണ്ടാണു് "രാണിത്വ"ത്തിരുനാളിൻെറ ഔദ്യോഗികപ്രഖ്യാപനം പരിശുദ്ധ പിതാവു നിർവ്വഹിച്ചതു്.

"രാണിത്വ"ത്തിരുനാൾ സ്ഥാപിക്കുന്നതിനു ലോകമാസകലമുള്ള കത്തോലിക്കരിൽനിന്നും തിരുസിംഹാസനത്തിനു ലഭിച്ചിട്ടുള്ള അപേക്ഷകൾ 12 ബൃഹത്ഗ്രന്ഥങ്ങളായി ബയൻറുചെയ്തു പരിശുദ്ധ പിതാവിനു സമർപ്പിക്കപ്പെട്ടു. അതിൽ 1040 മെത്രാപ്പോലീത്താമാരുടേയും മെത്രാന്മാരുടേയും 51 കർദ്ദിനാളന്മാരുടേയും 8 പാത്രിയാർക്കമാരുടേയും അപേക്ഷകൾ ഉൾപ്പെടുന്നു. രാജ്യങ്ങൾ തിരിച്ചുപറഞ്ഞാൽ യൂറോപ്പിൽ നിന്നു 571 മെത്രാന്മാരുടേയും, ഏഷ്യയിൽനിന്നു 85 മെത്രാന്മാരുടേയും, ആഫ്രിക്കായിൽനിന്നു 60 മെത്രാന്മാരുടെയും, വടക്കെ അമേരിക്കയിൽനിന്നു 148-ം, തെക്കെ അമേരിക്കയിൽനിന്നു 169-ം മെത്രാന്മാരുടേയും, ആസ്ത്രേലിയായിൽനിന്നു 7 മെത്രാന്മാരുടേയും അപേക്ഷകളാണു് അതിലുള്ളതു്. സന്യാസസഭകളുടേയും സംഘടനകളുടേയും പൊതുക്കൂറിയാകളെ പ്രതിനിധീകരിക്കുന്ന കാനൻ റഗ്ഗുലർമാരുടെ നാലു ഗ്രൂപ്പുകളും, 24 സന്യാസസഭകളും, 15 മെൻറിക്കെൻറു സഭകളും, മററു 80 സന്യാസസംഘടനകളും അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടു്.

മരിയലോജിക്കൽ കോൺഗ്രസ്സ് ഉൽഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞപ്പോൾ, വത്തിക്കാനിലെ ഉയർന്ന വൈദികാദ്ധ്യക്ഷന്മാരും, തിരുസിംഹാസനത്തിലെ നയതന്ത്രപ്രതിനിധിസംഘങ്ങളുടെ മേധാവികളും, "ആദ്ചേലി റെജീനാം" എന്ന വിശ്വലേഖനത്തേയും, "രാണിത്വ"ത്തിരുനാൾ സ്ഥാപനത്തേയും കുറിച്ചുള്ള അവരുടെ ആനന്ദത്തെ പ്രകടിപ്പിച്ചുകൊണ്ടു ലഘുപ്രസംഗങ്ങൾ നടത്തുകയുണ്ടായി.



മേരിറാണീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക.

## മാതൃസ്തവം

ഹിന്ദി "നിരാല"യിലെ
"മഹ്ദിൽമേ" പോലെ

അഗതികൾക്കെന്നും സഹായവും
പരിഭാവുകവും തൂകി
ആകുലമാററും വാനലകാംബേ,
മാമരി വാഴ്ക നീ.
മാനുഷജാലം മോഹനഭ്യോവിൻ
പാഥയിൽനിന്നും പോകയിൽ
ആകുലഗേഹം പൂകി സദാപി
ദീനതയാർന്നു വാഴ്കിൽ
പാരലകാശാദിപമായ് അതി-
യാതുരമേദിനിയിൽ
ആഗതയായ നായികയേ, ജയ!
വാഴ്കനീ സതതം.
(അഗതികൾ...)
മേളിതരാഗാൽ പാട്ടുകെൻനാവേ
കോമളമായ് ശ്രീമേരിയിൻ
പാവനനാമം വാസരമെല്ലാം
ശോകസംഹാരം ഭൂമിയിൽ
വാനവറാണി നീതിയും
ശുഭപൂരിതമാം നിലയും
നേടി ഉദാരി, ഏകണമേ ജയ!
വാഴ്കനീ സതതം;
(അഗതികൾ...)
കാകളീഗാനം പാട്ടുകെൻനാവേ
കോമളമായ് ശ്രീമേരിയിൻ
സംസ്തുതിയോതും ഗീതികളെന്നും
സംഗമമോടെ സാദരം
സ്വർവരമാം നീർ തൂകിടും
ചെറുമോഹനനിമ്നഗയാം
ആദരണീയമാനിനിയെ, ജയ!
വാഴ്ക നീ സതതം!
(അഗതികൾ...)

(പുഷ്പനായകം)

# ആ വക്കീൽസ്നേഹിതന്റെ ചോദ്യം

(വി. സി. ജോർജ്ജ്)

ഞങ്ങൾ ഒക്ടോബർ 16-ാം തീയതി തോട്ടാശ്ശേരി മത്തച്ചന്റെ ശവമഞ്ചത്തിനു ചുറ്റും, ആ സഹൃദയശിരോമണിക്ക് അന്തിമോപചാരകൃത്യം നിർവ്വഹിക്കുവാൻ കൂടിയിരിക്കുകയായിരുന്നു. പരേതന്റെ അടുത്ത ചാർച്ചക്കാരോ ബന്ധുക്കളോ കളത്രപുത്രാദികളോ മാത്രമല്ല അവിടെ സന്നിഹിതരായത്. ദുഃഖാർത്തരുടെ വിപുലതരമായ ഒരു വൃത്തം അവിടെ പ്രത്യക്ഷീഭവിച്ചു. സേവനസന്നദ്ധമായ ഒരു ഹൃദയത്തിന് ജാതിമതാദിപരിധികളെ ഉല്ലംഘിച്ച് എത്ര ദൂരമെങ്കിലും സഞ്ചരിക്കാമെന്നു ആ ജനസഞ്ചയം പ്രസ്പഷ്ടമാക്കി ഓരോ മുഖത്തും ശോകമുദ്ര ആഴമായി പതിഞ്ഞു. കത്തോലിക്കനെന്നോ അകത്തോലിക്കനെന്നോ, ഹിന്ദുവെന്നോ മുസ്ലീമെന്നോ ഉള്ള വ്യത്യാസം താദൃശവികാരാവേശം സംബന്ധിച്ചിടത്തോളം തെല്ലുമില്ലായിരുന്നു. മത്തച്ചൻ മുൻസിപ്പൽ കൗൺസിലർ, പഞ്ചായത്തുജഡ്ജി, പ്രജാസഭാമെമ്പർ ഇത്യാദി വിവിധനിലകളിൽ പ്രശംസാർഹമായി പ്രവർത്തിച്ചിരുന്നു. പ്രസ്തുത പ്രവർത്തനമണ്ഡലങ്ങളിലെ സേവനമല്ലാ അദ്ദേഹത്തിനു് അനേകസഹസ്രം സുഹൃത്തുക്കളെ സമ്പാദിച്ചതു്. കൈയും കാലും, വാക്കും നോക്കുംകൊണ്ടു് പരോപകാരം ചെയ്യുവാൻ മത്തച്ചനുണ്ടായിരുന്ന പ്രാവീണ്യമാണു് അദ്ദേഹത്തെ സർവ്വരുടേയും കണ്ണിലുണ്ണിയായി ചമച്ചതു്. അന്തിമാർച്ചനയ്ക്കായി സമ്മേളിച്ചവരിൽ ചിലർ കൈലേസുകൊണ്ടു് മുഖം കൂടെക്കൂടെ ഉടയ്ക്കുന്നതും, ചിലർ കണ്ണുനീരൊഴുക്കുന്നതും, ഒട്ടുവളരെ നിറഞ്ഞ കണ്ണുകളിൽനിന്നു് അശ്രുകണങ്ങൾ പൊഴിയുന്നതും, ചിലർ ദീർഘശ്വാസനത്താൽ മെയ്‌വിറപ്പിക്കുന്നതും, ചിലർ മൗനം ഭഞ്ജിക്കാതെ നിലകൊള്ളുന്നതുമൊക്കെ അകൃത്രിമമായ ശോകത്തള്ളലിന്റെ ബഹിർപ്രവാഹം മാത്രമായിരുന്നു. രോഗബാധിതനു വളരെ ശ്രമിച്ചിട്ടും കിട്ടാതിരുന്ന പെയ്‌വാർഡ്പ്രവേശനം ലഭിച്ചു, വിദ്യാർത്ഥിക്ക് ആഗ്രഹിച്ച വിഷയമെടുത്തു് ഉപരിപഠനം നടത്തുവാൻ അഡ്‌മിഷൻകിട്ടി, പ്രതികളെ മർദ്ദിക്കാതെ ക്രിമിനൽകേസ്സ് അധികാരികളുടെ സഹകരണത്തിൽ അവസാനിച്ചു, നിലമുടമസ്ഥനും താറാവുകാരനും തമ്മിൽ അടിയിലും ഇടിയിലും എത്തിയ വാശിയും വഴക്കും ഒതുങ്ങിത്തീർന്നു, മുരടിച്ചുകഴിഞ്ഞ പരീക്ഷാവിജയി ഉദ്യോഗത്തിൽകയറി, നിരാശയിൽ വർത്തിച്ച സർവ്വീസുകാരനു പ്രമോഷനു വഴിതുറന്നു, ചേരികൾ അതിർത്തിതർക്കം കശപിശകൂടാതെ അവസാനിച്ചു, സ്ത്രീധനസംഖ്യസംബന്ധിച്ച അഭിപ്രായവ്യത്യാസംമൂലം മാസങ്ങൾ പലതാലോചനയിൽ കഴിഞ്ഞ വിവാഹസംഗതി അവസാനതീരുമാനത്തിലെത്തി, സംഘടനയിലെ തർക്കം ശിക്ഷണനടപടി കൂടാതെ കലാശിച്ചു, ഇങ്ങനെ എത്രയെത്ര കാര്യങ്ങളാണു് മത്തച്ചന്റെ സ്നേഹമസൃണമായ സൗമനസ്യവും സന്നദ്ധതയും ക്ഷമാശീലവും നയവിശേഷവും പൊതുജനസമ്മതിയുംമൂലം തുടരെത്തുടരെ നടന്നിട്ടുള്ളതെന്നു കണക്കില്ല. നിസ്സ്വാർത്ഥമായസേവനത്തിന്റെ നീണ്ട ചരിത്രമാണു് ശ്രീ മത്തച്ചനുണ്ടായിരുന്നതു്. പരോപകാരപ്രവർത്തനങ്ങളുടെ വമ്പിച്ച കൂമ്പാരമാകുന്നു അദ്ദേഹത്തിന്റെ സ്വാർജ്ജിതസമ്പത്തു്. എന്നിരുന്നാലും കൂടിയിരുന്നവരിൽ ഒരു ഭാഗത്തിനു് ദുർഗ്രഹമായ ചേഷ്ടകളും അവിടെ നടന്നു.

ഒട്ടുവളരെ ആളുകൾ ശവമഞ്ചത്തെ സമീപിച്ച്, മുട്ടുകുത്തി, സ്വർഗ്ഗത്തിലേക്ക് ഹൃദയമുയർത്തി, പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അഭിഭാഷകാഗ്രേസരരും, കോളേജ് പ്രഫസറന്മാരുൾപ്പെട്ട പണ്ഡിതശിരോമണികളും, വർത്തകപ്രമാണികളും, ഭിഷഗ്വരപ്രമുഖരും, കലാസമ്പന്നരും, സാഹിത്യപ്രവർത്തകരും, കർഷകപ്രധാനരും പ്രാർത്ഥനാനിരതരുടെ ഈ ഗണത്തിൽപെട്ടു. ഇവർ ദുഃഖാർത്തരിൽതന്നെ ഒരു ഭാഗത്തിന്റെ അനുകമ്പാവിഷയമാകുകയുംചെയ്തു. മദ്ധ്യശതകങ്ങളിലെ അന്ധവിശ്വാസപടലോൽഭ്രതമായ കരിനിഴൽ കത്തോലിക്കരിൽ ഇപ്പോഴും നിലനില്ക്കുന്നുവല്ലോയെന്നു കരുതി ചിലർ വിസ്മയിച്ചു. വല്ല ഗുണവുമുണ്ടാകുമെങ്കിൽ പരേതന്റെ ആത്മാവിനതു് ലഭിച്ചുകൊള്ളട്ടെയെന്നു ചിന്തിച്ച് ചിലർ മൗനാനുവാദം മൂളി. നിഷ്കാപട്യത്തിന്റെ കനകകിരണങ്ങൾ ചുറ്റും വിതറിയ ഒരു മുഖത്തുനിന്നു് ഒരു ചോദ്യം പുറപ്പെട്ടു. അതിന്റെ കർത്താവ് ഒരു അകത്തോലിക്കാ വക്കീൽസ്നേഹിതനായിരുന്നു, "ഇപ്പോൾ എന്തിനായിട്ടാണീ പ്രാർത്ഥന?" അടുത്തിരുന്ന ഒരു കത്തോലിക്കാസഹോദരനോട് ഏ



മാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

ഏ. ജോസഫ് ഫർണാണ്ടസ്
സെലേററർ, സിംഗപ്പൂർ 27

റവും മുഖ്യസ്വരത്തിൽ ചെയ്ത ചോദ്യം ആരുതന്നെ ആദരിക്കുകയില്ല! "മരിച്ച ആളിന്റെ ആത്മാവിനു് നിത്യാശ്വാസം ലഭിക്കുവാൻ" എന്നു് കത്തോലിക്കാഭാഗത്തുനിന്നു സമാധാനം നൽകി.

"മരിച്ച ആളിന്റെ ആത്മാവു് സംസാരബന്ധത്തിൽനിന്നു സ്വാതന്ത്ര്യംലഭിച്ചു പരിശുദ്ധി പ്രാപിച്ചതുകൊണ്ടു് ആ ആത്മാവിനു നമ്മുടെ പ്രാർത്ഥനകൊണ്ടു് പ്രയോജനമില്ലല്ലോ. നമുക്കു് നന്മ കൈവരുത്തുവാൻ നാം ആ ആത്മാവിനോടു പ്രാർത്ഥിക്കുകയല്ലേ വേണ്ടതു്?" വീണ്ടും ഒരു ചോദ്യം.

"അപ്പോൾ ഏതൊരാളിനും വിശുദ്ധപദപ്രാപ്തിക്കു് മരണം ഒരു പാസ്പോർട്ടാകുമല്ലോ. ലൗകികജീവിതത്തിന്റെ അവസ്ഥ അനുസരിച്ച് ചിലരുടെ ആത്മാക്കൾ മരണത്തോടുകൂടി സംസാരവിമുക്തരായി വിശുദ്ധിയിൽ എത്തിയെന്നും മററു ചിലരുടെ ആത്മാക്കൾക്കു് മരണത്തോടുകൂടി പരിപൂർണ്ണമായ വിശുദ്ധി കൈവന്നില്ലെന്നുംവരാം. ആകയാലാണു് മരിച്ചവരുടെ ആത്മാക്കൾക്കു് പരിശുദ്ധിയുണ്ടാകുവാനായി പ്രാർത്ഥിക്കേണമെന്നു വ്യവസ്ഥയുള്ളതു്. പ്രവാസികളുടെ അപേക്ഷ ഏതെങ്കിലും ഒരാത്മാവിന്റെ കാര്യത്തിൽ ആവശ്യമില്ലെന്നു വന്നാൽ അപേക്ഷ ഫലശൂന്യമാകാതെ ആവശ്യമുള്ള ആത്മാക്കൾക്ക് ഉപകാരപ്രദമാകത്തക്കവണ്ണം സംഗതികൾ പരമകാരുണികനായ ദൈവം നിയന്ത്രിച്ചുകൊള്ളുമെന്നാണു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. കത്തോലിക്കാഭാഗത്തെ ഈ സമാധാനം പ്രശ്നകർത്താവിനെ എത്രമാത്രം തൃപ്തിപ്പെടുത്തിയെന്നറിയുന്നില്ല. ആ രഹസ്യസംഭാഷണം തുടർന്നുമില്ല.

II

നിത്യസൗഭാഗ്യരംഗമായ സ്വർഗ്ഗവും നിത്യശിക്ഷാരംഗമായ നരകവും ഇവയ്ക്കു പുറമെ, മൂന്നാമതൊരു രംഗം, ഒരു ശുദ്ധീകരണരംഗവും ഉണ്ടെന്നുള്ള ക്രൈസ്തവസഭയുടെ വിശ്വാസവും ഉപദേശവുമാണല്ലോ മരിച്ചവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമ്മെ നിർബന്ധിക്കുന്നതു്. നിസ്സാരമായ കളങ്കമോ കറയോപോലും ഇല്ലാത്ത ആത്മാവിനുമാത്രമേ സ്വർഗ്ഗത്തിൽ സ്ഥാനം ലഭിക്കുകയുള്ളു. നിത്യശിക്ഷയ്ക്കർഹരാകത്തക്കവണ്ണം അത്രയ്ക്കു പാപപങ്കിലമാകാത്തവരുടെ ആത്മാക്കൾ, പീഡനമേററും തപോജപങ്ങൾ, പരിത്യാഗങ്ങൾ ഇവമൂലവും പാപക്കറകളഞ്ഞു സ്വർഗ്ഗപ്രവേശനത്തിനുള്ള അർഹത സമ്പാദിക്കേണ്ടിയിരിക്കുന്നു. ഈ അർഹത സമ്പാദിക്കുന്നതിനുള്ള രംഗമാണു്, അഥവാ സ്ഥലമത്രെ ശുദ്ധീകരണസ്ഥലം(Purgatory) എന്നു വ്യവഹരിക്കപ്പെടുന്നതു്. വെളിപാടു് 21-ാം അദ്ധ്യായം 27-ാം വാക്യവും വി. മത്തായി 5-ാം അദ്ധ്യായം 26-ാം വാക്യവും ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വത്തെ പ്രഖ്യാപിക്കുന്നു. പാപത്തിനുള്ള നിത്യശിക്ഷ യഥാർത്ഥ കുമ്പസാരംമൂലം നീങ്ങുന്നുവെങ്കിലും അവശേഷിക്കുന്ന അനിത്യശിക്ഷ സ്വന്തം പ്രയത്നംമൂലമോ ഇതരന്മാരുടെ പ്രവർത്തനങ്ങൾമൂലമോ റദ്ദാകാത്തപക്ഷം സ്വർഗ്ഗപ്രാപ്തി അസാദ്ധ്യംതന്നെ. ഈ ലോകത്തിൽവെച്ചോ ശുദ്ധീകരണസ്ഥലത്തിൽവച്ചോ വെളിപാടിലെ "അത്യല്പമാലിന്യം" കഴുകിക്കളയേണ്ടതും വി. മത്തായിയുടെ സുവിശേഷത്തിൽ പ്രസ്താവിക്കുന്ന "അവസാനത്തെ ചില്ലിക്കാശു്" വീട്ടിത്തീർക്കേണ്ടതും ആത്മാവിന്റെ സ്വർഗ്ഗപ്രാപ്തിക്കവശ്യാവശ്യമാകുന്നു.

കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നു വേർപെട്ടുനില്ക്കുന്ന അർമേന്യൻസഭയും യൗനായസഭയും മററു ചില പൗരസ്ത്യസഭകളും "ശുദ്ധീകരണസ്ഥല"ത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും അവസാനവിധിക്കുശേഷം മരിച്ചവരുടെ ആത്മാക്കൾ സ്വർഗ്ഗമോ, നരകമോ പ്രാപിക്കുവാൻ അർഹരാകുന്നതുവരെ അവ വിശ്രമിക്കേണ്ടുന്ന ഒരു മദ്ധ്യസ്ഥലം ഉണ്ടെന്നു സമ്മതിക്കുന്നുണ്ടു്. ഇതോടൊപ്പം തന്നെ പരേതരുടെ ആത്മാനുകൂല്യാർത്ഥം അവർ ദിവ്യബലികളും തപജപങ്ങളും അർപ്പിക്കുകയും ചെയ്യുന്നു.

മരിച്ചവരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള ബലികളും തപോജപങ്ങളും പരിത്യാഗങ്ങളും ക്രൈസ്തവസഭയിൽ നടപ്പിലിരിക്കുന്നതു് വേദപുസ്തകത്തിലെ വാക്യങ്ങൾ അടിസ്ഥാനമാക്കിയാണെന്നുള്ളതു് ശ്രദ്ധാർഹമാണു്. യുദ്ധത്തിൽ മരിച്ച യഹൂദഭടന്മാരുടെ പാപമോചനത്തിനും ആത്മശാന്തിക്കുമായി യൂദാമക്കബായ എന്ന സൈന്യാധിപൻ പന്തീരായിരം വെള്ളിനാണയങ്ങൾ ശേഖരിച്ചു ബലിസമർപ്പണാർത്ഥം യെറുശലെമിലേക്കയച്ച വിവരം പഴയ നിയമത്തിലെ മക്കാബായക്കാരുടെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ചില ക്രൈസ്തവസഭാവിഭാഗങ്ങൾ "ശുദ്ധീകരണസ്ഥലം" റദ്ദാക്കുവാനായിരിക്കാം, മക്കാബായക്കാരുടെ ഗ്രന്ഥം അനംഗീകൃതവേദഗ്രന്ഥമായി സങ്കല്പിക്കുന്നുണ്ടെങ്കിലും സഭാപിതാക്കളും സൂനഹദോസുകളും ആ ഗ്രന്ഥത്തെ അധികൃതവും അംഗീകൃതവുമായിട്ടാണു് പരിഗണിക്കുന്നതു്. പല സഭാപിതാക്കന്മാരുടെയും സൂനഹദോസുകളുടെയും നാമങ്ങൾ പ്രസ്താവിക്കുവാനുണ്ടെങ്കിലും തന്റെ കാലത്തു് മക്കബായഗ്രന്ഥം അംഗീകൃതവും ഈശ്വരനിവേശിതവുമായി സാർവ്വത്രികസഭ സ്വീകരിച്ചിരുന്നുവെന്നു വി. ആഗുസ്തീനോസ് അഭിപ്രായപ്പെട്ടിട്ടുള്ളതു് പ്രകൃതത്തിനു മതിയാകുമെന്നു കരുതുന്നു.

ഒരുവന്റെ മരണാനന്തരവും അയാളുടെ ആത്മാവിനു പാപപരിഹാരം ചെയ്യുവാൻ സാദ്ധ്യമാണെന്നും പാപമോചനത്തിനവസരമുണ്ടെന്നും നമ്മെ അനുസ്മരിപ്പിക്കുന്ന പുതിയ നിയമ വാക്യങ്ങളെ മുകളിൽ സൂചിപ്പിച്ചിട്ടുണ്ടു്. "മനുഷ്യപുത്രനെതിരായി സംസാരിക്കുന്നവന്റെ പാപം മോചിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി സംസാരിക്കുന്നവന്റെ പാപം ഈ ലോകത്തിലോ ഭവിഷ്യല്ലോകത്തിലോ മോചിക്കപ്പെടുകയില്ല." (St. mathew 12:32) ഈ വാക്യവും നമ്മുടെ ചർച്ചയ്ക്കുപകരിക്കുന്നതാണു്. ഭവിഷ്യല്ലോകത്തിൽ പാപമോചനം സുസാദ്ധ്യമാണെന്നുതന്നെയാണല്ലോ ഇതിന്റെ സാരം. ആ ഭവിഷ്യല്ലോകം ഒരിക്കലും നരകമായിരിക്കുകയില്ല. കത്തോലിക്കാസഭ ഉപദേശിക്കുന്ന ശുദ്ധീകരണസ്ഥലമാണെന്നു വിശദമാണു്.

III

അപ്പോസ്തലന്മാരുടെ സമകാലികനും വി. പൗലോസ് അപ്പോസ്തലന്റെ ശിഷ്യനുമായ വി. ഡയനിഷ്യസ് അരയൊപ്പഗിത്തൻ, മൃതന്റെ ശരീരത്തെ സമീപിച്ച പുരോഹിതൻ ജപോച്ചാരണം ചെയ്തു്, മാനുഷികദൗർബല്യംമൂലം പരേതനുണ്ടായ തെററുകൾ ക്ഷമിക്കുവാനും ജീവിക്കുന്നവരുടെ പ്രകാശത്തിലേക്കും സഹവാസത്തിലേക്കും അയാളെ ചേർക്കുവാനും ദൈവകൃപ പ്രാർത്ഥിക്കുന്ന ആദിമ ക്രൈസ്തവസഭയിലെ ആചാരത്തെപ്പററി എഴുതിയിട്ടുണ്ടു്. മൃതന്റെ ആത്മാവാകട്ടെ അയാളുടെ തെററുകൾ ക്ഷമിക്കപ്പെടുന്നതിനുമുമ്പും പിമ്പും ഒരേസ്ഥലത്തും സ്ഥിതിയിലും ആയിരിക്കുകയില്ലെന്നുള്ള വിവക്ഷയാണല്ലോ പ്രസ്തുത പൂർവ്വികപ്രാർത്ഥനയ്ക്കടിസ്ഥാനം. പറുദീസായിൽ പ്രവേശിക്കുന്നതിനു മുമ്പായി തെററുകളിൽനിന്നും ശിക്ഷകളിൽനിന്നും മൃതന്റെ ആത്മാവു മോചനം പ്രാപിക്കേണ്ടതാവശ്യമായി മേൽപ്രകാരം പ്രാർത്ഥിച്ചവർ വിശ്വസിച്ചിരുന്നു. അങ്ങനെയുള്ള മോചനപ്രാപ്തിക്കുള്ള സ്ഥലമാണു് ശുദ്ധീകരണസ്ഥലമെന്നു നിർദ്ദേശിക്കുന്നതു്. മൂന്നാംശതകത്തിൽ ജീവിച്ചിരുന്ന ഒരിജെൻ എഴുതിയിരിക്കുന്നു: "രക്ഷ പ്രാപിക്കുന്നവൻ അഗ്നിമൂലം അപ്രകാരം ചെയ്യുന്നു. സ്വർണ്ണത്തിൽ കൂട്ടുചേരാവുന്ന ഈയ്യത്തിന്റെ അംശത്തെ അഗ്നി നശിപ്പിച്ച് സ്വർണ്ണത്തെ ശുദ്ധമാക്കുന്നവിധത്തിൽ അഗ്നിമൂലം എല്ലാവരും ശുദ്ധീകൃതരായി സ്വർഗ്ഗത്തിൽ എത്തുന്നു." ഒരിജെൻ ഉദ്ദേശിക്കുന്ന അഗ്നി തീർച്ചയായും നരകാഗ്നി ആയിരിക്കുകയില്ലാ. നരകത്തിലെ അഗ്നി പീഡനത്തിനുമാത്രമുള്ളതാണു്, ശുദ്ധീകരണത്തിനുള്ളതല്ലാ. നരകാഗ്നിയിൽ നിപതിക്കുന്ന ആത്മാക്കൾക്കു് സ്വർഗ്ഗപ്രാപ്തി ഒരിക്കലും സാദ്ധ്യവുമല്ലാ. ആകയാൽ ഒരിജെന്റെ പ്രതിപാദനം തീർച്ചയായും ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയെപ്പററി മാത്രമാകുന്നു. തന്റെ മരണാനന്തരം സ്വജനങ്ങൾ തന്റെ ആത്മശാന്തിക്കായി കൂടെക്കൂടെ പ്രാർത്ഥിക്കേണമെന്നു നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. അപ്രേം രേഖാമൂലം അഭ്യർത്ഥിച്ചിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥന വി. ബസീലിയോസ് അദ്ദേഹം രചിച്ച വൈദികക്രമത്തിൽ എഴുതിച്ചേർത്തിരുന്നുവെന്നുള്ളതും സ്മരണീയമാണു്. യെറുശലേമിലെ വി. സിറിൽ അദ്ദേഹത്തിന്റെ കാലത്തു് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന കുർബ്ബാനയുടെ മദ്ധ്യേ ഉപയോഗത്തിലിരുന്നതായി ഉൽബോധിപ്പിക്കുന്നു. കൊൺസ്റ്റൻറയിൻ ചക്രവർത്തി വിശ്വാസികളുടെ പ്രാർത്ഥനകൾ തന്റെ ആത്മാനുകൂലാർത്ഥം ധാരാളമുണ്ടാകുവാൻ വേണ്ടി സ്വന്തം മൃതശരീരം ഒരു സുപ്രസിദ്ധദേവാലയത്തിൽ സംസ്കരിക്കുവാൻ ആവശ്യപ്പെട്ടുവെന്നു് ചക്രവർത്തിയുടെ ചരിത്രത്തിൽ എവുസേബിയൂസ് രേഖപ്പെടുത്തിയിട്ടുണ്ടു്. "നമ്മുടെ ആത്മാക്കളെയും നമ്മുടെ മുന്നോടികളായി വിശ്രമസ്ഥലത്തേക്കു പ്രയാണം ചെയ്തിട്ടുള്ള നമ്മുടെ സഹോദരന്മാരുടെ ആത്മാക്കളെയും ദൈവത്തിന്റെ കാരുണ്യത്തിന്നായി നമുക്കു് ഏല്പിച്ചുകൊടുക്കാം" എന്നിങ്ങനെ വി. ഗ്രിഗോറിയോസ് നസിയെൻസ്യൻ എഴുതുകയുണ്ടായി. വിശ്രമസ്ഥലം പ്രയാണലക്ഷ്യമല്ലല്ലോ. ആകയാൽ ഉദ്ധൃതവാക്യം മോക്ഷപ്രാപ്തിക്കു മുമ്പുള്ള ശുദ്ധീകരണരംഗത്തെ സൂചിപ്പിക്കുന്നുവെന്നു അനുമാനിക്കണം.

അഞ്ചാംശതകത്തിൽ ജീവിച്ച വേറൊരു സിദ്ധൻ, വി. ഗ്രിഗോറിയോസ് നിസേനൻ പറയുന്നു: "ശരീരത്തിൽനിന്നു നിർഗ്ഗമിക്കുന്ന ആത്മാവിന്റെ ദീപ്തി കുറയ്ക്കുന്ന മാലിന്യങ്ങൾ ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയാൽ നശിപ്പിക്കപ്പെടുന്നതിനുമുമ്പ് ദൈവികസൗഭാഗ്യം അനുഭവിക്കുവാൻ അതിനു സാധിക്കുകയില്ല." ഈ അഭിപ്രായംതന്നെ വി. എപ്പിഫാനിയോസിനും ഉണ്ടായിരുന്നു. ശുദ്ധീകരണസ്ഥലം എന്നതിനെ നിരാകരിച്ച അരിയൂസിനെ ആദ്ദേഹം പാഷണ്ഡിയായി പരിഗണിച്ചതിതുകൊണ്ടായിരുന്നു. അരിയൂസിന്റെ സമകാലികരായ പൗരസ്ത്യസഭാംഗങ്ങൾ ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വത്തിൽ സാമാന്യമായി വിശ്വസിച്ചിരുന്നുവെന്നാണു് ഇതിൽനിന്നു ധരിക്കേണ്ടതു്. മൂന്നാംശതകത്തിന്റെ ആരംഭംമുതൽ പരേതരുടെ ചരമവാർഷികങ്ങൾ പ്രത്യേകപ്രാർത്ഥനകളോടും കാഴ്ചകളോടും ആചരിക്കുക പതിവായിരുന്നുവെന്നത്രെ സഭാപിതാവായ തെർത്തുല്യന്റെ സാക്ഷ്യം. ഇപ്രകാരമെല്ലാം ആലോചിക്കുമ്പോൾ മരിച്ചവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതും, ഉപവസിക്കുന്നതും ബലികളർപ്പിക്കുന്നതും ഉത്തമമായ ഭക്തികൃത്യമാണെന്നു സുവേദ്യമത്രെ. ഈ വിഷയത്തിലും കത്തോലിക്കാസഭ സുവിശേഷതത്വങ്ങൾക്കും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾക്കും പാരമ്പര്യത്തിനും അനുയുക്തമായവിധംതന്നെ വർത്തിക്കുന്നു.

—o—

# മാതൃകാബാലൻ

## മുളയിലറിയാം മുളക്കരുത്തു്

(ഫാദർ പീററർ വട്ടപ്പറമ്പിൽ)

ഡോമിനിക്ക സാവിയോ ചീയേരിക്ക സമീപമുള്ള റിവായ്ൽ 1842 ഏപ്രിൽ 2-ാംനു ഭൂജാതനായി. മാതാപിതാക്കന്മാരായിരുന്ന ചാർസ് സാവിയോയും ബ്രിജീററും ടൂറിനിൽനിന്നു ഏകദേശം 10 മൈൽ അകലമുള്ള കാസൽനോവ ദി ആസ്റ്റി എന്ന ഡിസ്ട്രിക്ടിലാണു് ആദ്യം താമസിച്ചിരുന്നതു്. അനന്തരം തൊഴിലില്ലായ്മയും ദാരിദ്ര്യവുംമൂലം 1841ൽ അവർ റിവായ്ക്കു പോകുവാൻ നിർബന്ധിതരായി. ചാർസിനു ചെറുപ്പത്തിലേ പരിചയമുണ്ടായിരുന്ന കൊല്ലപ്പണിയാണു് അവിടെ അയാൾ തുടർന്നതു്. ജ്ഞാനസ്നാനത്തിൽ കുഞ്ഞിനു നൽകിയ നാമം പ്രാധാന്യമർഹിക്കാതിരുന്ന ഡോമിനിക്കു് എന്നായിരുന്നു. പക്ഷെ ആ പേരു കുഞ്ഞിനു അഭിനിവേശത്തിനു കാരണമായി ഭവിച്ചു.

ഡോമിനിക്കിനു രണ്ടു വയസ്സായപ്പോൾ അവരെല്ലാവരും കുടുംബസംബന്ധമായ കാരണങ്ങൾകൊണ്ടു് കാസൽനോവ ദി ആസ്റ്റിയിലേക്ക തിരിച്ചുപോകയും മുരിയൽഡോ എന്ന ഗ്രാമത്തിൽ താമസമുറപ്പിക്കയുംചെയ്തു.

ഡോമിനിക്കിന്റെ മാതാപിതാക്കന്മാർ അവനെ അതിമാത്രം സ്നേഹിച്ചു. തന്മൂലം അവനു് ഒരു നല്ല ക്രിസ്തീയവിദ്യാഭ്യാസം നൽകുവാൻ അവർ നിശ്ചയിച്ചു. അവൻ പ്രകൃത്യാ സുശീലനും ഭക്തനുമായിരുന്നു; അവന്റെ ഓർമ്മശക്തിയോ ആശ്ചര്യകരം. വെറും നാലുവയസ്സു മാത്രം പ്രായമായിരുന്നപ്പോൾതന്നെ പ്രഭാതപ്രാർത്ഥനകളും രാത്രിജപങ്ങളും അവൻ ഹൃദിസ്ഥമാക്കിയിരുന്നു. മിക്ക കുട്ടികളും ആ പ്രായത്തിൽ കുസൃതികളാണെങ്കിലും ഡോമിനിക്ക മിക്കപ്പോഴും അമ്മയെ സമീപിക്കയും എല്ലാ കാര്യത്തിലും അമ്മയുടെ ഹിതാനുവർത്തിയായിരിക്കയുമാണു ചെയ്തതു്. അവളിൽനിന്നു് അകന്നുപോയെങ്കിൽ അതു വല്ല മൂലയിലും ഏകനായി മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു.

അവന്റെ അച്ഛനമ്മമാർ പറയുകയാണു്: മിക്ക കുഞ്ഞുങ്ങളും അവരുടെ ശ്രദ്ധക്കുറവുമൂലം അമ്മമാർക്കു് മിക്കവാറും ശല്യമായിരുന്ന ആ ഇളംപ്രായത്തിൽ, എന്തും കാണുവാനും പിടിച്ചു വൃത്തിഹീനമാക്കുവാനും വെമ്പൽകൊള്ളുന്ന ആ പ്രായത്തിൽ, ഡോമിനിക്ക ഞങ്ങൾക്ക യാതൊരാകുലതയ്ക്കും കാരണമായിരുന്നില്ല. ഞങ്ങളെ അനുസരിക്കുന്നതിൽ അവൻ ആനന്ദം കാണുകമാത്രമല്ല, എന്തെങ്കിലും ഒന്നു ചെയ്യുന്നതു ഞങ്ങൾക്ക പ്രിയങ്കരമായിരിക്കുമെന്നു കണ്ടാൽ ഞങ്ങൾ പറയാതെ തന്നെ അവൻ അതു ചെയ്യുമിരുന്നു.

അവന്റെ പിതാവു ജോലികഴിഞ്ഞു വന്നപ്പോഴൊക്കയും അവൻ നൽകിയ സ്വാഗതം എത്ര സ്നേഹസമ്പൂർണ്ണമായിരുന്നു! ഡോമിനിക്ക പിതാവിന്റെ അടുക്കലേക്കു് ഓടിച്ചെല്ലുകയും അദ്ദേഹത്തിന്റെ കൈക്കു പിടിച്ചും ചിലപ്പോഴെല്ലാം തോളിൽ കെട്ടിപ്പിടിച്ചും "പ്രിയപ്പെട്ട അപ്പച്ചാ, അങ്ങു വളരെ ക്ഷീണിച്ചുകാണുമല്ലോ. അങ്ങു് എനിക്കുവേണ്ടി എത്ര അധികം അദ്ധ്വാനിക്കുന്നു! ഞാനോ എന്നാൽ ഇതുനാളും അങ്ങേക്കു് ഒരുപദ്രവകാരി മാത്രം. അങ്ങേക്കും അമ്മയ്ക്കും ആരോഗ്യം നൽകണമേ എന്നും എന്നെ ഒരു നല്ല കുഞ്ഞാക്കിത്തീർക്കണമേ എന്നും ഞാൻ ദൈവത്തോടപേക്ഷിക്കും" എന്നു പറഞ്ഞിരുന്നു.



ബാലനായ വിശുദ്ധ ഡോമിനിക്കു് സാവിയോ

അദ്ദേഹം വീട്ടിൽ വന്നാലുടൻ ഡോമിനിക്ക പിതാവിനു് ഒരു കസേര കൊണ്ടുവന്നുകൊടുക്കയും നിരവധി സ്നേഹപ്രകടനങ്ങൾകൊണ്ടു് അദ്ദേഹത്തെ പുളകംകൊള്ളിക്കയുമായി. "ഞാൻ ക്ഷീണിച്ചിരുന്നപ്പോൾ" പില്ക്കാലത്തു് ആ പിതാവു പറയുകയാണു്, "അതൊക്കെ എനിക്ക വളരെ ആശ്വാസകരമായിരുന്നു. അതുകൊണ്ടാണു് എന്റെ സർവ്വസ്വമായിരുന്ന ഡോമിനിക്കിനു് ഉമ്മവയ്ക്കുവാൻ വേണ്ടി വീട്ടിലേക്ക തിരിച്ചുവരുവാൻ എനിക്കു് അത്യാശ തോന്നിയിരുന്നതു്."

പ്രായം കവിഞ്ഞതായിരുന്നു അവന്റെ ഭക്തി. നാലുവയസ്സായപ്പോഴേക്കും ഉഷഃകാലജപത്തിന്റെയോ സന്ധ്യാനമസ്കാരത്തിന്റെയോ ഭക്ഷണസമയത്തുള്ള പ്രാർത്ഥനയുടെയോ രാത്രികാലജപത്തിന്റെയോ കാര്യം അവനെ ഓർമ്മിപ്പിക്കേണ്ട ആവശ്യമില്ലാതായി. മാതാപിതാക്കന്മാർ മറന്നുപോയ സന്ദർഭങ്ങളിൽ അവരെ അവൻ ഓർമ്മിപ്പിക്കയാണു് ചെയ്തിരുന്നതു്.

ഒരിക്കൽ ഏതോ ശബ്ദംമൂലം ഉളവായ അശ്രദ്ധകൊണ്ടു് അവന്റെ സ്വന്തക്കാർ പ്രാർത്ഥിക്കാതെ ഭക്ഷണത്തിനിരുന്നു. ഡോമിനിക്ക് ഇതു കണ്ടുകൊണ്ടു പറഞ്ഞു: "അപ്പച്ചാ, നമ്മുടെ ഭക്ഷണം വാഴ്ത്തണമെന്നു നാം ദൈവത്തെ പ്രാർത്ഥിച്ചില്ലല്ലോ." അനന്തരം അത്രയും സമയം നിശ്ശബ്ദമായിരുന്നതിനു പരിഹാരം ചെയ്യുവാനോ എന്നു തോന്നുമാറു് വലിയ സ്വരത്തിൽ കുരിശടയാളം വരച്ചുകൊണ്ടു് അവൻ ആ തെററു് ഉടൻ പരിഹരിക്കയാണുണ്ടായതു്.

വേറൊരിക്കൽ വീട്ടിൽ വന്ന ഒരു സന്ദർശകൻ പ്രാർത്ഥിക്കയോ അല്പമാത്രമായ ബഹുമാനമെങ്കിലും കാണിക്കയോ ചെയ്യാതെ ഭക്ഷണത്തിനിരുന്നു. ഇക്കാര്യം അദ്ദേഹത്തോടു നേരിട്ടു പറയുവാൻ തുനിയാതെ ഡോമിനിക്ക മ്ലാനവദനനായി ഒരു മൂലയിലേക്ക പോയി. അവ്വിധം വർത്തിച്ചതിന്റെ അർത്ഥമെന്തെന്നു പിന്നീടു ചോദിച്ചപ്പോൾ അവൻ പ്രതിവചിച്ചതു്, "മൃഗങ്ങളെപ്പോലെ ഭക്ഷിക്കുന്ന ഒരുവനോടു കൂടിയിരുന്നു ഭക്ഷിക്കുക എനിക്ക സാദ്ധ്യമല്ല" എന്നായിരുന്നു.

ഇത്ര ചെറുപ്പമായ ഒരാളിലെ ദൈവാനുഗ്രഹത്തിന്റെ പ്രവർത്തനങ്ങളെ അവിടത്തെ വികാരിയച്ചൻ ആശ്ചര്യത്തോടെ വീക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ എഴുത്തിൽനിന്നു് ഒരുഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ. "ഞാൻ ഈ മുറിയൽഡോയിൽ നിയമിതനായ ശേഷം വിനാവിളംബം എന്റെ ശ്രദ്ധയെ പ്രത്യേകവിധം ആകർഷിച്ചതു് ഏകദേശം അഞ്ചുവയസ്സുള്ള ഒരു ബാലനായിരുന്നു. അവന്റെ അമ്മയാണു് അവനെ പള്ളിയിൽ കൊണ്ടുവന്നിരുന്നതു്. അവന്റെ സ്വഭാവശാന്തതയും ബഹുമാനസൂചകമായ പെരുമാററവും എന്റെയും മററു പലരുടെയും ശ്രദ്ധയെ ആകർഷിച്ചു. പള്ളിയിലേക്കുള്ളവഴി അറിയാറായതിൽപിന്നെ ചിലപ്പോഴെല്ലാം വാതിൽ തുറക്കുന്നതിനു മുമ്പുതന്നെ അവൻ അവിടെ വന്നിരുന്നു. എന്നാൽ മററു കുട്ടികൾ നിശ്ചയമായും ചെയ്യുമായിരുന്നവിധം പള്ളിതുറക്കുന്നതിനു മുമ്പുള്ള സമയം കളിക്കായിട്ടു് ഉപയോഗിക്കുവാൻ അവനു തോന്നിയില്ല. മറിച്ചു അവിടെയുള്ള പടികളിന്മേൽ അവൻ മുട്ടുകുത്തി പള്ളി തുറക്കുന്നതുവരെ പ്രാർത്ഥനയിൽ വ്യാപൃതനായിരുന്നതു പോലെ നിലകൊണ്ടു. അപ്പോഴൊന്നും മഴയാകട്ടെ മഞ്ഞാകട്ടെ അവൻ വകവച്ചുമില്ല. അസാധാരണനായ ഈ ബാലനുമായി പരിചയപ്പെടുന്നതിൽ ഞാൻ സ്വാഭാവികമായിത്തന്നെ ജിജ്ഞാസുവായിത്തീർന്നു അങ്ങനെ ഇവൻ കൊല്ലപ്പണിക്കാരൻ ചാർസ് സാവിയോയുടെ കൊച്ചുമകനല്ലാതെ മററാരുമല്ലെന്നു മനസ്സിലാക്കി.

"അവൻ എപ്പോഴെങ്കിലും തെരുവിൽവച്ചു് എന്നെ കണ്ടാൽ ഉടൻതന്നെ—എന്റെ അഭിവാദനത്തിനു മുമ്പുതന്നെ—ആനന്ദാരങ്ങളോടെ അഭിവാദ്യം ചെയ്യുമായിരുന്നു. ഏകദേശം ഈ കാലഘട്ടത്തിലാണു് അവൻ എടവകസ്കൂളിൽ വരുവാൻ തുടങ്ങിയതു്. പ്രകൃത്യാതന്നെ ഡോമിനിക്ക ബുദ്ധിമാനും പരിശ്രമിയും ശ്രദ്ധാലുവുമായിരുന്നതുകൊണ്ടു് അവൻ കഠിനമായി അദ്ധ്വാനിക്കയും വേഗം പഠിക്കയും ചെയ്തിരുന്നു. ആരെങ്കിലും അവനോടു ശണ്ഠയ്ക്കു തുനിഞ്ഞാൽ ഒഴിഞ്ഞുമാറുക എന്നതായിരുന്നു അവന്റെ പതിവു്. അവന്റെ സതീർത്ഥ്യരുടെ തമാശകളിലും കുസൃതിത്തരങ്ങളിലും അവനെ ഭാഗഭാക്കാക്കുവാൻ ആരെങ്കിലും ഉദ്യമിച്ചാൽ അവൻ അവയിൽ സംബന്ധിക്കുവാൻ വിസമ്മതിച്ചിരുന്നുമാത്രമല്ല, അവന്റെ പ്രായമുള്ള ഒരു ബാലനിൽനിന്നു് ആരും പ്രതീക്ഷിക്കാത്തവിധം, അവൻ അവ ചെയ്യാതിരിക്കുന്നതിനുള്ള ന്യായങ്ങളും പറഞ്ഞുകൊടുക്കുമായിരുന്നു.

"അഞ്ചുവയസ്സു പ്രായമായപ്പോഴേക്കും ദിവ്യബലിയിൽ സഹായിക്കാൻ മാത്രമല്ല, അതു് ഏററം ഭക്തിയോടെ നിർവ്വഹിക്കുവാനും അവനു കഴിഞ്ഞിരുന്നു. അവൻ തീരെ ചെറുപ്പമായിരുന്നതുകൊണ്ടു് കുർബാനപ്പുസ്തകം എടുക്കുവാൻ പ്രയാസമായിരുന്നു. അവൻ പെരുവിരൽ ഊന്നിനിന്നുകൊണ്ടു് പുസ്തകത്തിന്റെനേരെ അവന്റെ ചെറുകരങ്ങൾ ആകാംക്ഷയോടെ നീട്ടുന്നതും അൾത്താരയിൽനിന്നു പുസ്തകം എടുക്കുന്നതും കാണേണ്ടതുതന്നെ ആയിരുന്നു. അവനെ സഹായിക്കുവാൻവേണ്ടി കാർമ്മികൻ അതു് എടുത്തുമാററുന്നതു് അവനു് ഇഷ്ടമുള്ള കാര്യമല്ല. അവനു് എത്തത്തക്കവിധം അൾത്താരയുടെ അററംവരെ അടുപ്പിച്ചുവയ്ക്കണം. അപ്പോൾ അവൻ സന്തോഷത്തോടെ എടുത്തു മറെറവശത്തു വയ്ക്കുമായിരുന്നു.

"ദൈവാനുഗ്രഹം ആ നിർമ്മലാത്മാവിൽ പ്രവർത്തിക്കുന്നതുകണ്ടു് ഞാൻ പലപ്പോഴും എന്നോടുതന്നെ പറഞ്ഞിരുന്നു: "ഇതാ വലിയ പ്രതീക്ഷകളുടെ കുഞ്ഞു്". ദൈവം തന്റെ വേല പൂർത്തിയാക്കയും ഇത്ര അനർഘമായ വിത്തിനെ പൂർണ്ണവളർച്ചയിൽ എത്തിക്കയും ചെയ്യട്ടെ" എന്നു്."

---

Thanksgiving for favours received through the intercession of St. ANTONY

(K. J. A.)

---


★ OUR NEW AGENCIES ★

PRODIGIOUS LIST — GREAT PRODUCTS

| | Area |
|---|---|
| 1) PARLE BISCUITS AND CONFECTIONERY | Travancore-Cochin State, Districts Malabar, Coimbatore, Nilgris, Tinnevelly, Madura, Ramnad. |
| 2) PARLE SYRUPS .. .. .. | Above area PLUS Madras City, and Districts Chingelput, North and South Arcot, Salem and Coorg. |
| 3) KASHMIR ELECTRIC FANS (Ceiling, Table and Pedestal) | States of Hyderabad, Mysore, Andhra, Madras, Coorg, Travancore-Cochin. |
| 4) KALVERT PRODUCTS (Canned fruits, Jams, Jellies, Ready to serve foods, condiments, Pickles, Etc.) | States of Orissa, Hyderabad, Mysore, Andhra, Madras (except Madras City), Coorg & Travancore-Cochin. |
| 5) BOCIL PRODUCTS (Medicinal Castor oil, Perfumed Castor oil Etc.) | Madras City, Districts of Chingelput, Chittoor, South Arcot, Salem, Trichinopoly, Tanjore, Tinnevelly & Ramnad. |
| 6) NAGPUR GLASS WORKS LTD. (Burners Lamps, Founts, Glass Lanterns, Glassware, Tableware.) | Travancore-Cochin State and the State of Madras south of the Railway line, Erode, Trichy, Negapatam. |
| 7) SUPER PHONES (Internal communications telephones, the only one of its kind, made in India) | States of Travancore-Cochin, Madras and Andhra. |
| 8) PICNIC JUGS (A new line of insulated travelling picnic jugs, preserving hot and cold liquids) | All South India |
| 9) FRUPLES PRODUCTS (Tinned Pine-apple, Pickles, Jams, Jellies, Honey) | Madras State without Malabar Coast, Rayalaseema, States of Hyderabad and Mysore. |
| 10) JABCO STAINLESS STEEL VESSELS AND UTENSILS | South India. |
| 11) CHAMPION FOOD PRODUCTS, DELHI | Andhra State, Travancore-Cochin State, Districts South Kanara, Malabar, Coimbatore, Trichinopoly, Tanjore, Madura, Ramnad, Tinnevelly. |
| 12) GOVT. OF INDIA BOOKS AND PUBLICATIONS | South India |

JAYA BHARATHAM CO.,

11, PHILIPS STREET, MADRAS-1 | BANERJI ROAD, ERNAKULAM-1

# മരിയവത്സരമഞ്ജരി

## സുമം 42

ക്രീസ്തുവിലുള്ള വിശ്വാസത്തെ സ്വന്തം രക്തം ചിന്തി പരിരക്ഷിച്ച വിശുദ്ധന്മാരെയാണല്ലോ നാം വേദസാക്ഷികൾ എന്നു വിളിക്കുന്നതു്. എത്രയെത്ര ദാരുണമായ പീഡനങ്ങളാണു് അവർ ധൈര്യപൂർവ്വം സഹിച്ചിട്ടുള്ളതു്. ചമ്മട്ടിയടികൾ ഏററു; കുരിശിൽ തൂക്കപ്പെട്ടു; കല്ലെറിയപ്പെട്ടു; അമ്പെയ്യപ്പെട്ടു; തിളച്ച എണ്ണയിൽ



വറുത്തു; പന്തംകൊളുത്തി ദഹിപ്പിച്ചു; വന്യമൃഗങ്ങൾക്കെറിഞ്ഞുകൊടുക്കപ്പെട്ടു; ശിരശ്ഛേദം ചെയ്യപ്പെട്ടു; കടലിൽ എറിഞ്ഞുകളഞ്ഞു; കഴുവിൽ ഏററി; പട്ടിണിക്കിടപ്പെട്ടു; ജീവനോടുകൂടി കുഴിച്ചിടപ്പെട്ടു; വിഷംകൊടുത്തു കൊന്നു; വെട്ടിവെക്കപ്പെട്ടു. ഇങ്ങനെ മനുഷ്യനു വിഭാവനം ചെയ്യാവുന്ന എല്ലാ പീഡനരീതികളും ക്രിസ്തുവിൻെറ അനുയായികൾ സഹിക്കേണ്ടിവന്നിട്ടുണ്ടു്. പക്ഷെ വേദസാക്ഷികളുടെ രാജ്ഞി എന്നു വിളിക്കപ്പെടുന്ന പരിശുദ്ധ കന്യക മറിയത്തിൻെറ ജീവിതത്തിൽ ഇങ്ങനെയുള്ള പീഡാസഹനരംഗങ്ങളൊന്നും കാണാത്തതു ഒരു പക്ഷെ ആശ്ചര്യകരമായി തോന്നിയേക്കാം. മറിയം അവിടുത്തെ മിത്രങ്ങളാൽ ചൂററപ്പെട്ടു് സ്നേഹത്തിൻെറ സമാധിയിൽ മരണമടയുകയാണു ചെയ്യുന്നതു്; ശരിയാണു്. എന്നാൽ അപരിമേയമായ ഒരു സ്നേഹവായ്പിനാൽ മറിയം ജീവിതത്തിൽ ആദ്യന്തം നീണ്ടുനിന്ന ഒരു മാനസികരക്തസാക്ഷിത്വമാണു അനുഭവിച്ചിരുന്നതു്.

### സഹനരീതികൾ

വേദസാക്ഷിത്വത്തിൻെറ പ്രധാനമായ അംശം സഹനംകൊണ്ടുള്ള മരണം മാത്രമല്ല, പ്രത്യുത അതിനുള്ള ഉത്തേജനം പ്രദാനം ചെയ്യുന്ന ലക്ഷ്യമാണു്. ഏതെങ്കിലും ക്രിസ്തീയപുണ്യത്തെ പ്രായോഗികമാക്കുന്നതിനുവേണ്ടി ദൈവസ്നേഹത്താൽ പ്രചോദിതമായി സ്വമനസ്സാ, സ്വയരക്ഷയ്ക്കു വേണ്ടി എതിർക്കാതെ സഹനം സ്വീകരിക്കുന്നയാളാണു് വേദസാക്ഷി. മരണകരമായ വേദന ശാരീരികപീഡകളിൽ മാത്രമല്ല സ്നേഹാർദ്രമായ ഹൃദയപീഡകളിലും സുസാദ്ധ്യമാണു്. ഈ വിധത്തിലായിരുന്നു പരിശുദ്ധ കന്യകമറിയം സഹിച്ചതു്. മറിയം നന്മപൂർണ്ണയായിരുന്നതുപോലെ സ്നേഹപൂർണ്ണയുമായിരുന്നു. സ്നേഹത്തിൽ ഈ അമ്മ സകല വിശുദ്ധന്മാരേയും അതിമാത്രം അതിശയിക്കുന്നു. ഈ സ്നേഹവായ്പിൻെറ ഫലമായിട്ടാണു് മറിയം പീഡിതനായ ക്രിസ്തുവിനോടുകൂടി അനുകമ്പാനന്വിതമായവിധം നിസ്സീമപീഡകൾ സഹിച്ചുകൊണ്ടിരുന്നതു്. അവിടുത്തെ തോട്ടത്തിലെ രക്തവിയർപ്പും, കൽത്തൂണിലെ ചമ്മട്ടിയടിയും, മുൾമുടി ചൂടലും, ഗാഗുൽത്തായിലെ കുരിശാരോഹണവും മറിയത്തിൻെറ ഹൃദയത്തിൽ അനുദിനം പ്രതിഫലിച്ചുകൊണ്ടാണിരുന്നതു്. ദൈവത്തിൻെറ പ്രത്യേക പരിപാലനയാലല്ലെങ്കിൽ മറിയം അനുദിനം ഈ പീഡകളാൽ മരണമടയുമായിരുന്നു. അനുനിമിഷം ഈ അമ്മയുടെ സ്നേഹഹൃദയത്തിൽ ആഞ്ഞിറങ്ങിക്കൊണ്ടിരുന്ന വ്യാകുലവാളുകൾ ഓരോ അവസരത്തിലും മരണകരമായിരുന്നു. മററു വേദസാക്ഷികളുടെ പീഡനങ്ങളോടു ഉപമിക്കുന്നതിനുപോലും സാദ്ധ്യമല്ലാത്തവിധം അത്ര വിശാലവും അഗാധവും പ്രക്ഷുബ്ധവുമായിരുന്നു. മനുഷ്യരക്ഷയുടെ ദൈവികവ്യവസ്ഥിതിയിൽ മിശിഹായോടുകൂടി സഹരക്ഷികയാകുന്നതിനു മറിയത്തിൻെറ രക്തസാക്ഷിത്വം മിശിഹായുടെ പീഡാസഹനത്തോടനുരൂപപ്പെടേണ്ടതാവശ്യമാണല്ലോ. അതിദാരുണമായ ഈ സഹനം മറിയത്തിൻെറ ബുദ്ധിയുടെ വികാസത്തോടൊപ്പം പരിശുദ്ധാത്മാവിൻെറ പ്രചോദനംവഴി അനുഭവിക്കുന്നതിനു തുടങ്ങി. "കശാപ്പുശാലയിലേക്കു വലിച്ചിഴയ്ക്കപ്പെടുന്ന ചെമ്മരിയാടായ രക്ഷകൻെറ ഛായ മറിയത്തിൻെറ മനസ്സിൽനിന്നു ഒരു നിമിഷംപോലും മറഞ്ഞിരുന്നിട്ടില്ല. മിശിഹായോടുകൂടി ജീവിച്ച 33 കൊല്ലക്കാലത്തെ ഓരോ നിമിഷവും ഈ ചരിത്രം ആവർത്തിക്കപ്പെടുകയായിരുന്നു. അവിടുത്തെ ഉത്ഥാനത്തിനുശേഷവും മറിയത്തിൻെറ മരണവിനാഴികവരെ ഈ പീഡാസഹനത്തിനു യാതൊരു കുറവുമുണ്ടായിട്ടില്ല. രക്തസാക്ഷികളെ പലവിധത്തിൽ ദൈവം സമാശ്വസിപ്പിച്ചതായ ദൃഷ്ടാന്തങ്ങളുണ്ടു്. പക്ഷെ മറിയത്തിൻെറ ജീവിതത്തിൽ അതൊന്നും നാം കാണുന്നില്ല. മനുഷ്യരക്ഷയപ്രതി അവസാനത്തുള്ളി രക്തംപോലും ചിന്തി കുരിശുമരണം സഹിക്കണമെന്നു തൻെറ പ്രിയ പുത്രനെക്കുറിച്ചു വിധിതിപ്പെഴുതിയ നിത്യപിതാവു്, അവിടുത്തെ തിരുസുതൻെറ മാതാവായി സഹരക്ഷികയാകുന്നതിനു തിരഞ്ഞെടുത്ത പരിശുദ്ധ കന്യകമറിയത്തിനും അതേ വിധിതീർപ്പിൻെറ ഭാഗഭാഗിത്വമാണു് പ്രദാനം ചെയ്തതു്. പ്രത്യക്ഷരം ആ ധീരമാതാവു് അതു സ്വാഗതം ചെയ്യുകയുംചെയ്തു.

നാമെല്ലാവരും ക്രിസ്തുവിൻെറ വിശ്വാസത്തെ സാക്ഷ്യപ്പെടുത്തേണ്ടവരാണു്. ഈ കർത്തവ്യനിർവ്വഹണത്തിനു ക്രിസ്തുതന്നെ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗം അവിടുത്തെ കുരിശു സ്വീകരിക്കുകയാണു്. ക്രിസ്ത്വാനുകരണം പ്രസ്താവിക്കുന്നതു്, ഏററം വലിയ പുണ്യവും വിശുദ്ധിയുടെ പരിപൂർണ്ണതയും കുരിശിൽ മാത്രമാണെന്നാണു്. അതുകൊണ്ടു് വേദസാക്ഷികളുടെ രാജ്ഞിയായ മറിയത്തോടു നമുക്കു പ്രാർത്ഥിക്കാം:-

**വേദസാക്ഷികളുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

## സുമം 43

വീരോചിതമായ പുണ്യപരിപാകതയാൽ പ്രശോഭിക്കുന്ന ജീവിതം നയിച്ച വിശുദ്ധ ചരിതരെയാണു് വന്ദകന്മാർ എന്നു വിളിക്കുന്നതു്. അവർ വേദസാക്ഷികളിൽനിന്നു വിഭിന്നരാണു്. വിശ്വാസത്തിനുവേണ്ടിയുള്ള വീരമരണമാണു് വേദസാക്ഷികളെ സൃഷ്ടിക്കുന്നതു്; വിശ്വാസത്തിനുവേണ്ടിയുള്ള വീരചരിതം വന്ദകരേയും സംജാതമാക്കുന്നു. എന്നാൽ പരിശുദ്ധകന്യകമറിയം വേദസാക്ഷികളുടേയും അതേസമയം വന്ദകന്മാരുടേയും രാജ്ഞിയാകുന്നു. അഥവാ, അവിടുന്നു സകല വിശുദ്ധന്മാരുടേയും രാജ്ഞിയാകുന്നു. പരിശുദ്ധകന്യകമറിയത്തിൽ പ്രശോഭിച്ചിരുന്ന മൗലികമായ പുണ്യങ്ങളെ നാം പരിശോധിച്ചു നോക്കിയാൽ ഇതു സുവിശദമായി കാണാം.

### ആദ്ധ്യാത്മികജീവിതം

വിശുദ്ധന്മാരെ വിശുദ്ധന്മാരാക്കുന്ന ആദ്ധ്യാത്മികജീവിതത്തിൻെറ അടിസ്ഥാനം മൂന്നു സുകൃതങ്ങളിന്മേലാണുറച്ചു നില്ക്കുന്നതു്: പ്രാർത്ഥനാസക്തി; സൃഷ്ടവസ്തുക്കളോടുള്ള വിരക്തി; കർത്തവ്യാനുഷ്ഠാനത്തിലുള്ള വ്യഗ്രത. പ്രാർത്ഥനയിൽ മൂന്നു സ്ഥിതിവിശേഷങ്ങളെ വിവേചിക്കാം: വാചാപ്രാർത്ഥന, മാനസികപ്രാർത്ഥന, പ്രാർത്ഥനാമനോഭാവം ജീവിതത്തിൻെറ എല്ലാ പ്രവർത്തനങ്ങളിലും അനായാസേന നൈസർഗ്ഗികമായി ആത്മാവു് ദൈവോന്മുഖമായിരിക്കുന്ന ആ സ്ഥിതിവിശേഷത്തെയാണു് പ്രാർത്ഥനാമനോഭാവം എന്നു പറയുന്നതു്. അതു മററു രണ്ടുതരം പ്രാർത്ഥനകളിലും വിശിഷ്ടവും അവയെ പ്രകാരാന്തരേണ ഉൾക്കൊള്ളുന്നതുമാണു്. വന്ദകന്മാരായ വിശുദ്ധാത്മാക്കൾ ഈ മൂന്നുവിധ പ്രാർത്ഥനാരീതികളിലും അത്യധികം ഉന്നതമായ നിലയെ പ്രാപിച്ചിരുന്നവരാണു്. വി. പീററർ കനിസിയൂസു്, ജെമ്മ ഗൽഗാനി, ഫ്രാൻസിസ് അസ്സിസി, അലോഷ്യസ്, അൽഫോൻസ് ലിഗോരി മുതലായവരുടെ ജീവിതം ഇതിനുത്തമമായ മാതൃകകളാണു്. ഈ വിശുദ്ധന്മാർ സദാപി ആത്മാവിൽ ദൈവവുമായി ഐക്യപ്പെട്ടു ജീവിതം നയിച്ചിരുന്നു എന്നാൽ ഇവരുടെ പ്രാർത്ഥനാസക്തിയെ പരിശുദ്ധകന്യകമറിയത്തിൻെറ ദൈവൈക്യത്തിൽ നിർല്ലീനമായ പ്രാർത്ഥനാനിരതതയോടു സാമ്യപ്പെടുത്തുമ്പോൾ അതു വെറും നിഴലെന്നവണ്ണം മാഞ്ഞുപോകുന്നു. മറിയത്തിൻെറ മനോജ്ഞമായ ഹൃദയം ദൈവത്തിൻെറ വിഹാരാരാമമായിരുന്നു. സൃഷ്ടവസ്തുക്കളോടുള്ള വിരക്തി വിശുദ്ധാത്മാക്കളുടെ ഒരു പ്രത്യേക സുകൃതമാണു്. ലോകവസ്തുക്കളുടെ "ഇല്ലായ്മ"യും അവയോടുള്ള ബന്ധംമൂലം വന്നുചേരാവുന്ന ഭയങ്കരവിപത്തും അവർ ശരിയായി ഗ്രഹിച്ചിരുന്നു. "ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ അതുകൊണ്ടെന്തു പ്രയോജന"മെന്നു ക്രിസ്തു ചോദിക്കുന്ന ചോദ്യത്തിൻെറ അർത്ഥം അവർ ഗ്രഹിച്ചു. "നിങ്ങൾക്കുള്ളതെല്ലാം നിങ്ങൾ സന്ത്യജിക്കുന്നില്ലെങ്കിൽ എൻെറ ശിഷ്യരാകുവാൻ സാദ്ധ്യമല്ല" എന്നുള്ള അവിടുത്തെ വാക്യവും അവർ ശ്രദ്ധിച്ചു. അതുകൊണ്ടാണു് വി. ഫ്രാൻസീസ് അസ്സീസി പിതാവിൻെറ വക സ്വത്തുമാത്രമല്ല താൻ ധരിച്ചിരുന്ന ഉടുപ്പുപോലും അഴിച്ചുകൊടുത്തു ദാരിദ്ര്യാംബികയെ വേൾക്കുവാൻ ഇടയായതു്. കാസ്റ്റിഗ്ലിയോ സംസ്ഥാനത്തിന്മേൽ തനിക്കുണ്ടായിരുന്ന അവകാശത്തെ സഹോദരനായ റുഡോൾഫിനു ഒഴിഞ്ഞുകൊടുത്തുകൊണ്ടു് വി. അലോഷ്യസ് പ്രസ്താവിച്ചു, സഹോദരനേക്കാൾ സൗഭാഗ്യം അപ്പോൾ താനനുഭവിച്ചു എന്നു്. ഇങ്ങനെ ഓരോ വിശുദ്ധന്മാരും സൃഷ്ടവസ്തുക്കളെ പുറംതള്ളിക്കൊണ്ടു ക്രിസ്തുവിൻെറ ദാരിദ്ര്യത്തെ ആശ്ലേഷിച്ചു എന്നാൽ പരിശുദ്ധാത്മാവിൻെറ ദാനമായ യഥാർത്ഥ അറിവുകൊണ്ടു പൂരിതയായിരുന്ന മറിയം, ദാരിദ്ര്യത്തിൻെറ സ്വർഗ്ഗീയസന്ദേശത്തെ ഭൂമിയിലേക്കു കൊണ്ടുവന്ന ദിവ്യാദർശമായ മിശിഹായോടു സദാ സഹവസിച്ചു മറിയം ഈ സത്യത്തെ എത്ര സ്പഷ്ടമായി ഗ്രഹിച്ചിരുന്നു. ലോകം മുഴുവനും പരിത്യജിക്കുന്ന മനോഭാവമാണു് മറിയത്തിൽ നിലനിന്നിരുന്നതു്. വന്ദകന്മാരുടെ പുണ്യപൂർണ്ണതാ സമ്പാദനത്തിൻെറ പ്രായോഗികരംഗം അവരുടെ ജീവിതരംഗമാണു്. ഓരോ ജീവിതസ്ഥിതിയിലും അവർ പ്രായോഗികമാക്കി. വൈദികരും, സന്യാസികളും, രാജാക്കന്മാരും, അടിമകളും, കൃഷിക്കാരും, വ്യവസായതൊഴിലാളികളും, വിവാഹിതരും, അവിവാഹിതരും എല്ലാം അവരവരുടെ ജീവിതസ്ഥിതിക്കനുസരണമായവിധത്തിൽ വീരോചിതമായ പുണ്യപൂർണ്ണതപ്രാപിച്ചതുകൊണ്ടാണു് അവർക്കു വിശുദ്ധപദം ലബ്ധമായതു്. മറിയത്തിനു നൽകപ്പെട്ട സ്ഥാനത്തിൻെറ ഔന്നത്യംകൊണ്ടല്ല, അതിൽ വീരോചിതമായ വിശ്വസ്തത പാലിച്ചതുകൊണ്ടാണു് അവിടുന്നു വന്ദകന്മാരുടെ രാജ്ഞിയായതു്. ഈ വസ്തുത എത്ര പ്രയോഗികവും പ്രചോദനാത്മകവുമാണു്. അതുകൊണ്ടു പുണ്യജീവിതത്തിന്നടിസ്ഥാനമായ പ്രാർത്ഥനാസക്തിയും, സൃഷ്ടവസ്തുക്കളോടുള്ള വിരക്തിയും, കർത്തവ്യാനുഷ്ഠാനത്തിനുള്ള സന്നദ്ധതയും ലഭിക്കുന്നതിനു പരിശുദ്ധ അമ്മയോടു നമുക്കു ഹൃദയപൂർവ്വം പ്രാർത്ഥിക്കാം:-

**വന്ദകന്മാരുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

ഒരെണ്ണയും പിടിക്കാത്തവർക്കും നീരിറക്കത്തിനും **അമൃത തൈലം** ഉപയോഗിക്കുക.

ചൊവ്വ, വെള്ളി ചാലക്കുടി ബ്രാഞ്ചിലും, ബുധനാഴ്ച ചങ്ങനാശ്ശേരി (ഒള്ളൂർബിൽഡിങ്ങ്) ബ്രാഞ്ചിലും, വ്യാഴാഴ്ച ആലപ്പുഴ (ന്യൂ ബസാർ) ബ്രാഞ്ചിലും ശനിയാഴ്ച ഇരിങ്ങാലക്കുട ബ്രാഞ്ചിലും 2 മണി മുതൽ 6 മണിവരെ കെ. കെ. പാവുണ്ണിവൈദ്യൻ ഉണ്ടായിരിക്കും.

N. B. രോഗവിവരക്കത്തുകൾ കാളൻ കൊച്ചുവറിയതു് പാവുണ്ണിവൈദ്യൻ, നെല്ലായി എന്ന വിലാസത്തിൽമാത്രം.

മാനേജർ,

കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി.

ആദ്ധ്യാത്മികവീഥി 35

# ദണ്ഡവിമോചനങ്ങൾ

ദൈവത്തിൻെറ വത്സലമക്കളേ,

ഇതു ശുദ്ധീകരാത്മാവുകളെ പ്രത്യേകം സ്മരിച്ചു അവർക്കു കഴിവുള്ള സഹായം ചെയ്യേണ്ട മാസമാണല്ലോ. ദണ്ഡവിമോചനത്തെക്കുറിച്ചുള്ള അറിവു് അതിനു വളരെ ഉപകാരപ്രദമായിരിക്കും. അതിനാൽ അതേപ്പററി "ഏൻെറ മിത്ര"ത്തിൽനിന്നു് ഉദ്ധരിക്കാം.

ചോദ്യം: ദണ്ഡവിമോചനമെന്നു പറഞ്ഞാലെന്താണു്?

ഉത്തരം: പാപപ്രായശ്ചിത്ത വിമോചനം. അതായതു പാപങ്ങളുടെ കുററത്തിനു മാപ്പു ലഭിച്ചശേഷം അവശ്ശുള്ള കാലത്തിനടുത്ത ശിക്ഷ തിരുസ്സഭ ഏളവുചെയ്തുകൊടുക്കുന്നതാണു് ദണ്ഡവിമോചനം.

ചോ: തിരുസ്സഭ ദണ്ഡവിമോചനം നൽകുന്നതു് എങ്ങനെയാണു്?

ഉ: തിരുസ്സഭയുടെ ഭണ്ഡാഗാരത്തിൽ സ്ഥിതിചെയ്യുന്ന ഈശോമിശിഹായുടെയും, പരിശുദ്ധ കന്യകമറിയത്തിൻെറയും, വിശുദ്ധരുടെയും പുണ്യയോഗ്യതകൾ പ്രയോഗിച്ചുകൊണ്ടാണു് തിരുസ്സഭ ദണ്ഡവിമോചനങ്ങൾ അനുവദിക്കുന്നതു്.

ചോ: തിരുസ്സഭയുടെ ഭണ്ഡാഗാരമെന്നാലെന്തു്?

ഉ: ഈശോമിശിഹാ ഈ ലോകത്തിൽവച്ചു സമ്പാദിച്ചിട്ടുള്ള അനന്തമായ പുണ്യയോഗ്യതകളും വിശുദ്ധർ സമ്പാദിച്ചിട്ടുള്ള

പ്രഥമ

ചരമവാർഷികം



റവ. ഫാദർ ലൂക്കു് കല്ലുങ്കൽ,
വാഴക്കുളം

മരണം: 5—11—53

R. I. P.

തും സമ്പാദിച്ചുകൊണ്ടിരിക്കുന്നതുമായ പുണ്യയോഗ്യതകളിൽ അവരുടെ പാപപ്പരിഹാരത്തിനാവശ്യമായതു കഴിച്ചു ശേഷമുള്ളവയും തിരുസ്സഭയുടെ സമ്പാദ്യമായി അഥവാ പൊതുസ്വത്തായി നിലകൊള്ളുന്നു. ഈ പൊതുസ്വത്തിനെയാണു തിരുസ്സഭയുടെ ഭണ്ഡാഗാരം എന്നു പറയുന്നതു്.

ചോ: കാലത്തിനടുത്ത ശിക്ഷ എന്നു പറഞ്ഞിരിക്കുന്നതെന്താണു്?

ഉ: ഓരോ പാപത്തിലും രണ്ടു സംഗതികൾ പരിഗണിക്കുവാനുണ്ടു്. കുററവും കാലത്തിനടുത്ത ശിക്ഷയും. പ്രമാണങ്ങൾ ലംഘിക്കുമ്പോൾ ദൈവത്തോടു പ്രകാശിപ്പിക്കുന്ന നിന്ദയും ദ്രോഹവുമാണു കുററം. ഇതിനു കുമ്പസാരംവഴിയോ ഉത്തമമനസ്താപം വഴിയോ മോചനം ലഭിക്കുന്നു. ചാവദോഷം ചെയ്തവർ ഇപ്രകാരം മോചനം ലഭിക്കാതെ മരിക്കുന്നതിനിടയായാൽ നിത്യശിക്ഷയ്ക്കു അഥവാ നരകത്തിനു യോഗ്യരായിത്തീരുന്നു.

ദൈവപ്രമാണത്തിൻെറ ലംഘനത്തിൽ വേറൊന്നുകൂടി പരിഗണിക്കേണ്ടതുണ്ടു്, ദൈവം നിശ്ചയിച്ചിരിക്കുന്ന ക്രമത്തിനു വരുന്ന ലംഘനം. ഈ ക്രമലംഘനം പരിഹരിച്ചാലേ പാപത്തിൻെറ ഫലങ്ങൾ നീങ്ങുകയുള്ളു. വേറൊരാളുടെ വസ്തു അപഹരിച്ചാൽ മാപ്പു ചോദിച്ചാൽ പോരല്ലോ. അപഹരിച്ച വസ്തു തിരികെകൊടുക്കണം. മാനഹാനി വരുത്തിയവൻ ക്ഷമായാചനം ചെയ്താൽ

പോരാ. നഷ്ടപ്പെടുത്തിയ ബഹുമാനം തിരികെ കൊടുക്കുവാൻ വേണ്ടതു ചെയ്യണം. ദൈവത്തെ ദ്രോഹിക്കുന്നവരൊക്കെ കുററത്തിനു മാപ്പു അപേക്ഷിക്കുന്നതിനും പുറമെ പരിഹാരം ചെയ്യേണ്ടിയിരിക്കുന്നു ഇതിനാണു കുമ്പസാരത്തിൽ പ്രായശ്ചിത്തം കല്പിക്കുന്നതു്. എന്നാൽ കുമ്പസാരത്തിൽ നിശ്ചയിക്കുന്ന പ്രായശ്ചിത്തം പാപങ്ങളുടെ പരിപൂർണ്ണപരിഹാരത്തിനു മതിയാകയില്ല. പരിഹാരത്തിൻെറ ആവശ്യകത ഗ്രഹിക്കുവാൻമാത്രം ലഘുവായ പ്രായശ്ചിത്തം കുമ്പസാരത്തിൽ നിർദ്ദേശിക്കുന്നു. പൂർണ്ണമായി പരിഹാരം ചെയ്യാതെ മരിക്കുന്നവൻ ശുദ്ധീകരണസ്ഥലത്തിൽ പോകുന്നു. പ്രായശ്ചിത്തപ്രവൃത്തികൾ കൊണ്ടു് പരിഹരിക്കാവുന്ന ശിക്ഷയാണു കാലത്തിനടുത്ത ശിക്ഷ കുററമോ, എന്നാൽ കുമ്പസാരംകൊണ്ടോ അതിനു സാധിക്കാതെ വന്നാൽ ഉത്തമമനസ്താപം കൊണ്ടോമാത്രം നീങ്ങുന്നു. പാപിയുടെ കുററം നീങ്ങിയശേഷം അയാളുടെ പാപങ്ങൾക്കു സഹിക്കേണ്ട ശിക്ഷയാണു കാലത്തിനടുത്ത ശിക്ഷ.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം അത്മപിതാവു്

8-ാംപേജ് തുടർച്ച

ഭിച്ചാൽ ഈ വിവരം ഒരുകാലത്തും പുറത്തുപോകരുതെന്നു താക്കീതും നൽകി.

3) ഞാൻ ടി. വി. തോമസിൻെറ തെരഞ്ഞെടുപ്പു ഫിനാൻസു കമ്മിററിയംഗമായിരുന്നു. നാടിൻെറ നാനാഭാഗത്തുനിന്നും ഭീമമായ തുകകൾ പിരിച്ചിട്ടുണ്ടായിരുന്നു. കണക്കു ചോദിച്ചപ്പോൾ ഒന്നുരണ്ടു രസീതുകുററി കാണുന്നില്ലാത്തതുകൊണ്ടാണു കണക്കുവയ്ക്കാത്തതെന്നു പറഞ്ഞു. ഇതുതന്നെയാണു് ആലപ്പുഴ, മാരാരിക്കുളം എന്നീ നിയോജകമണ്ഡലങ്ങളിലും നടന്നിട്ടുള്ളതു്.

4) കൊച്ചീൻ തുറമുഖത്തൊഴിലാളിയൂണിയനെതിരായി ചില സ്ലീവഡോർമാരുമായി അവിശുദ്ധമായ കൂട്ടുകെട്ടുണ്ടാക്കി സ്വന്തം കീശവീർപ്പിച്ചു വെടിവെപ്പുവരെയുള്ള സാഹചര്യം കമ്മ്യൂണിസ്റ്റു നേതൃത്വം സൃഷ്ടിച്ചു. അന്നു കിട്ടിയ പ്രതിഫലവുമായി ഉന്നതനായ ഒരു നേതാവു് വസ്തു വാങ്ങുവാൻ മട്ടാഞ്ചേരിയിൽ ചുററിത്തിരിയുന്നു.

5) സ്റ്റീൽവെ തൊഴിലാളിസമരത്തിൽ കൺട്രാക്ടരോടു പണം പററിക്കൊണ്ടു് സമരം പൊളിക്കുവാൻ ഉഗ്രമായൊരു സംരംഭം പാർട്ടിനേതൃത്വം നടത്തി.

6) എ. ഡി. കോട്ടൺമില്ലിലെ സമരത്തിൽ മിൽമാനേജർ സേട്ടിൻെറ ചോററുപട്ടാളമായി കമ്മ്യൂ. നേതൃത്വം പ്രവർത്തിച്ചു.

7) ചവറയിലെ തൊഴിലാളിസംഘടനയെ ഉടയ്ക്കുവാൻ പാർട്ടിനേതൃത്വം അഹോരാത്രം പണിയെടുത്തുകൊണ്ടിരിക്കുന്നു. ഇതെല്ലാം കമ്മ്യൂ. പാർട്ടി എങ്ങോട്ടെന്നുള്ള വഴികാട്ടികളാണു്.

ഇതിൻെറ പ്രതിഫലനമാണു് ആന്ധ്രായിലെ കൂട്ടരാജിയും എ. കെ. ഗോപാലനെ പ്രതിപക്ഷസ്ഥാനത്തുനിന്നു് നിഷ്കാസിതനാക്കിയതും മദ്രാസിലെ തെരഞ്ഞെടുപ്പിൽ പാർട്ടി ദയനീയമായി പരാജയമടഞ്ഞതും.

## ചരമം

**മരുതോങ്കര: 23-10-'54** ശനിയാഴ്ച ഒടയ്ക്കൽ ചാക്കോ അന്നു തൻെറ 27-ാമത്തെ വയസ്സിൽ തലശ്ശേരി ആശുപത്രിയിൽ വച്ചു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

R. I. P.


സുവിശേഷപംക്തി

പന്തക്കുസ്താ: 22-ാംഞായർ

# സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും


സുവിശേഷം. വിശുദ്ധ മത്തായി 22:15-21

"ഇതിനുശേഷം പ്രീശന്മാർ അവിടെനിന്നു പോയി, വാക്കിൽ അവിടുത്തെ കുടുക്കേണ്ടതിനായി ദുരാലോചനനടത്തി അവർ ഹേറോദേശിൻെറ കക്ഷിയിൽ പെട്ടവരുടെകൂടെ തങ്ങളുടെ സ്വന്തം ശിഷ്യന്മാരേയും അവിടുത്തെ പക്കൽ അയച്ചുപറഞ്ഞു: ഗുരോ, അങ്ങു സത്യസന്ധനാണെന്നും, ആത്മാർത്ഥതയോടെതന്നെ ദൈവത്തിൻെറ വഴികൾ പഠിപ്പിക്കുന്നെന്നും, മനുഷ്യനും മനുഷ്യനും



യഹൂദന്മാർ ഗൂഢാലോചന നടത്തുന്നു

തമ്മിൽ ഒരു വ്യത്യാസവും കല്പിക്കാത്തതിനാൽ അങ്ങു ആരേയും ഭയപ്പെടുന്നില്ലെന്നും ഞങ്ങൾക്കു നന്നായിട്ടറിയാം. ആകയാൽ സീസറിനു കപ്പം കൊടുക്കുന്നതു ശരിയാണോ അല്ലയോ എന്നു ഞങ്ങളോടു പറയുക. ഈശോ അവരുടെ ദുഷ്ടത കണ്ടുകൊണ്ടു പറഞ്ഞു: കപടഭക്തന്മാരേ. നിങ്ങൾ എന്തിനു എന്നെ ഇങ്ങനെ പരീക്ഷിക്കുന്നു? കപ്പം കൊടുക്കുന്ന ഒരു നാണയം എന്നെ കാണിക്കുക. ഉടനെ അവർ ഒരു വെള്ളിനാണയം അവിടുത്തെ



ക്രിസ്തു നാണയംകാണിച്ചു സമാധാനം പറയുന്നു

പക്കൽ കൊണ്ടുവന്നു. അപ്പോൾ അവിടുന്നു, ഈ പ്രതിമ ആരുടേതാണു്? ആരുടെ നാമമാണു് അതിന്മേൽ കൊത്തിയിരിക്കുന്നതു്? എന്നവരോടു ചോദിച്ചു. സീസറിൻെറ എന്നവർ മറുപടി പറഞ്ഞു. ഉടനെ അവിടുന്നരുളിച്ചെയ്തു: അങ്ങനെയെങ്കിൽ സീസറിൻേറതു സീസറിനും, ദൈവത്തിൻേറതു ദൈവത്തിനു തിരിച്ചു കൊടുക്കുവിൻ."

പിതാവു്:- ഇന്നത്തെ സുവിശേഷഭാഗം എല്ലാവരും പ്രത്യേകം ശ്രദ്ധിച്ചു മനസ്സിലാക്കേണ്ടതാണു്.

ജോണി:- കണ്ടില്ലേ, അപ്പച്ചാ. ആ യൂദന്മാരുടെ ചതിവു്. എങ്ങനെയെങ്കിലും ഈശോയെ കുടുക്കണമെന്നാണവരുടെ നോട്ടം.

മേരി:- അതു മാത്രമല്ല, അവർ അവരുടെ ശത്രുക്കളായിരുന്ന, ഹേറോദേശിൻെറ കക്ഷിയിൽപ്പെട്ടവരെക്കൂടി കൂട്ടുപിടിക്കുന്നു.

ജോണി:- അതെന്തിനാണു്?

മേരി:- അതല്ലേ സൂത്രം. സീസറിനു കപ്പം കൊടുക്കേണ്ടെന്നു പറയുന്നതു സീസറിൻെറ കക്ഷിക്കാർകൂടി കേട്ടാൽപിന്നെ കുററം തെളിയിക്കേണ്ടിവരികയില്ലല്ലോ.

ജോണി:- ഓഹോ! അവർ എന്തു ചതിയന്മാർ!

പിതാവു്:- അക്കാര്യങ്ങളെല്ലാം നില്ക്കട്ടെ നമുക്കു പ്രത്യേകം ശ്രദ്ധിക്കാനുള്ളതു് ഈശോ അവരോടു പറഞ്ഞ വാക്യമാണു്. "സീസറിൻേറതു സീസറിനും, ദൈവത്തിൻേറതു ദൈവത്തിനും കൊടുക്കുക" എത്ര വലിയ ഒരു ജീവിതനിയമമാണു് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നതെന്നു നിങ്ങൾ ആലോചിച്ചുനോക്കൂ നമ്മളെല്ലാവരും നമ്മുടെ എല്ലാം പ്രവൃത്തികളിലും ഈ നിയമം പാലിച്ചാൽ ദൈവത്തെ സ്നേഹിക്കുന്നതിനും അവിടുത്തോടുള്ള കർത്തവ്യങ്ങൾ നിറവേററുന്നതിനും നമുക്കു വേറൊന്നും ചെയ്യാനില്ല ഓരോ കാര്യം നാം ചെയ്യുമ്പോഴും നാമാലോചിക്കണം, ഇതിൽ ദൈവത്തിനവകാശപ്പെട്ട ഭാഗം എന്താണെന്നു്. അതായതു അക്കാര്യത്തിൽ ദൈവേഷ്ടം എന്താണെന്നു്. അതു നാം നിർവ്വഹിക്കുകയാണെങ്കിൽ നമ്മുടെ ആ പ്രവൃത്തി നന്നായി. നമുക്കു നിത്യസമ്മാനത്തിനു അതു നമ്മെ അർഹരാക്കിക്കഴിഞ്ഞു നേരെമറിച്ചു്, നമ്മുടെ ആ പ്രവൃത്തിയിൽ ദൈവഹിതത്തെ മറന്നു് നമ്മുടെ സ്വാർത്ഥതയോ, മററുള്ളവരുടെ ദുഷ്പ്രേരണയോ നമ്മെ വ്യതിചലിപ്പിച്ചാൽ ദൈവത്തോടുള്ള നമ്മുടെ കർത്തവ്യത്തെ നാം ലംഘിച്ചുകഴിഞ്ഞു. നാം അതുകൊണ്ടു ശിക്ഷാർഹരാവുകയും ചെയ്യും. ഈ തത്വം ഓരോരുത്തരും ഓരോ കാര്യത്തിലും മനസ്സിൽവച്ചു പ്രവർത്തിക്കണമെന്നതാണു് ഒരു നല്ല ജീവിതത്തിനു് അത്യാവശ്യമായിട്ടുള്ളതു്. നിങ്ങൾ അങ്ങനെ ചെയ്യുമോ?

ജോണി:- ഉവ്വു്, അപ്പച്ചാ, അങ്ങനെ ചെയ്യാൻ ഞാൻ ശ്രമിക്കാം.


## റെഡിമെയിഡ് ഡ്റസ്സുകൾ

നവീനരീതിയിലുള്ള എല്ലാവിധ ഡ്റസ്സുകൾക്കും, തയ്യൽ സംബന്ധമായ എല്ലാവിധ ജോലികൾക്കും പാലായിൽ ജോൺസൺ ടെയിലറിംഗ്ഹാൾ സന്ദർശിക്കുക. (പാലാ സ്വരാജ് ബസ്സ്സ്റ്റാൻറിനു സമീപം.)








# വാർത്തകൾ

(പി. ജോസഫ്, റോം)

### മരിയൻ കോൺഗ്രസ്

മരിയജൂബിലിവർഷത്തിലെ അതിപ്രധാനമായ പരിപാടികളാണു് ഒക്ടോബർ 24-ാം തീയതി മുതൽ നവമ്പർ 1-ാം തീയതിവരെയുള്ള ദിവസങ്ങളിൽ റോമിൽ നടന്നതു്. 24-ാം തീയതി കത്തോലിക്കാലോകത്തിലെ ഒന്നാംകിട വേദശാസ്ത്രപണ്ഡിതന്മാർ സമ്മേളിച്ച അഖിലലോക മരിയൻ കോൺഗ്രസ്സ് പരിശുദ്ധ പിതാവിൻെറ ഒരു റേഡിയോ സന്ദേശത്തോടുകൂടി ഉൽഘാടനം ചെയ്യപ്പെട്ടു 29-ാം തീയതി സമാപനചടങ്ങുകൾ സമാരംഭിച്ചു് നവമ്പർ 1-ാം തീയതി മാതാവിൻെറ "രാജ്ഞീത്വ"പ്രഖ്യാപനത്തോടുകൂടി അവസാനിച്ചു.

12 ശ്ലീഹന്മാരുടെ ബസ്സിലിക്കായിൽവച്ചു 29-ാം തീയതി വെള്ളിയാഴ്ച, റോമിലുള്ള എല്ലാ കോളേജുകളിലേയും വിദ്യാർത്ഥികൾ ഒന്നിച്ചുള്ള "കൊയർ" പ്രാരംഭഗാനം ആലപിച്ചു തുടന്നു അത്യുന്നത കർദ്ദിനാൾ പിസ്സാർദോ ഉൽഘാടനപ്രസംഗം നടത്തി. മരിയൻ കോൺഗ്രസ്സ് കമ്മററി പ്രസിഡൻറു് മോൺ. ത്രാളിയായാണു് അടുത്തു പ്രസംഗിച്ചതു്. അദ്ദേഹം ലോകം മുഴുവനിലും ഈ മരിയവർഷത്തിൽ നടത്തിയിട്ടുള്ള പ്രത്യേക ഭക്തപരിപാടികളുടെ ഒരു സംഗ്രഹം നൽകുകയുണ്ടായി. 31-ാം തീയതിവരെ തുടർച്ചയായി നിരവധി പ്രത്യേക സമ്മേളനങ്ങൾ നടന്നു. പ്രസിദ്ധന്മാരായ ദൈവശാസ്ത്രപടുക്കളും, ഇററലിയിലെ മന്ത്രിപ്രമുഖന്മാരും, പ്രശസ്തരായ നിയമപണ്ഡിതന്മാരും ഈ യോഗങ്ങളിൽ പ്രസംഗങ്ങൾ നിർവ്വഹിച്ചു.

### പ്രഖ്യാപനവും മുടിചാർത്തലും

31-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞു് 3 മണിക്കു് "റോമൻ ജനതയുടെ രക്ഷ" എന്ന അപദാനത്തിൽ അറിയപ്പെടുന്നതും ശതാബ്ദങ്ങളായി "മരിയ മജോരെ" ബസ്സിലിക്കായിൽ സൂക്ഷിച്ചുപോരുന്നതുമായ മാതൃസ്വരൂപം വിശുദ്ധ പത്രോസിൻെറ ദേവാലയത്തിലേക്കാനയിക്കപ്പെടുകയും വണക്കത്തിനായി പ്രതിഷ്ഠിക്കപ്പെടുകയുംചെയ്തു 1-ാം തീയതി തിങ്കളാഴ്ച 10 മണിക്കു വിശുദ്ധ പത്രോസിൻെറ ദേവാലയത്തിലെ എല്ലാം അൾത്താരകളിലും ഒന്നിച്ചു മാതാവിൻെറ സ്തുതിക്കായി ദിവ്യബലികൾ അർപ്പിക്കപ്പെട്ടു. പത്തേമുക്കാൽ മണിക്കു പരിശുദ്ധ പിതാവു് ദേവാലയത്തിലേക്കെഴുന്നെള്ളി സിംഹാസനത്തിൽ ഉപവിഷ്ടനായി. അത്യുന്നത കർദ്ദിനാൾസംഘത്തിൻെറ ആദരപ്രകടനങ്ങൾ സ്വീകരിച്ചശേഷം പരിശുദ്ധ പിതാവു് പരിശുദ്ധ കന്യകമറിയത്തിൻെറ രാജ്ഞീത്വത്തെ അധികരിച്ചും, "രാജ്ഞീത്വ"ത്തിരുനാൾ പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രഭാഷണം നിർവ്വഹിച്ചു. തിരുനാളിൻെറ സ്മരണയ്ക്കായി നിർമ്മിച്ചിട്ടുള്ള പുതിയ കാനുരുപങ്ങൾ, ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും മരിയതീർത്ഥങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ടു വന്നുകൂടിയിരുന്ന പ്രതിനിധിസംഘങ്ങൾക്കു മാർപ്പാപ്പാ വിതരണം ചെയ്കയുണ്ടായി. അതിനുശേഷം പരിശുദ്ധ പിതാവു്, മാതൃസ്വരൂപത്തിനു ചാർത്തുന്നതിനു തയാറാക്കിയിരുന്ന മനോഹരമായ മുടികൾ ആശിർവ്വദിക്കുകയും സ്വർഗ്ഗരാജ്ഞിയുടെ ഗാനാലാപങ്ങളുടെ മദ്ധ്യേ അവയെ തിരുസ്വരൂപത്തിനണിയിക്കുകയുംചെയ്തു. തുടന്നു "തെദേവും" എന്ന സ്തോത്രഗീതം മുഴങ്ങി. ഈ കർമ്മങ്ങളെല്ലാം കഴിഞ്ഞു 12 മണിയോടടുത്തു്, പത്രോസിൻെറ ദേവാലയാങ്കണത്തിൽ "പൂഴിയിട്ടാൽ താഴാത്തവണ്ണം" തിങ്ങിക്കൂടിയിരുന്ന ജനസഞ്ചയത്തിനു പരിശുദ്ധ പിതാവുതന്നെ മുടിധരിപ്പിക്കപ്പെട്ട മേരിറാണിയെ പ്രദർശിപ്പിച്ചു. ഭക്തപ്രാർത്ഥനകളും ജയഘോഷങ്ങളും ആകാശത്തുകളെ ഭേദിക്കുമാറു് ഇടവിടാതെ മുഴങ്ങിക്കൊണ്ടിരുന്നു. വൈകിട്ടു് മേരിറാണിയുടെ മരിയമജോരെയിലേക്കുള്ള ജൈത്രയാത്രയായിരുന്നു.

### കർദ്ദിനാളിൻെറ ശവസംസ്കാരം

ഒക്ടോബർ 21-ാം തീയതി കാലംചെയ്ത ജെറീദയാ തിരുമനസ്സിലെ നിര്യാണത്തോടുകൂടി കർദ്ദിനാൾ സംഘത്തിൻെറ എണ്ണം 66 ആയി കുറഞ്ഞു. തിരുമേനി "വിശുദ്ധ കൂദാശകളുടെ നിയമങ്ങൾ". (The Congregation of the Discipline of the Sacraments) എന്ന കോൺഗ്രിഗേഷൻെറ പ്രീഫെക്ടായിരുന്നു. ഇദ്ദേഹം 1935 ലാണു് കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെട്ടതു്. 25-ാം തീയതി രാവിലെ നടത്തിയ ശവസംസ്കാരച്ചടങ്ങുകളിൽ 13 കർദ്ദിനാളന്മാരും അനേകം മെത്രാന്മാരും വമ്പിച്ച ഒരു ജനക്കൂട്ടവും സംബന്ധിച്ചു. പരേതനുവേണ്ടിയുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തിയ സംസ്കാരകർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിച്ചതു് പരിശുദ്ധ പിതാവിൻെറ പ്രതിനിധിയായി അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയാണു്.

# സത്യദീപം

പത്രാധിപന്മാർ

റവരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, NOVEMBER, 3 | No. 12


# ഗ്രാമജീവിതത്തിലെ വ്യതിയാനങ്ങൾ

ആധുനികപരിഷ്കാരത്തിൻെറ വേലിയേററത്തോടുകൂടി ഗ്രാമജീവിതത്തിൽ വന്നുവശായിട്ടുള്ള വ്യതിയാനങ്ങളെപ്പററി സശ്രദ്ധം പഠിച്ചറിയേണ്ട കാലം അതിക്രാന്തമായിരിക്കുകയാണ്. ഈ വ്യതിയാനത്തിൻെറ ബഹുമുഖസ്പർശിയായ പ്രത്യാഘാതങ്ങൾ സാമൂഹികജീവിതരംഗങ്ങളിലെല്ലാം ഒരു ദുർഘടപ്രശ്നമായി കഴിഞ്ഞിട്ടുണ്ട്. അതു നഗരപ്രദേശങ്ങൾക്കു സഹിക്കാനാവാത്ത ഒരു "അലട്ട്"പോലെ ആയിക്കഴിഞ്ഞിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലോ ചിരകാലമായി നിലനിന്നുപോന്ന സമാധാനപരവും സൗഭാഗ്യദായകവുമായ അന്തരീക്ഷത്തെ അതു പ്രക്ഷുബ്ധമാക്കിയിരിക്കുന്നു. ഇതിനുള്ള കാരണങ്ങളും പ്രതിവിധികളും പൊതുജനങ്ങളുടേയും, ജനനേതാക്കന്മാരുടേയും, ഭരണകർത്താക്കന്മാരുടേയും അടിയന്തിരമായ ശ്രദ്ധയ്ക്കു വിധേയമാകേണ്ടതു് ഇന്നത്തെ നീക്കിവയ്ക്കാൻ വയ്യാത്ത ഒരാവശ്യമാണ്.

### പഴയ അന്തരീക്ഷം

അടുത്ത കാലംവരെ ഗ്രാമങ്ങളും ഗ്രാമീണരിൽ ബഹുഭൂരിപക്ഷം വരുന്ന കർഷകരും പുരാതനവും ആദരണീയവുമായ അവരുടെ പാരമ്പര്യങ്ങളേയും സംസ്കാരവിശേഷങ്ങളേയും അണുവിട തെററാതെ ആദരിച്ചു ജീവിച്ചിരുന്നു. മതഭക്തി അവരുടെ ജീവിതസൗഭാഗ്യത്തിൻെറ ചൈതന്യവിശേഷമായിരുന്നു. ഒരു ക്രിസ്ത്യൻഗ്രാമമാകട്ടെ, ഹൈന്ദവഗ്രാമമാകട്ടെ, മുസ്ലീംഗ്രാമമാകട്ടെ ഏതുതന്നെയായിരുന്നാലും അവിടത്തെ പള്ളി അല്ലെങ്കിൽ അമ്പലം അവരുടെ ഐക്യത്തിൻെറയും സാമൂഹികബന്ധങ്ങളുടേയും കേന്ദ്രമായിരുന്നു. ക്രിസ്ത്യാനികളുടെ ഒരിടവകയിൽ ഇടവകവൈദികൻ അവരുടെ ആചാര്യൻ മാത്രമല്ല പിതാവും, ന്യായാധിപനും, മദ്ധ്യസ്ഥനും, മിത്രവും എല്ലാമായിരുന്നു. ഇടവകദേവാലയം സകല സാമൂഹികപരിപാടികളുടേയും കേന്ദ്രമായിരുന്നു. ഒരു പൊതുകുടുംബത്തിൻെറ പ്രതീതിയാണ് അവിടെ അനുഭവപ്പെട്ടുകൊണ്ടിരുന്നതു്. സർവ്വത്ര സമാധാനവും ക്രമവും പരസ്പരധാരണയും കളിയാടിയിരുന്നു.

### പരിണാമങ്ങൾ

ഈ സ്ഥിതിവിശേഷങ്ങൾ ഒന്നൊന്നായി അസ്തപ്രായങ്ങളാകുന്നതിനു പല സാഹചര്യങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. പ്രധാനമായ ഒരു പരിണാമഹേതു ആധുനികലോകത്തിലെ യന്ത്രങ്ങളുടെ പുരോഗതിയാണ്. ഏററം വിദൂരസ്ഥിതമായ കുഗ്രാമങ്ങളിൽപ്പോലും കൃഷികൾക്കു ഇന്നു വളരെയധികം യന്ത്രസാമഗ്രികൾ ഉപയോഗിച്ചുപോരുന്നുണ്ട്. പാശ്ചാത്യയൂറോപ്പിൽ ഒരു സ്ഥലത്തു 1930-ൽ കൃഷിക്കു 234,000 ട്രാക്ടറുകൾ ഉപയോഗിച്ചിരുന്നതിനുപകരം 1951-ൽ 840,000 ട്രാക്ടറുകൾ ഉപയോഗിച്ചിരുന്നതായി കണക്കു കാണുന്നു. ഇതുപോലെ മറെറല്ലാ കൃഷിജോലികളും അനുദിനം യന്ത്രീകരിക്കപ്പെട്ടുകയാണ്. അങ്ങിനെ ചുരുങ്ങിയ പ്രയത്നംകൊണ്ടു് വളരെ കൂടുതലായ ഉല്പാദനം സാദ്ധ്യമാകുന്നു. വിശ്രമസമയം വളരെ വർദ്ധിക്കുന്നു; അതു ആശാസ്യമായ ഒരു നേട്ടമാണെങ്കിലും കർഷകർക്കു അലസതയിലേക്കുള്ള ഒരാകർഷണമായി നിർഭാഗ്യവശാൽ പരിണമിക്കുന്നുണ്ട്.

പഴയ സാഹചര്യങ്ങളിൽ ഗ്രാമപ്രദേശങ്ങൾ ഏററം സമീപസ്ഥമായ നഗരങ്ങളിൽനിന്നുപോലും പ്രായേണ വിച്ഛേദിക്കപ്പെട്ട നിലയിലാണു കഴിഞ്ഞുകൂടിയിരുന്നതു്. പട്ടണങ്ങളുമായുള്ള അവയുടെ സമ്പർക്കം വളരെ പരിമിതമായിരുന്നു. ഇന്നാകട്ടെ യാത്രാസൗകര്യങ്ങളും വാർത്താവിതരണസൗകര്യങ്ങളും ഈ പ്രാകാരത്തെ തച്ചുടച്ചു കളഞ്ഞിരിക്കുകയാണ്. റോഡുകൾ, റെയിലുകൾ, കമ്പിത്തപാലുകൾ മുതലായവ ഏതു കുഗ്രാമത്തേയും നിഷ്പ്രയാസം അഭിഗമ്യമാക്കിച്ചെയ്തിരിക്കുന്നു. ബസ്സുകൾ, തീവണ്ടികൾ, ടെലഫോൺ, റേഡിയോ ഇവ ഏതു കുഗ്രാമത്തിലേയും സാധാരണ സമ്പർക്കമാർഗ്ഗങ്ങളാണ്. നിമിഷസമയത്തിനുള്ളിൽ ആളുകളും, സാധനങ്ങളും, വാർത്തകളും നഗരങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്കും, ഗ്രാമങ്ങളിൽനിന്നു നഗരങ്ങളിലേക്കും പകരപ്പെടുന്നു. "20 കൊല്ലംമുമ്പു 30 ദിവസംകൊണ്ടുമാത്രം നിശ്ചിതസ്ഥാനത്തെത്തിക്കാമായിരുന്ന ഒരു വീപ്പ വീഞ്ഞു് ഇപ്പോൾ 2 മണിക്കൂറുകൊണ്ടു ലക്ഷ്യത്തിലെത്തുന്നു"എന്നു വിനോദകരമായ ഒരു ചൊല്ലുണ്ട്. അതൊരു പരമാർത്ഥം മാത്രമാണ്. ഈദൃശ വ്യതിയാനങ്ങളുടെ ഫലമായി ജനങ്ങൾ ഗ്രാമപ്രദേശങ്ങളേയും ഗ്രാമീണമായ ജീവിതരീതികളേയും ഉപേക്ഷിച്ചു് നഗരമദ്ധ്യത്തിലേക്കു തള്ളിക്കയറുന്നു. അവിടെയാണല്ലോ അലസവും ധൂർത്തവുമായ ജീവിതസൗകര്യങ്ങൾ അധികമുള്ളതു്. ഫ്രാൻസിൽ 100,000 കർഷകർ പ്രതിവർഷം നഗരങ്ങളിലേക്കു സുഖജീവിതത്തിനുവേണ്ടി വാസംമാററുന്നു എന്നാണ് ഒരു കണക്കു കാണുന്നതു്. എല്ലാ രാജ്യങ്ങളിലും സാമൂഹികപ്രവർത്തകർക്കു തലവേദനയുണ്ടാക്കുന്ന ഒരു പ്രശ്നമാണ് ഈ ജനപ്രവാഹം.

### അനന്തരഫലം

അലസവും അശ്രദ്ധവുമായ ഈ മനോഭാവംമൂലം മാനവസമുദായത്തിൽ ദയനീയമായ വ്യതിയാനങ്ങളാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. സുഖപ്രദവും ആനന്ദദായകവുമായ ഒരു നഗരജീവിതത്തെ ആരും അപലപിക്കുകയില്ല. പക്ഷെ അലസവും ധൂർത്തവുമായ മനോഭാവം മനുഷ്യൻെറ ധാർമ്മികമൂല്യങ്ങളെ അവഗണിക്കുന്നതിനും ഭൗതികമായ ആദർശങ്ങളിലേക്കും ജഢികമായ വ്യാമോഹങ്ങളിലേക്കും അവനെ ആകർഷിക്കുന്നതിനും കാരണമാകുന്നു. അതിനു ഉപോൽബലകമായ ദുഷിച്ച സാഹചര്യങ്ങളും പ്രലോഭനങ്ങളും അവൻെറ മനശ്ശക്തിയെ പരാജയപ്പെടുത്തുകയും നാശഗർത്തത്തിലേക്കു സാവധാനത്തിൽ അവൻ വഴുതിവീഴുകയും ചെയ്യുന്നു. പട്ടണങ്ങളിൽ ഇരമ്പിപ്പായുന്ന വഷളായ ആദർശപ്രവാഹത്തിൽ സാധുവായ കർഷകൻ അവൻെറ ഗ്രാമീണമായ സകല കൈമുതലും കളഞ്ഞുകുളിച്ചു ഒരു വെറും ദുർഭഗനായി മാറുന്നു! യുവജനങ്ങളെ പ്രത്യേകിച്ചും ഞൊടിയിടകൊണ്ടു് പരിഷ്കാരരാക്ഷസി രക്തം ഊററിക്കുടിച്ചു വെറും ചണ്ടിയായി സമുദായമദ്ധ്യത്തിലേക്കു തള്ളുന്നു. ദുഷിച്ച സിനിമാ, ആഭാസമായ സാഹിത്യം, ഓടപ്പത്രങ്ങൾ, നാടകങ്ങൾ, നൃത്തങ്ങൾ ഇങ്ങനെ ഓരോ അധഃപ്പതനക്കേണികളിലൂടെ അറിയാതെ തന്നെ അപരിഹാര്യമായ ദാരുണാനുഭവങ്ങൾക്കു അവർ ഇരയായിത്തീരുന്നു. ഇതിൻെറ പ്രത്യാഘാതങ്ങൾ അതിവേഗത്തിൽ ഗ്രാമപ്രദേശങ്ങളിലേക്കു പ്രചരിക്കുകയും അവയേയും മലീമസമാക്കുകയും ചെയ്യുന്നു.

വ്യത്യാസപ്പെട്ട ഈ പരിതസ്ഥിതിയിൽ ധൂർത്തടിക്കുന്നതിനു പണമാണല്ലോ അത്യാവശ്യം. പണത്തിൻെറ നിലവാരം ഉയരുന്നു. പണമാണ് സർവ്വപ്രധാനമെന്നുള്ള ബോധം വന്നുചേരുന്നു. ഏതു വിധത്തിലും പണമുണ്ടാക്കണം എന്നുള്ള മനോഭാവത്തിൽ ധാർമ്മികനിയമങ്ങളെ അവഗണിച്ചു കൊള്ളലാഭത്തിനുവേണ്ടിയുള്ള കിടമത്സരം ഉന്നതിയെ പ്രാപിക്കുന്നു. ലൗകായതികത്വം, അഥവാ ഭൗതികാദർശം മനുഷ്യനെ ഭരിക്കുകയായി. ഈദൃശമായ ഒരു വിഭ്രാന്തിയാണ് ഇന്നത്തെ ലോകത്തെ— മാനവജീവിതത്തെ — ഉലച്ചുകൊണ്ടിരിക്കുന്നതു്. മതവിശ്വാസത്തിലും ധാർമ്മികനിലവാരത്തിലും ഒരു ഗ്രാമീണകർഷകൻ അധഃപ്പതിക്കുന്ന ചിത്രം ഒരു ഫ്രഞ്ചുലേഖകൻ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നതിപ്രകാരമാണ്:- ക്രിസ്തീയ ചൈതന്യം അവനിൽ തിരോഭവിക്കുന്നു; തൽഫലമായി അക്രൈസ്തവീകരണം സമാരംഭിക്കുകയും പുരോഗമിക്കുകയും ചെയ്യുന്നു; ജീവിതരീതിയിലും പ്രവർത്തനങ്ങളിലും ഒരു ചപലമനസ്സാക്ഷി പ്രത്യക്ഷപ്പെടുന്നു; വഞ്ചനാപരമായ മാർഗ്ഗങ്ങളിൽ കൂടിയാണെങ്കിലും ധനാർജ്ജനത്തിനുള്ള ആവേശം ശക്തിപ്രാപിക്കുന്നു, ഭൗതികതത്വസിദ്ധാന്തങ്ങളെ കണ്ണടച്ചനുഗമിക്കുന്നതിനു അവൻ സന്നദ്ധനാകുന്നു; കാരണം, ഈ അധഃപ്പതനത്തിനും ദുരാശയും അതനുയോജ്യമായി കാണുന്നു; "ധനത്തിലാണ് സൗഭാഗ്യം", "കനകം സകലവിധ ആനന്ദങ്ങൾക്കും മാർഗ്ഗമാണ്", എന്നിങ്ങനെ അവൻെറ മനസ്ഥിതിക്കിണങ്ങിയ തത്വങ്ങളാണല്ലോ അതു എടുത്തുകാട്ടുന്നതു്. ചുരുക്കത്തിൽ, ഏതു മാർഗ്ഗത്തിലും പണം കിട്ടണം എന്നതാണ് അവൻെറ ജീവിതലക്ഷ്യം. തദ്വാരാ പാവപ്പെട്ടവരോടുള്ള അനുകമ്പ നശിച്ചു വിദ്വേഷം സ്വയമേ അവനിൽ ശക്തിപ്പെടുകയാണ്. ഇതാണ് ദുർഭഗനായ ഒരു കർഷകൻെറ അധഃപ്പതനചിത്രം.

### വിശ്വാസനഷ്ടം

നഗരഭ്രാന്തു പിടിപെട്ട ഒരു ഗ്രാമീണകർഷകൻ ഗ്രാമത്തിൽനിന്നു അനീതിപരമായും സഹോദരസ്നേഹത്തെ ബലികഴിച്ചും പണം കവർന്നെടുത്തു നഗരങ്ങളിലെ മലീമസമായ ഭൗതികാനന്ദങ്ങളിൽ ആണ്ടുനശിക്കുന്നു. അപക്വമതികളായ ഗ്രാമീണയുവതീയുവാക്കന്മാർ നഗരത്തിൻെറ പരിഷ്കാരപ്പകിട്ടിൽപ്പെട്ടു മതിമറന്നും, വ്യാമോഹപരമായ അതിൻെറ പ്രലോഭനങ്ങളിൽ കുടുങ്ങിയും അഗ്നികുണ്ഡത്തിലെ ചിത്രശലഭങ്ങളെപ്പോലെ അവരുടെ ജീവിതം ചാമ്പലാക്കുന്നു. വിനാശത്തിൻെറ വിഷബീജങ്ങൾ ഭാവിതലമുറയ്ക്കു അവർ സമ്മാനിക്കുന്നു. മേലുദ്ധരിച്ച പണ്ഡിതനായ ലേഖകൻ ഫ്രാൻസിലെ കർഷകവിഭാഗത്തിൻെറ മതവിശ്വാസപരമായ സ്ഥിതിവിവരക്കണക്കു നൽകുന്നുണ്ട്. ഏറെക്കുറെ പല രാജ്യങ്ങളിലും സ്ഥിതിഗതികൾ വളരെ വിഭിന്നമായിരിക്കുകയില്ലല്ലോ. അദ്ദേഹം പറയുന്നതു് ഫ്രാൻസിലെ കർഷകജനതയിൽ ഇന്നു മതശാസനങ്ങൾ ഒരു വിധം നിറവേററി ജീവിക്കുന്നവർ 38 ശതമാനത്തിൽ അധികം വരികയില്ലെന്നാണ്. മാമ്മോദീസാ സ്വീകരിക്കുക; പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടത്തുക; ക്രിസ്തീയനിയമാനുസരണം വിവാഹം കഴിക്കുക; മരിച്ചുകഴിഞ്ഞാൽ ഒരു ക്രിസ്തീയസംസ്കാരം ലഭിക്കണമെന്നഭിലഷിക്കുക ഇതു മാത്രമാണ് 57 ശതമാനംപേരുടേയും ജീവിതക്രമം. രാജ്യത്തിനോ മതത്തിനോ സമുദായത്തിനോ എന്തുനന്മ ഇവരിൽനിന്നു പ്രതീക്ഷിക്കുവാൻ സാധിക്കും?

### നിവൃത്തിമാർഗ്ഗം

സഹസ്രാബ്ദങ്ങളായി മതവിശ്വാസത്തിൻെറ മണിമണ്ഡപങ്ങളായി പ്രശോഭിച്ചിരുന്ന ഗ്രാമപ്രദേശങ്ങളുടെ ഈ അധഃപ്പതനത്തിൽ അനുശോചിക്കാത്ത മനുഷ്യഹൃദയം ഉണ്ടാവുക സാദ്ധ്യമല്ലല്ലോ. ലക്ഷോപലക്ഷം വരുന്ന ഗ്രാമീണകർഷകജനത നാഗരികപരിഷ്കാരത്തിൻെറ മാദകലഹരിയിൽനിന്നുണരുന്നതിനും മനുഷ്യജീവിക്കനുചിതമായ അവരുടെ പരമ്പരാഗതമായ ആദർശജീവിതത്തിലേക്കു പ്രതിനിവർത്തിക്കുന്നതിനും വേണ്ട പ്രായോഗികപദ്ധതികളാണ് ഇന്നാവശ്യമായിരിക്കുന്നതു്. അവർ കുടുങ്ങിയിരിക്കുന്ന അന്ധമായ ചിന്താക്കുഴപ്പത്തെ പരിഹരിക്കണം. ഇന്നു നിലവിലുള്ള പരിതസ്ഥിതികളെ അവഗണിച്ചു പഴയജീവിതസാഹചര്യങ്ങളിലേക്കു അവരെ തിരിച്ചുകൊണ്ടുപോവുക സാദ്ധ്യമല്ല. ഇന്നത്തെ നിലയിൽ, ഇന്നത്തെ ചുററുപാടുകളിൽ യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുന്നതിനുള്ള പരിശീലനമാണ് അവർക്കു നൽകേണ്ടതു്. ധാർമ്മികമൂല്യങ്ങളെ വിലമതിക്കുന്നതിനും, വ്യക്തികൾ അവരുടെ ജീവിതരംഗങ്ങളിൽ അവയെ മുറുകെ പിടിക്കുന്നതിനും, അങ്ങിനെ ക്രിസ്തുവിൻെറ ഭരണം ഓരോ ഹൃദയത്തിലും ഉറപ്പിക്കുന്നതിനും ശ്രദ്ധിക്കട്ടെ. എത്ര വിഷമകരമായ സാഹചര്യങ്ങളിലും ഇളകാത്ത ഒരു ധർമ്മനിഷ്ഠ ഓരോരുത്തരിലും നട്ടുവളർത്തണം. അവധാനപൂർവ്വകമായ മതപഠനമാണ് ഏററം ആവശ്യമായ അടിസ്ഥാനം. ചെറുപ്രായംമുതൽ ബുദ്ധിയുടെ വികസനത്തോടൊപ്പം മതപഠനവും സന്മാർഗ്ഗജീവിതവും ഒത്തിണക്കി സ്വഭാവരൂപവൽക്കരണം നിർവ്വഹിക്കുകയാണെങ്കിൽ നഗരപരിഷ്കാരത്തിൻെറ ദുഷിച്ച ഫലങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും ഗ്രാമീണകർഷകജനതയെ ഇന്നത്തെ അധഃപ്പതനത്തിൽനിന്നും ഭാവിയിലെ നാശോന്മുഖമായ പുരോഗതിയിൽനിന്നും സംരക്ഷിക്കുന്നതിനും സാധിക്കുന്നതാണ്.

## അടുത്തയാഴ്ചയിൽ

നവംബർ

4 വ്യാ: കാർലോസ്
5 വെ: സ്സുറിയാ
6 ശ: ലെയോണാർദ്
7 ഞാ: പന്ത: 22-ാംഞായർ
8 തി: ജ്യോഫ്റി
9 ചൊ: ദിവ്യരക്ഷകൻെറ പള്ളിക്കൂദാശ
10 ബു: അന്ത്രയോസ് അവല്ലിനോസ്

## പ്രസാധകക്കുറിപ്പുകൾ

### ഇൻഡ്യയുടെ വിദേശനയം—റഷ്യയുടെ ലോകമേധാവിത്വം—

### മുൻസ്ഥാനപതിയുടെ പ്രസ്താവം

ഇൻഡ്യയിലെ മുൻ അമേരിക്കൻ സ്ഥാനപതി മിസ്റ്റർ ചെസ്റ്റർ ബൗൾസ് അമേരിക്കയിലെ ജോർജ് ടൗൺ സർവ്വകലാശാലയിൽ പ്രസംഗിക്കവെ ഇൻഡ്യയുടെ വിദേശനയത്തെ പ്രശംസിക്കുകയും, ലോകമേധാവിത്വമെന്ന റഷ്യയുടെ ലക്ഷ്യത്തിനു് മാററം സംഭവിച്ചിട്ടില്ലെന്നു് പ്രസ്താവിക്കുകയുമുണ്ടായി. ഏഷ്യ ഒരു യുദ്ധക്കളമാകാൻ പാടില്ലായ്കയില്ല. പക്ഷെ ജനാധിപത്യമോ കമ്മ്യൂണിസമോ ഏതാണു വിജയിക്കുന്നതെന്നു് യുദ്ധക്കളത്തിൽ വച്ചല്ല നിശ്ചയിക്കേണ്ടതു്; നെൽപ്പാടങ്ങളിലും ഗ്രാമങ്ങളിലും വച്ചാണ്. മലമ്പനിയെ നിർമ്മാർജ്ജനം ചെയ്യുന്നതിനും, ജീവിതത്തോതും സാക്ഷരത്വവും ഉയർത്തുന്നതിനും സാധിച്ചാൽ ഏഷ്യയിൽ ജനാധിപത്യം വിജയിക്കും.

ഇൻഡ്യയുടെ നിഷ്പക്ഷതാനയത്തിലും, വിദേശകാര്യം സംബന്ധിച്ചുള്ള നെഹ്റുവിൻെറ ചില പ്രസ്താവനകളിലും, അമർഷവും നിരാശയും തോന്നുന്ന അനവധി അമേരിക്കരുണ്ട്. ഈ നയപ്രഖ്യാപനവും, പ്രസ്താവനകളും കൊണ്ടു് ഇന്ത്യാ കമ്മ്യൂണിസ്റ്റനുഭാവിയാണെന്നു ധരിക്കുന്നതു തെററാണ്. ഇൻഡ്യയുടെ മനോഭാവം ഏഷ്യയുടെ ദീർഘകാലത്തെ സ്വാതന്ത്ര്യാസക്തിയുടെ ഒരു പ്രതിഫലനം മാത്രമാണ്. യൂറോപ്യൻ കൊളോണിയലിസത്തിനെതിരായുള്ള നീണ്ട യുദ്ധത്തിൻെറ പശ്ചാത്തലവും, ആഭ്യന്തരഭദ്രതയ്ക്കുള്ള തീവ്രയത്നവും, ഇന്ത്യയെ അങ്ങനെയൊരു നയപ്രഖ്യാപനത്തിനു പ്രേരിപ്പിച്ചതിൽ ആശ്ചര്യപ്പെടാനില്ല.

യൂറോപ്യൻ സമരങ്ങളിൽനിന്നു് അമേരിക്കാ ദീർഘകാലം ഒഴിഞ്ഞുനിന്നിരുന്ന ആ പാരമ്പര്യത്തിൻെറ പ്രതിഫലനമാണ് നാം ഇന്നു് ഇന്ത്യയിൽ ദർശിക്കുന്നതു്. ജനാധിപത്യമാർഗ്ഗങ്ങളിലൂടെ ജീവിതത്തോതു് ഉയർത്തുവാൻ ഇൻഡ്യ ഉററു ശ്രമിക്കുകയാണ്. കുറേശ്ശെ കുറേശ്ശെ ഇൻഡ്യ അക്കാര്യത്തിൽ പുരോഗതിയെ പ്രാപിക്കുന്നുമുണ്ട്.

സ്റ്റാലിൻെറ മരണശേഷം സോവിയററ് അടവുകൾക്കു സമൂലപരിവർത്തനം സംഭവിച്ചിട്ടുണ്ടെങ്കിലും ലോകമേധാവിത്വമെന്ന കമ്മ്യൂണിസ്റ്റു ലക്ഷ്യത്തിനു് മാററം സംഭവിച്ചിട്ടില്ലെന്നു് അദ്ദേഹം പ്രസ്താവിച്ചു. എന്നിട്ടിങ്ങനെ തുടർന്നു: 1948 നെ അപേക്ഷിച്ചു് കമ്മ്യൂണിസ്റ്റനുഴഞ്ഞുകയററം ഇൻഡ്യയിൽ കുറവാണ്. 1952-ലെ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകൾക്കു് 5 ശതമാനം വോട്ടു ലഭിച്ചു. അടുത്ത തിരഞ്ഞെടുപ്പിൽ ആ ശതമാനവും കുറയുമെന്നതു തീർച്ചയാണ്.

### അമേരിക്ക ഇൻഡ്യക്കു നൽകുന്ന സാമ്പത്തിക സഹായം

അമേരിക്കൻ ഐക്യസംസ്ഥാന ഗവമ്മെൻറ് ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം യുദ്ധഫലമായി നാശങ്ങളനുഭവിച്ചതും

വികസിക്കുവാൻ സ്വയം അശക്തങ്ങളുമായ അനേകം രാഷ്ട്രങ്ങൾക്ക് നാനാതരം സാമ്പത്തികസഹായങ്ങൾ നൽകിക്കൊണ്ടുപോരുന്നു. ആ രാജ്യങ്ങളിൽ ഇൻഡ്യയും ഉൾപ്പെടുന്നുണ്ട്. ഇൻഡ്യ അവരുടെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി പഞ്ചവത്സരപദ്ധതി ആരംഭിച്ചിരിക്കുകയാണല്ലോ. അതിൻെറ വിജയത്തിനു വേണ്ട സഹായങ്ങളാണ് അമേരിക്ക ഇൻഡ്യക്കു നൽകിക്കൊണ്ടിരിക്കുന്നതു്. ഇൻഡ്യക്കു നൽകാനുള്ള "ടെക്ക്നിക്കൽ സഹായപരിപാടി" 1951-ൽ ഉൽഘാടനംചെയ്തു. അതിനുശേഷം 1954 ജൂൺ 30-ാംനു-വരെ ഇൻഡ്യക്കു ആകെക്കൂടി 855 കോടിരൂപ (1774 ലക്ഷം ഡോളർ) സഹായം നൽകാൻ അമേരിക്ക തീരുമാനിച്ചു. 1953 ഒക്ടോബർ 28-ാം തീയതിയിലെ ഒരു കണക്കിൻ കാണുന്നതു് അതിൽ ഏകദേശം 23 കോടി രൂപാ (483 ലക്ഷം ഡോളർ) മാത്രം ആ തീയതിവരെ ഇൻഡ്യയിലെ നാനാതരം വികസനപരിപാടികൾക്കു വേണ്ടി വിനിയോഗപ്പെടുത്തിയെന്നാണ്. ആ പരിപാടികളിൽ മികച്ചതു്, കമ്മ്യൂണിററി വികസനം, ഫെർട്ടിലൈസറുകൾ, മലമ്പനി നിയന്ത്രണം, ജലസേചനത്തിനു വേണ്ടിയുള്ള ട്യൂബ്ബ് കിണറുകൾ, നദീതടവേലകൾ, ഇരുമ്പും ഉരുക്കും സജ്ജീകരിക്കൽ എന്നിവയാണ്.

ഇതിനുപുറമെ 1951-ൽ ഇൻഡ്യയിൽ പഞ്ഞത്തിൻെറ ഭീഷണിയുണ്ടായപ്പോൾ ആ പ്രതിസന്ധിഘട്ടം തരണംചെയ്യാൻ വേണ്ടി 90·8 കോടി രൂപ (1900 ലക്ഷം ഡോളർ) ഗോതമ്പുവാങ്ങാൻ വായ്പയായി അമേരിക്ക കൊടുത്തു.

## ഇൻഡ്യയിലെ അരി ഉല്പാദനം പ്രതീക്ഷിച്ച ലക്ഷ്യം പ്രാപിച്ചുകഴിഞ്ഞു

ഇൻഡ്യയിലെ മുഖ്യ ഭക്ഷ്യധാന്യമായ അരിയുടെ ഉല്പാദനം ഇക്കൊല്ലം 270 ലക്ഷത്തിൽപ്പരം ടൺവരെ എത്തിയിരിക്കുന്നു. ഇതു 1952-53 ലേതിൽ 40 ലക്ഷത്തിൽപ്പരം ടണ്ണും പഞ്ചവത്സരപദ്ധതിയിൽ 1954 ലേക്കു കുറിച്ചിരുന്നതിൽ 15 ലക്ഷം ടണ്ണും കൂടുതലാണ്. 1955-56-ൽ ഉല്പാദിപ്പിക്കാമെന്നു കരുതിയിരുന്നതാണ് ഇപ്പോൾ ഉല്പാദിപ്പിച്ചുകഴിഞ്ഞിരിക്കുന്നതു്. ഉല്പാദനം ഇത്രയും കൂടിയെങ്കിലും കൃഷിസ്ഥലവിസ്തീർണ്ണതയിൽ പറയത്തക്ക കൂടുതലുണ്ടായിട്ടില്ലെന്നുള്ളതാണ് ഇതിൻെറ ഒരു പ്രത്യേകത. 1953-54-ൽ 750 ലക്ഷം ഏക്കറിലേ നെൽകൃഷി ഉണ്ടായിരുന്നുള്ളു. 1950-51-ൽ പഞ്ചവത്സരപദ്ധതിയുടെ ആരംഭഘട്ടത്തിൽ 760 ലക്ഷത്തിൽപ്പരം ഏക്കറായിരുന്നു. കടുംകൃഷിയിൽ നിന്നാണ് ഉല്പാദനവർദ്ധനവുണ്ടായിരിക്കുന്നതെന്ന് ഇതിൽനിന്നു സ്പഷ്ടം. അരി കമ്മിയായിരുന്ന പല സ്റ്റേററുകളും ഇപ്പോൾ സ്വയം പര്യാപ്തമായിട്ടുണ്ടെന്നു മാത്രമല്ല പല സ്ഥലത്തും മിച്ചവുമുണ്ട്. അരിയുടെ ഉല്പാദനവർദ്ധനവുമൂലം അരി ഇറക്കുമതി വർഷംതോറും കുറഞ്ഞുകൊണ്ടാണിരുന്നതു്. 1951-ൽ 749,000 ടണ്ണും, 1952-ൽ 722,000 ടണ്ണും, 1953-ൽ 175,000 ടണ്ണും, 1954 സെപ്റ്റംബറിൽ 330,000 ടണ്ണും അരിയാണ് ഇൻഡ്യ ഇറക്കുമതി ചെയ്തിട്ടുള്ളതു്. 1954 ലെ ഇറക്കുമതി അടിയന്തിരഘട്ടത്തെ നേരിടുന്നതിനുവേണ്ടി സ്റ്റോക്കു ചെയ്യുന്നതിനു മാത്രമായിരുന്നു. ഉല്പാദനവർദ്ധനവുമൂലം വിലയിലും കുറവുണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം ഒരുമന്നു് അരിക്കു് 21-ം, 22-ം ക. വിലയുണ്ടായിരുന്നെങ്കിൽ, ഈ വർഷം പ്രസ്തുത സംഖ്യ 13 ക. മുതൽ 16 ക. വരെ കുറഞ്ഞിട്ടുണ്ട്.

* * *

## ഫീസ് നിർത്തൽ വണ്ടിക്കുപിന്നിൽ കാള — ടീച്ചേഴ്സ് അസോസ്യേഷൻ പ്രസിഡണ്ട്

തിരുക്കൊച്ചി പ്രൈമറിസ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് ശ്രീ ജി. ചന്ദ്രശേഖരപിള്ള ഒരു പ്രസ്സ് കോൺഫറൻസ് നടത്തിയതിൽ പി എസ്സ്. പി. ഗവമ്മേണ്ടിൻെറ ഒന്നും രണ്ടും ഫാറങ്ങളിലെ ഫീസിളവ് കാളയ്ക്കുമുമ്പിൽ വണ്ടി കെട്ടുന്നതുപോലെ ബുദ്ധിശൂന്യമായ നടപടിയാണെന്നു പറഞ്ഞു. രണ്ടാമതു ചെയ്യാനുള്ളതു് ആദ്യം ചെയ്തിട്ട് ആദ്യത്തേതു ചെയ്യാതിരുന്നാലുള്ള അവസ്ഥയെന്താണോ അതുതന്നെയാണ് ഈ പദ്ധതിക്കും ഉണ്ടാകുവാൻ പോകുന്നതു്. ഫസ്റ്റിലും സെക്കൻറിലും ഫീസു നിർത്തൽചെയ്ത തുകയുണ്ടായിരുന്നുവെങ്കിൽ പാവപ്പെട്ട നമ്മുടെ അദ്ധ്യാപകന്മാർക്ക് ശമ്പളക്കൂടുതൽ കൊടുക്കുന്നതിനും വളരെയധികം പുതിയ സ്കൂളുകൾ ഉണ്ടാക്കുന്നതിനും സാദ്ധ്യമാകുമായിരുന്നു. ഈ സൗജന്യമേൾപ്പാട്ട് സാധുക്കൾക്ക് ഒരു ഭാരമായിട്ടാണ് തീരുക. ഫീസുകൊടുക്കാൻ കഴിവുള്ളവരിൽനിന്നും ഫീസ് ഈടാക്കുകതന്നെവേണം. നല്ല വരുമാനമുള്ള എൻ. ജി. ഒ. മാരുടെ കുട്ടികൾക്കുപോലും ഫീസ് സൗജന്യം കൊടുത്തതു് നീതീകരിക്കത്തക്കതല്ല. പ്രൈമറി വിദ്യാഭ്യാസ ദേശീകരണം വളരെ വിഷമമുള്ള കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. കുട്ടികളെ സ്വകാര്യവിദ്യാലയങ്ങളിൽ മാത്രമേ അയക്കൂ എന്നു് നിർബ്ബന്ധമുള്ള ഒരുകൂട്ടം ആളുകൾ നമ്മുടെയിടയിലുണ്ട്. വിദ്യാലയങ്ങൾ ദേശീകരിക്കുന്നതിനു് അവർ എപ്പോഴും എതിരായിരിക്കും. കൊച്ചുകുട്ടികൾക്കു പഠിക്കാൻ മൂന്നും നാലും പുസ്തകങ്ങൾ നിശ്ചയിക്കുന്ന സമ്പ്രദായത്തെ അദ്ദേഹം പഴിച്ചു. നാലാം ക്ലാസ്സ് വരെയെങ്കിലും ഇപ്രകാരമുള്ള സിലബസ്സുകൾകൊണ്ട് നമ്മുടെ വിദ്യാർത്ഥികളെ വിഷമിപ്പിക്കാതിരിക്കുന്നതായിരിക്കും നല്ലതു്.

x x x x

## മലബാറിൽനിന്നു മിഷനറിപ്രവാഹം ഇൻഡ്യയുടെ ഇതര പ്രദേശങ്ങളിലേക്ക്

ഇൻഡ്യൻ സഭയിൽ ഈയിടെ ദൃശ്യമായിരിക്കുന്ന പ്രേഷിതസക്തി ആശ്വാസദായകമായ ഒരു പ്രവണതയാണ് അതിപുരാതനമായ നമ്മുടെ സഭയിൽ പ്രകടമായിരിക്കുന്ന ഈ മതപ്രചരണചൈതന്യം ശ്ലാഘനീയംതന്നെ. തമിഴ് ക്രൈസ്തവസമുദായത്തിൻെറ ചരിത്രത്തിലെ ഇരുളടഞ്ഞ ഈ ഘട്ടത്തിൽ മലബാറിൽനിന്നും സമാഗതരായ വൈദികർ വിശ്വാസത്തിൻെറ തിരിയെ തെളിക്കുകയുണ്ടായി. മലബാറിൽനിന്നു് ഡസൻ കണക്കിനു മിഷനറിമാർ ഇൻഡ്യയുടെ അതിവിസ്തൃതങ്ങളായ രംഗങ്ങളിലേക്ക് പ്രവഹിച്ചുകൊണ്ടാണിരിക്കുന്നതു് — എന്നത്രേ ട്രിച്ചിനാപ്പള്ളി സെൻറ്ജോസഫ് കോളേജ് പ്രൊഫസർ തോമ്മസ് ശ്രീനിവാസൻ പ്രസ്താവിക്കുന്നതു്. അദ്ദേഹം ഇങ്ങനെ തുടന്നു: അവരുടെ പ്രവർത്തനമാതൃക നേരിട്ടുകാണുവാൻ എനിക്കു ഭാഗ്യമുണ്ടായി. കോളാർ സ്വർണ്ണഖനി പ്രദേശത്തു് ചങ്ങനാശ്ശേരി സ്വദേശിയായ ഒരു മലയാളിമിഷനറി പരമസുന്ദരമായ തമിഴ്ശൈലിയിൽ ഉജ്ജ്വലതരമായി പ്രസംഗിക്കുന്നതു് ഞാൻ കേട്ടു. മറെറാരു മലയാളിമിഷനറിക്കു് തമിഴിൽ ഇക്കൊല്ലത്തെ ഏററവും നല്ല നോവലിനുള്ള സമ്മാനം ലഭിച്ചു. അദ്ദേഹംതന്നെയാണ് തമിഴിലെ ഏററവും പഴക്കമുള്ള കത്തോലിക്കവാരികയുടെ പത്രാധിപരും. അവരുടെ വംശം വർദ്ധിക്കുമാറാകട്ടെ.

മിഷൻ സംബന്ധിച്ച ചില കണക്കുകളും അദ്ദേഹം അനുസ്മരിപ്പിക്കുന്നു. 130 കോടി ജനങ്ങളുള്ള അതിവിസ്തൃതമായ ഏഷ്യയിൽ കത്തോലിക്കരുടെ സംഖ്യ കഷ്ടിച്ചു 3 കോടിയാണ്. ലോകത്തിലാകെയുള്ള 244 കോടി ജനങ്ങളിൽ 47 കോടിയാണു കത്തോലിക്കാസഭയിലുള്ളതു്. ഇന്നു മിഷൻ രംഗങ്ങളിൽ 17,000 മിഷനറി വൈദികരുള്ളതിൽ 80 ശതമാനവും യൂറോപ്യന്മാരാണ്. ക്ഷീണിച്ചവശയായിരിക്കുന്ന ഫ്രാൻസ്തന്നെ ഈ മിഷൻ രംഗത്തു് പ്രഥമസ്ഥാനത്തു നില്ക്കുന്നു. ലോകത്തിലാകെയുള്ള മിഷനറിവൈദികരിൽ 20 ശതമാനവും ഫ്രഞ്ചുകാരാണ്.

x x x x

## ഇൻഡ്യക്കുകത്തോലിക്കാസഭയോടു വളരെ കടപ്പാടുണ്ട് — മദ്രാസ്മേയർ

ഈയിടെ മദ്രാസ് സന്ദർശിച്ച അത്യുന്നതകർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിക്കു മദ്രാസ് കോർപ്പറേഷൻ ഹാർദ്ദമായ സ്വീകരണം നൽകിയ അവസരത്തിൽ മേയർ ശ്രീ ആർ. മുനിസ്വാമിപ്പിള്ള ചെയ്ത സ്വാഗതപ്രസംഗത്തിലെ ആശയങ്ങൾ ശ്രദ്ധാർഹങ്ങളാണ്.

തിരുമേനി ഇൻഡ്യയിലെ ആദ്ധ്യാത്മികവും മതപരവുമായ രംഗങ്ങളിലുള്ള ഏററവും പൂജ്യനും സമുന്നതനുമായ വ്യക്തിയാകുന്നു. തൻെറ പ്രതാപം സ്വയപരിത്യാഗവും, തൻെറ ജീവിതം ദൈവത്തിൻേറയും മനുഷ്യവർഗ്ഗത്തിൻേറയും സേവനത്തിനായുള്ള കാണിക്കയുമായ ഒരു ഗുരുവിനെയാണ് തിരുമേനിയിൽ ഞങ്ങൾ അഭിവാദനം ചെയ്യുന്നതു്. ക്രിസ്തുമതചരിത്രം ഇൻഡ്യയിൽ ആരംഭിക്കുന്നതു് അപ്പസ്തോലന്മാരുടെ കാലംമുതലാണ്. എങ്കിലും ഒരു ഇൻഡ്യൻപൗരനെ ഒരു കർദ്ദിനാളിൻെറ അത്യുന്നതസ്ഥാനത്തേക്ക് റോമാ ഉയർത്തിയതു് ഇതാദ്യമായിട്ടാകുന്നു. ആ സ്ഥാനം വഹിക്കുവാൻ ഏററവുമധികം യോഗ്യതയുള്ള ആൾതന്നെ അതിനായി തിരഞ്ഞെടുക്കപ്പെട്ടു. ഇൻഡ്യയിൽ കത്തോലിക്കാസഭയുടെ ചരിത്രത്തിലെ സുവർണ്ണഘട്ടം കുറിക്കുന്ന ഈ അവിസ്മരണീയ സംഭവത്തിൻെറ പ്രാധാന്യം ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. ആകയാൽ തിരുസിംഹാസനത്തിൽനിന്നും ലഭിച്ച ഈ അന്യാദൃശ ബഹുമതിയിൽ തിരുമേനിക്കു് ഞങ്ങളുടെ ആശംസകളും അനുമോദനങ്ങളും സമർപ്പിക്കുവാൻ ഈയവസരം ഞങ്ങൾ വിനിയോഗിച്ചുകൊള്ളുന്നു. കർദ്ദിനാൾസംഘത്തിലേക്കു് തിരുമേനി ഉയർത്തപ്പെട്ടപ്പോൾ ഇനിയത്തെ മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പിനു് ഒരു പ്രതിനിധിയെ അയക്കുവാനുള്ള അവകാശം ഇൻഡ്യക്കു ലഭിച്ചിരിക്കുകയാണ്. ഇൻഡ്യക്കു കത്തോലിക്കാസഭയോടു വളരെ കടപ്പാടുകളുണ്ട്. ഈ നമ്മുടെ പട്ടണത്തിൽതന്നെ വിദ്യാഭ്യാസം, രോഗനിവാരണം എന്നീ രംഗങ്ങളിൽ സഭ നൽകിയിട്ടുള്ള സംഭാവന ആശ്ചര്യകരംതന്നെ. ഈ പട്ടണത്തിലെ കോളെജുകളിൽ വച്ചു് ലോയോളാ കോളെജാണ് സർവ്വകലാശാലാ ജീവിതത്തിലും സംസ്കാരത്തിലും ഒന്നാമതായി പരിശോഭിക്കുന്നതു്. അത്തരം സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തിലെ കത്തോലിക്കരും ഇതരസമുദായങ്ങളും തമ്മിലുള്ള സൗഹാർദ്ദത്തിൻേറയും സൗമനസ്യത്തിൻേറയും ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നു. തിരുസഭയ്ക്കും രാജ്യത്തിനും സേവനം ചെയ്യാൻ കഴിയുന്ന സുദീർഘവും ത്യാഗസന്നദ്ധവുമായ ജീവിതം തിരുമേനിക്കു് കൈവരട്ടെ എന്നു ഞങ്ങൾ ആശംസിക്കുകയും, സർവ്വശക്തൻ തൻെറ അനുഗ്രഹങ്ങളെ വർദ്ധമാനമായ സമൃദ്ധിയോടുകൂടി തിരുമേനിയുടെമേൽ വർഷിക്കണമേ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—12—0 |



ശരിയായ സ്ഥാപനത്തിൻെറ പേരു്

കാളൻ

സ്ഥലപ്പേരു്

നെല്ലായി

രോഗവിവരക്കത്തുകളും മററും അയക്കേണ്ടും വിലാസം

കാളൻ, നെല്ലായി

N. B. അനുകരണങ്ങളെ സൂക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്കു എഴുതുക.


## ജപാപ്പസ്തോലസഖ്യത്തിൻെറ നവമ്പർമാസത്തെ പൊതുനിയോഗം

"ഗ്രാമീണജനങ്ങളുടെ ഇടയിൽ വിശ്വാസം സംരക്ഷിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്നതിനു്."

## വേദപ്രചാരനിയോഗം

"മദ്ധ്യഅമേരിക്കയിലേയും ആൻറിലസ് ദ്വീപുകളിലേയും മിഷൻ രംഗങ്ങൾക്കു വേണ്ടി."

വിശുദ്ധ യൗസേപ്പു പിതാവിൻെറ മദ്ധ്യസ്ഥതയിലും വെ. അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ സുഖക്കേടു് മാറിയതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

എം. പി. മേരി, അവിരാപ്പാട്ടു്, കോതമംഗലം

## കൃതജ്ഞത

വി. പത്താംപീയൂസ് മാർപ്പാപ്പായുടെ മദ്ധ്യസ്ഥതാൽ അപേക്ഷിച്ച കാര്യം സാധിച്ചതിനു് കൃതജ്ഞത.

J. P. L., Pudukad

## വിനോദവീഥി




"കുളിക്കണം കുളിക്കണം-ന്നു പറയുന്നവർക്കെളുപ്പമാ. എനിക്കു തണുക്കും. ഈ കാലവർഷമങ്ങു കഴിയാതെ ഞാൻ കുളിക്കില്ല, നിശ്ചയം!"

* * *

അയൽക്കാരൻ:- ചങ്ങാതീ, തൻെറ ഈ വികൃതിച്ചെറുക്കനു് എങ്ങിനെ ഈ പരുക്കുപററി?

സ്നേഹിതൻ:- അതോ, അതു തൻെറ ആ നല്ല സന്തതി ഒരു വടിപ്രയോഗം നടത്തിയതാണ്.

x x x x

ഒരു തിരഞ്ഞെടുപ്പിൽ വാശിയായി മത്സരിച്ചുകൊണ്ടിരുന്ന സ്ഥാനാർത്ഥികൾ ഒരു ജനക്കൂട്ടത്തിനിടയിൽനിന്നു് പരസ്പരം ഭത്സിച്ചുകൊണ്ടിരുന്നു.

ഒരുത്തൻ:- എടോ, കാര്യംകാണാൻ നൂറു വഴികൾ ഉണ്ട്. പക്ഷെ നീതിയായ മാർഗ്ഗം ഒന്നേയുള്ളു എന്നു താൻ മനസ്സിലാക്കണം.

രണ്ടാമൻ:- അതെനിക്കറിയാം. പക്ഷെ, തനിക്കതറിയാമെന്നു് ഞാൻ മനസ്സിലാക്കിയിരുന്നില്ല.




വിമർശനവീഥി

# കമ്മ്യൂ: പാർട്ടിയുടെ വഞ്ചനകൾ

## എക്സ്കമ്മ്യൂണിസ്റ്റിന്റെ അനുഭവം

**കമ്മ്യൂണിസ്റ്റ് പാർട്ടി അംഗവും കമ്മ്യൂണിസ്റ്റ് ട്രേഡ് യൂണിയനുകളുടെ പ്രസിഡണ്ടുമായിരുന്ന ശ്രീ ശാർങ്ഗധരൻ പാർട്ടി നേതൃത്വത്തിന്റെ സ്വാർത്ഥലോലുപതയും തൊഴിലാളിവിരുദ്ധപ്രവർത്തനവും സഹിക്കവഹിയാതെ രാജിവച്ചിരിക്കുന്നു—തൊഴിൽത്തർക്കങ്ങളിലൂടെ സ്വന്തം വ്യവസായത്തിന്റെ പുരോഗതി കണ്ടെത്തുന്ന കമ്മ്യൂണിസ്റ്റ് നേതൃത്വം മർദ്ദിതവർഗ്ഗത്തിന്റെ തീരാശാപമാണെന്നും, കമ്മ്യൂണിസ്റ്റ് പാർട്ടി യഥാർത്ഥ തൊഴിലാളിപ്പാർട്ടിയല്ലെന്നും ശാർങ്ഗധരന് ബോദ്ധ്യമായിരിക്കുന്നു—കേരളകമ്മ്യൂണിസ്റ്റ് പാർട്ടി ചെയ്ത ജനവഞ്ചനകളുടെ സംഭ്രമജനകങ്ങളായ വിവരങ്ങൾ അദ്ദേഹം വെളിപ്പെടുത്തുന്നു.**

ശ്രീ ശാർങ്ഗധരൻ ബി. എ. ആലപ്പുഴ കയർഫാക്ടറി തൊഴിലാളിയൂണിയൻ വൈസ് പ്രസിഡണ്ടും, പ്രസ്സ് വർക്കേഴ്സ് യൂണിയൻ പ്രസിഡണ്ടും, റബർ വർക്കേഴ്സ് പ്രസിഡണ്ടുമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരുന്നത നേതാവെന്ന നിലയിലാണ് പ്രസ്തുതസ്ഥാനങ്ങൾ അദ്ദേഹം വഹിച്ചുകൊണ്ടിരുന്നത്. പാർട്ടിയുടെ തൊഴിലാളിവഞ്ചനയിൽ പ്രതിഷേധിച്ച് അദ്ദേഹം പാർട്ടിയിൽനിന്നും തൊഴിലാളി നേതൃസ്ഥാനങ്ങളിൽനിന്നും രാജിവച്ചുകൊണ്ട് ഒരു പ്രസ്താവന പത്രങ്ങളിൽ പ്രസിദ്ധീകരിക്കയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തൊഴിലാളിവഞ്ചനയെപ്പറ്റി തനിക്കുണ്ടായിട്ടുള്ള അനുഭവങ്ങളെയും മറ്റും അദ്ദേഹമതിൽ താഴെ കാണുംവിധം വിവരിച്ചിരിക്കുന്നു.

### കമ്മ്യൂണിസ്റ്റ് നേതൃത്വം മർദ്ദിതവർഗ്ഗത്തിന്റെ തീരാശാപം

മർദ്ദിതവർഗ്ഗത്തിന്റെ മോചനത്തിലൂടെ സ്വന്തം മോചനം കണ്ടെത്തിയ ഞാൻ വളരെയധികം പ്രതീക്ഷകളോടെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കിറങ്ങിയത്. എന്നാൽ കഴിഞ്ഞ കൊല്ലങ്ങളിലെ ഒരു കമ്മ്യൂണിസ്റ്റുകാരനും പല തൊഴിലാളി സംഘടനകളുടെ പ്രസിഡണ്ടും എന്ന നിലയിൽ എനിക്കുണ്ടായിട്ടുള്ള അനുഭവം ഈ പ്രതീക്ഷകളെ തകർക്കുകയും, കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു യഥാർത്ഥ തൊഴിലാളിപ്പാർട്ടിയല്ല എന്ന വസ്തുത എന്നെ ബോദ്ധ്യപ്പെടുത്തുകയും മാത്രമാണ് ചെയ്തിട്ടുള്ളത്.

തൊഴിൽതർക്കങ്ങളിലൂടെ സ്വന്തം വ്യവസായത്തിന്റെ പുരോഗതി കണ്ടെത്തുന്ന നേതൃത്വം ഈ നാട്ടിലെ മർദ്ദിതവർഗ്ഗത്തിന്റെ തീരാശാപമാണ്. തൊഴിലാളിതാല്പര്യങ്ങൾ വിട്ടുകൊണ്ട് പാർട്ടിനേതൃത്വം അംഗീകരിച്ചിട്ടുള്ള എത്രയെത്ര തീരുമാനങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കുവാനുണ്ട്. സീതാറാംമില്ലിന്റെ പടിക്കൽ കമ്മ്യൂണിസ്റ്റ് നേതൃത്വം നടത്തിയ നിരാഹാരസത്യഗ്രഹപ്രഹസനവും, ദയനീയമായിപരാജയമടഞ്ഞ ട്രാൻസ്പോർട്ട് സമരവും, പഴയ തൊഴിലാളികളെവെളിയിൽ നിറുത്തിക്കൊണ്ടു പണ്ടകശാലാതൊഴിലാളികളുടെമേൽ അടിച്ചേൽപ്പിച്ച തീരുമാനവും, ലേ ഓഫ് കാമ്പൻസേഷൻ മുതലാളിക്കു വിട്ടുകൊണ്ട് റബർഫാക്ടറിയിൽ അംഗീകരിച്ച തീരുമാനവും, പിയേഴ്സ്‌ലസ്‌ലി തൊഴിലാളികളുടെ തൊഴിലില്ലായ്മ പ്രശ്നത്തിൽ നേതൃത്വം അംഗീകരിക്കുന്ന തൊഴിലാളി വിരുദ്ധമനോഭാവവും, എമ്പയർ കമ്പനിയിലെ സ്ഥിരം തൊഴിലാളികളിൽ ഒരു വിഭാഗം ഇന്നും അനാഥരായി തെക്കു വടക്കു നടക്കുന്നതിന്റെ ഉദ്ദേശവും രഹസ്യവും, കമ്മ്യൂണിസ്റ്റ് നേതൃത്വം ആണയിട്ടാണയിട്ട് നിലവിളിക്കുന്ന തൊഴിലാളിവർഗ്ഗക്കൂറിന്റെ പ്രതിഫലനങ്ങളാണ്.

### കമ്മ്യൂണിസ്റ്റ് നിഘണ്ടുവിൽ സദാചാരത്തിന്റെ അർത്ഥം

എന്നെ വ്യഭിചാരിയും മദ്യപനുമാക്കി മുദ്രകുത്തി താറടിച്ചു കാണിക്കുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ട് ഞാൻ വൈസ് പ്രസിഡണ്ടായിരുന്ന കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ ആഫീസിൽനിന്നും 19-9-54ൽ എനിക്കൊരു ഭീഷണിക്കത്തു കിട്ടി. ആ കത്തും പാർട്ടിയിലെ അപൂർവ്വം ചില വ്യക്തികൾക്കു മാത്രം അറിവുള്ള പാർട്ടിക്കുള്ളിലെ സാമ്പത്തികപ്രശ്നങ്ങളും മറ്റും വേണ്ടിവരുന്നപക്ഷം പരസ്യപ്പെടുത്തേണ്ടിവരുമെന്ന്, കണ്ണാടിക്കൂട്ടിൽനിന്നും കല്ലെറിയുവാൻ ശ്രമിക്കുന്നവൻ മനസ്സിലാക്കുന്നതു നന്നായിരിക്കും. പാർട്ടിയിൽനിന്നു വിട്ടുപോകുമെന്ന് സംശയമുള്ള പലരേയും സദാചാരത്തിന്റെ പേരിൽ ഈയിടെയായി സസ്പെൻറുചെയ്യാൻ തുടങ്ങിയിട്ടുണ്ട്. (കേരളത്തിലെ ചില ഉന്നതന്മാരായ കമ്മ്യൂണിസ്റ്റുകാരുടെ വിവാഹബന്ധം സംബന്ധിച്ചുള്ള സദാചാരരഹിതമായ നടപടികൾക്കു ഉദാഹരണങ്ങൾ നൽകുന്ന തുടർന്നുള്ള ഒരു ഭാഗം ഞങ്ങൾ വിട്ടുകളയുന്നു. സ. പ.) അധികാരസ്ഥാനവടംവലിയിൽ താരതമ്യേന ദുർബ്ബലമാകുന്ന ഗ്രൂപ്പിന്റെ നേതാവിനെ തേജോവധം ചെയ്യുവാൻ മറുഗ്രൂപ്പുകാർ ഉപയോഗിക്കുന്ന ഒരായുധമെന്നാണ് കമ്മ്യൂണിസ്റ്റ് നിഘണ്ടുവിൽ സദാചാരത്തിന്റെ അർത്ഥം. ഈ സദാചാരനിരതന്മാരിൽനിന്നും വൈകിയ വേളയിലെങ്കിലും എന്നെ രക്ഷിച്ച ബഹുജനങ്ങളോട് ഞാൻ നന്ദിയുള്ളവനാണ്. ഉന്നതന്മാരെന്ന് അറിയപ്പെടുന്ന പലരും ഇന്നു കമ്മ്യൂണിസ്റ്റ് ചേർക്കണ്ടിൽ ആണ്ടുപൂണ്ട് കിടക്കയാണ്. അവിടെനിന്നും കയറുവാനുള്ള വെമ്പലിൽ ഒരു കാലു് വലിക്കുമ്പോൾ മറുകാലു കൂടുതൽ താണുപോകുന്ന അനുഭവമാണ് അവർക്കുള്ളത്. കമ്മ്യൂണിസ്റ്റുറുകത്തിൻ കീഴിൽ ആത്മാർത്ഥമായ തൊഴിലാളിപ്രവർത്തനം അസാദ്ധ്യമായി തീർന്നിരിക്കുന്നതുകൊണ്ടു ....എന്നീ സംഘടനകളുടെ പ്രസിഡണ്ടു സ്ഥാനം ഞാൻ രാജിവയ്ക്കുന്നു.

x x x

ശ്രീ ശാർങ്ഗധരന്റെ ഈ പ്രസ്താവനയ്ക്കു് തിരു-കൊച്ചി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രേരണയിൽ "ജനയുഗ"ത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട മറുപടിക്കു മറുപടിയായി അദ്ദേഹം വേറൊരു പ്രസ്താവന പത്രങ്ങൾക്കു നൽകി "ഞാൻ എന്റെ രാജിയിൽ ഉന്നയിച്ചിരുന്ന ഒരൊറ്റ ആരോപണത്തിനും മറുപടി പറയാത്ത വെറും പ്രസ്താവന" എന്നു് പ്രസ്തുത മറുപടിയെ നാമകരണം ചെയ്തുകൊണ്ടു് അതിനുള്ള മറുപടിപ്രസ്താവനയിൽ ശ്രീ: ശാർങ്ഗധരൻ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ മേൽ ഇങ്ങനെ ആരോപണങ്ങൾ നടത്തുന്നു.

### വിഷംകൊടുത്ത് പണം അപഹരിക്കാൻ ഗൂഢാലോചന നടത്തിയ കാട്ടാളനേതൃത്വം

ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനയിതാക്കളിൽ ഒരാളായ ബാട്ട്‌ലിബായിയും, കേരളത്തിലെ കമ്മ്യൂണിസ്റ്റ് സിംഹമെന്ന അപരാഭിധാനത്തിൽ അറിയപ്പെട്ടിരുന്ന സർദാർ ചന്ദ്രോത്തും പാർട്ടിയിൽനിന്ന് രാജിവച്ച അവസരത്തിൽ അവർ പാർട്ടിയിലെ അംഗങ്ങൾപോലും ആയിരുന്നില്ലെന്നു് ധീരഘോരം പ്രസംഗിക്കുവാനുള്ള ചങ്കൂറ്റം പ്രകടിപ്പിച്ച കമ്മ്യൂണിസ്റ്റ് നേതൃത്വം—കായിപ്പുറത്തൊരു വീട്ടിൽ 8000 രൂപായുമായി ഒളിവിലിരുന്ന കേരളകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനയിതാവായ സ. പി. കൃഷ്ണപിള്ളയെ വിഷംകൊടുത്തു പണം അപഹരിക്കുവാൻ ഗൂഢാലോചന നടത്തിയ നീചനീചവും മൃഗീയവുമായ പ്രവണതകൾ ഉൾക്കൊള്ളുന്ന ഈ കാട്ടാളനേതൃത്വം—തിരു-കൊച്ചിയിലെ ഉന്നതന്മാരായ തൊഴിലാളി നേതാക്കളെ ഉൾക്കൊള്ളുന്ന കമ്മ്യൂണിസ്റ്റ് ട്രേഡ്‌യൂണിയൻ യൂണിററിലെ ഒരംഗമായിരുന്ന എന്നെ, ഞാൻ പ്രസിഡണ്ടായിരുന്ന സംഘടനകളുടെ എണ്ണം കുറച്ചുകാട്ടി ഒരു സാധാരണ പാർട്ടിമെമ്പറെങ്കിലുമാക്കിസംസാരിച്ചുസന്തമനോഭാവത്തിനു് കൂപ്പുകൈ! കോട്ടയം സിമൻറു് ഫാക്ടറിയിലെ നൂലാമാലപിടിച്ച തൊഴിൽതർക്കത്തിലും, തകർന്ന പാർട്ടിഫ്രാക്ഷനുകൾ പുനർജ്ജീവിപ്പിക്കുവാൻ കൊച്ചിൻ പോർട്ട് കാർഗോ യൂണിയനിലും, സീതാറാമിലും, ആർ എസ് പി നയിച്ച സ്റ്റീൽ വേ സമരം തകർക്കുവാൻ നിയുക്തനായിരുന്നതും ഈ സാധാരണക്കാരനാണ്. ഈ പട്ടിക എത്രു വേണമെങ്കിലും നീട്ടാം. തിരുകൊച്ചിവ്യാപകമായി ഞാൻ ഇടപെട്ടിട്ടുള്ള തൊഴിൽതർക്കങ്ങളിൽനിന്നും ഞാൻ ഔദ്യോഗികസ്ഥാനം വഹിച്ചുകൊണ്ടിരുന്ന സംഘടനകളിൽനിന്നും എനിക്കടിക്കടി ഉണ്ടായ്ക്കൊണ്ടിരുന്ന അനുഭവം, കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു തൊഴിലാളിപ്പാർട്ടിയല്ലെന്നും, പ്രത്യുത ഒരു കൂട്ടം കവർച്ചസംഘമാണെന്നും, ട്രേഡ്‌യൂണിയൻ പണമുള്ളവരെ ഭയപ്പെടുത്തുവാൻ അവരുടെ കൈയിലെ കത്തിയാണെന്നും, പ്രക്ഷോഭണം ഉരുമ്പുമാററാൻ അതിൽ പുരട്ടുന്ന തൈലമാണെന്നുമുള്ള വിശ്വാസത്തിലേക്ക് എന്നെയെത്തിക്കുകയാണ് ചെയ്തതു്......ആകാശത്തിനു താഴെ യാതൊരു ശക്തിക്കും പാർട്ടി ഉൾക്കൊള്ളുന്ന സ്വാർത്ഥലോലുപതയും തൊഴിലാളിവിരുദ്ധപ്രവർത്തനങ്ങളും തുടച്ചുനീക്കുവാൻ സാദ്ധ്യമാകയില്ലെന്നു് ബോദ്ധ്യമായതുകൊണ്ടു് അവസാനം ഞാൻ രാജിവയ്ക്കുകയാണുണ്ടായതു്. ഇങ്ങനെ പ്രസ്താവിച്ച ശേഷം ശ്രീ ശാർങ്ഗധരൻ കേരളകമ്മ്യൂണിസ്റ്റ് പാർട്ടിചെയ്ത ജനവഞ്ചനകളുടെ ഒരു പട്ടിക നൽകുന്നു. അതാണ് താഴെ ചേർക്കുന്നതു്.

### കേരളകമ്മ്യൂണിസ്റ്റുപാർട്ടി ചെയ്ത ജനവഞ്ചനകളുടെ പട്ടിക

1) കമ്മ്യൂണിസ്റ്റുപാർട്ടി രസീതുബുക്കനമ്പർ 26 മുതൽ 50 വരെയും 401 മുതൽ 500 വരെയുമുള്ള കുററികൾ പിരിച്ച രൂപാ (12800) പന്തീരായിരത്തി എണ്ണൂറോളം അപഹരിച്ചശേഷം ഉന്നതനായ ഒരു പാർട്ടിനേതാവു് തന്റെ സഹപ്രവർത്തകരിൽ പലരേയും അറിയിക്കാതെ ആ കുററികൾ കരിച്ചുകളയുവാൻ തന്റെ ഏററവും വിശ്വസ്തനായ ഒരനുയായിയെ ഏല്പെടുത്തി. വേണ്ടിവരുന്നപക്ഷം ഇതിനുള്ള തെളിവു കോടതിയിൽവരെ ഹാജരാക്കുവാൻ ഞാൻ തയ്യാറാണ്. ഈ ഭീമമായ തുക കൈയിൽ വച്ചുകൊണ്ടു് ഈ നേതാവു പണം പലിശയ്ക്കുകൊടുത്തു ബിസ്സിനസ്സു നടത്തുകയാണ്.

2) പാർട്ടിപരിപാടികൾ കയർഫാക്ടറിവർക്കേഴ്സു് യൂണിയനിൽ നടപ്പാക്കുവാൻ സാധിക്കുന്നില്ല എന്ന വാദം ഉന്നയിച്ചുകൊണ്ടു് കയർഫാക്ടറിവർക്കേഴ്സു യൂണിയനു് കോമളപുരത്തുനിന്നും ഒരു സഖാവിനെ അന്നത്തെ ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ ആക്ടിംഗ് ജനറൽ സെക്രട്ടറിയായി അഭിഷേകംചെയ്തു് ബോണസിനത്തിൽ പിരിച്ച രൂപാ (7500) ഏഴായിരത്തി അഞ്ഞൂറു് രണ്ടു ഉന്നതന്മാരായ നേതാക്കന്മാർ പങ്കിട്ടെടുത്തിട്ടു് കണക്കു ചോദിച്ചപ്പോൾ ചില ബുക്കുകൾ കാണാനില്ലെന്നു് ആക്ടിംഗ് ജനറൽ സെക്രട്ടറിയെക്കൊണ്ടു പറയിപ്പിച്ചു് അതിൽനിന്നും തടിതപ്പി. കൂടാതെ യൂണിയൻ കമ്മ്യൂ. പാർട്ടി അംഗങ്ങളെ വിളിച്ചുകൂട്ടി, വെളിക്കുള്ള ആളുകൾ ചോ

(ശേഷം 5-ാംപേജിൽ)


Telegrams: CITYHALL Phone: 381

CITY HALL CH

THE SILK HOUSE

(Direct importers)

BROADWAY, ERNAKULAM-1



## ഓമനയ്ക്കു് 17 വയസ്സാകുമ്പോൾ !

നിങ്ങളുടെ അരുമസന്താനം ഓമന ഇന്നൊരു കൈക്കുഞ്ഞാണ്. കുറെ കളിക്കോപ്പുകളും നിങ്ങളുടെ സ്നേഹലാളനകളും ഇന്നവളെ സന്തോഷിപ്പിക്കും. അവളുടെ സന്തോഷത്തിൽ നിങ്ങളും ആനന്ദംകൊള്ളും.

പക്ഷേ വർഷങ്ങൾ കഴിഞ്ഞുപോകും. ഓമന വളർന്നുവരും. കാലത്തിന്റെ തികവിൽ അവളെ വിവാഹവേദിയിലേക്കാനയിക്കേണ്ടതായിവരും. സ്നേഹലാളനകളിൽമാത്രം അന്നു് അവൾ തൃപ്തി കണ്ടെത്തുകയില്ല. ഒരു നല്ല സ്ത്രീധനമാണ് അന്നവളെ ഏററവും സന്തോഷിപ്പിക്കുക.

ഓമന വളർന്നുവരുന്നതോടുകൂടി വളർന്നുവരുന്ന ഒരു സ്ത്രീധനത്തുക മുൻകരുതുന്നതിനു്

## ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

നിങ്ങളെ സഹായിക്കും.

ഒരു നിശ്ചിത തുക (100ക.) അർദ്ധവാർഷികമായി 34 പ്രാവശ്യം ബാങ്കിൽ അടക്കുമ്പോൾ (3400ക.) അതു് 50 ഇരട്ടിയായി വർദ്ധിക്കുന്നു.

$x \times 34 = 50x.$

5ക. യിൽ കുറയാത്ത ഏതു തുകകൊണ്ടും പദ്ധതി ആരംഭിക്കാം.

50ക. യിൽ കുറയാത്ത തുകകൾക്കു് ചെക്കുകൾ കമ്മീഷൻകൂടാതെ സ്വീകരിക്കുന്നതാണ്.

വിശദവിവരങ്ങൾക്കു് :

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ.

സെൻറ് വിൻസെൻറ് ഡി പോൾ സംഘം

# കത്തോലിക്കാ സാഹിത്യപ്രചാരണം

(ഡേവിഡ് മഹാപിള്ള)

പല പട്ടണങ്ങളിലും പ്രധാന തെരുവീഥികളിൽ, പുസ്തകങ്ങളും ലഘുലേഖകളും മററും പൊക്കിപ്പിടിച്ചുകൊണ്ട്, യുവാക്കന്മാരും യുവതികളും നിരന്നിരന്നു നില്ക്കുന്നതു സാധാരണ കാണാറുണ്ടല്ലോ. "യഹോവയുടെ സാക്ഷികൾ" എന്ന ഒരു വിഭാഗക്കാരാണു ഇക്കൂട്ടർ. ക്രൈസ്തവരുടെ നാമത്തിൽ പല അസത്യങ്ങളും അബദ്ധങ്ങളും ഇവർ പ്രചരിപ്പിക്കുന്നു. ഇതുപോലെ വേറെയും പല ക്രൈസ്തവസഭക്കാരുമുണ്ട്. ഇക്കൂട്ടരെ പലരും അപലപിക്കാറുണ്ട്. എന്തായാലും ഇവരുടെ ക്ഷമയും, സങ്കോചമില്ലായ്മയും അത്ഭുതാവഹമാണ്. എന്നാൽ ഇതിലേറെ ആശ്ചര്യതരമാണു സത്യവിശ്വാസത്തിൻേറയും സ്നേഹസന്ദേശങ്ങളുടേയും അവകാശികളായ കത്തോലിക്കരുടെ ഏതൽപ്രചാരണവിഷയത്തിലുള്ള മൗനവും അലസതയും!!

സഭയ്ക്കെതിരായുള്ള വ്യാജപ്രചാരണങ്ങളെ തടയുന്നതിനും, സത്യത്തിൻേറയും സ്നേഹത്തിൻേറയും സന്ദേശങ്ങളെ പ്രചരിപ്പിക്കുന്നതിനും ഓരോ കത്തോലിക്കനും അവനവൻെറ നിലയ്ക്കും സാഹചര്യങ്ങൾക്കുമനുസരണം കഴിവതു ചെയ്വാൻ കടപ്പെട്ടിരിക്കുന്നു. സെൻറ് വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങൾക്കാകട്ടെ ഇതിൽ പ്രത്യേക ചുമതലയുമുണ്ട്. സഖ്യത്തിൻെറ ഉദ്ദേശങ്ങളിൽ ഉൾപ്പെടുന്ന ഒന്നാണിതു്. നിയമാവലിയുടെ ആമുഖത്തിൽ വിവരിച്ചിട്ടുള്ള ഉദ്ദേശങ്ങളിൽ നാലാമത്തേതു്, "സന്മാർഗ്ഗികവും മതപരവുമായ പുസ്തകങ്ങൾ വിതരണംചെയ്യുക", എന്നതാണ്. ഇവിടെ പുസ്തകങ്ങൾ എന്നതിൽ ലഘുലേഖകൾ, മാസികകൾ, പത്രങ്ങൾ ആദിയായവയെല്ലാം പെടുമെന്നു കൗൺസിൽ ജനറൽ വിശദമാക്കിയിട്ടുണ്ട്. ഈ ഉദ്ദേശസിദ്ധിക്കായി ഓരോ കോൺഫറൻസും സോത്സാഹം പ്രവർത്തിക്കണമെന്നു കൗൺസിൽ ജനറൽ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുവേണ്ടിക്കൂടിയാണു കോൺഫറൻസിൽനിന്നു ലൈബ്രറി നടത്തണമെന്നും അതിനു് ഒരു ലൈബ്രേറിയനെ പ്രത്യേകം നിയോഗിക്കണമെന്നും മററും വ്യവസ്ഥചെയ്തിട്ടുള്ളതു്. (നിയമം 13-ാം വകുപ്പ്—മാനുവൽ പേജ് 58 നോക്കുക)

ഗ്രന്ഥശാലയുടേയും തൽപ്രവർത്തനത്തിൻേറയും ആവശ്യവും പ്രാധാന്യവും സഖ്യത്തിൻെറ പ്രാരംഭകാലംമുതലേ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. വിദ്യാഭ്യാസത്തിൻെറ, എന്നാൽ അവിദ്യയുടെ ഇക്കാലത്തു്, എല്ലാം അറിയാമെന്നു ഭാവിക്കുകയും എന്നാൽ കാര്യമായൊന്നും അറിയാതിരിക്കുകയും ചെയ്യുന്ന ഇക്കാലത്തു്—അസാന്മാർഗ്ഗികങ്ങളും മതവിരുദ്ധങ്ങളുമായ നിരവധി ഗ്രന്ഥങ്ങളും ഇതരപ്രസിദ്ധീകരണങ്ങളും നിരന്തരം സുലഭമായി പ്രചരിപ്പിക്കപ്പെടുന്ന ഇന്നു്—കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ പ്രചരിപ്പിക്കേണ്ടതു എന്നത്തേതിലും ഉപരി ആവശ്യമെന്നു സ്വയം വിദിതമാണല്ലോ. സഖ്യനിയമം 13-ാം വകുപ്പിൻെറ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്നു: "ഇക്കാലത്തു് ഇതിൻെറ പ്രാധാന്യം അനന്തതേതതിലും (പ്രാരംഭകാലത്തേതിലും) വളരെ അധികമാണ്. ഇപ്പോൾ ലൈബ്രേറിയൻെറ ചുമതലകൾ വളരെ പ്രാധാന്യമുള്ളവയാണ്. ഇയാളെ കോൺഫറൻസുകൾ എല്ലാവിധത്തിലും സഹായിക്കണം. യോഗങ്ങളിലും മററും കാത്തലിക്ക് ട്രുത്തു സൊസൈററിവക ചെറുഗ്രന്ഥങ്ങൾ—ഇതുപോലെയുള്ള സന്മാർഗ്ഗികവും മതപരവുമായ മററു പ്രസിദ്ധീകരണങ്ങളും—വിതരണം ചെയ്വാൻ ലൈബ്രേറിയനെ ചുമതലപ്പെടുത്തി സഹായിക്കുകയും ഇതു നിരന്തരം നിർവ്വഹിക്കുകയും വേണം." (മനുവൽ പേജ് 59)

കേരളത്തിലെ മിക്ക കോൺഫറൻസുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നുള്ളതു ശോചനീയമായിരിക്കുന്നു! ഓരോ കോൺഫറൻസും ഈ പോരായ്മ പരിഹരിക്കേണ്ടതാണ്. കോൺഫറൻസുകളുടേയും കൗൺസിലുകളുടേയും സത്വരശ്രദ്ധയ്ക്കു ഇക്കാര്യം വിഷയീഭവിക്കുമാറാകട്ടെ. ഓരോ കോൺഫറൻസും അതതു സ്ഥലത്തെ സ്ഥിതിഗതികളും സാഹചര്യങ്ങളുമനുസരിച്ച സന്ദർഭാനുസരണം പ്രവർത്തിക്കേണ്ടതാണ്. താഴെപ്പറയുന്ന ആശയങ്ങൾ എല്ലാ കോൺഫറൻസുകൾക്കും സാമാന്യേന സ്വീകരിക്കാവുന്നതത്രെ.

ചുമതലാബോധവും ഉത്സാഹശീലവുമുള്ള ഒരംഗത്തെ ലൈബ്രേറിയനായി നിയോഗിക്കുക. ഇയാളുടെ പ്രത്യേക ചുമതലയിൽ അംഗങ്ങൾ എല്ലാവരും ചേർന്നു ഗ്രന്ഥസംഭരണവിതരണങ്ങൾ നടത്തണം. ഉത്സാഹിച്ചാൽ പലരിൽനിന്നും സൗജന്യമായിത്തന്നെ പുസ്തകങ്ങൾ മാസികകളാദിയായവ ശേഖരിക്കാം. ധാരാളം നല്ലനല്ല മാസികകളും മററു കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും—പ്രത്യേകിച്ചും വിദേശമാസികകൾ പത്രങ്ങളാദിയായവയും—പല സ്ഥാനങ്ങളിലും നിരുപയോഗമായി കിടപ്പുണ്ട്. അതു അനായാസേന ശേഖരിക്കാവുന്നതാണ്. ഇതിനും പുറമെ, വിജ്ഞേയങ്ങളും സാധുക്കളുടേയും മററും ധാരണാശക്തിക്കും സാമ്പത്തികകഴിവുകൾക്കും മററും പററുന്നതുമായിട്ടുള്ള ചെറുഗ്രന്ഥങ്ങൾ നേരിട്ടു വാങ്ങിക്കണം. ലൈബ്രറിക്കുവേണ്ടി ഒരു പ്രത്യേക ഫണ്ടു ഏർപ്പെടുത്തുന്നതും കൊള്ളാം.

ഇങ്ങനെ ശേഖരിക്കുന്ന പുസ്തകങ്ങൾ മാസികകളാദിയായവ എല്ലാ പാവപ്പെട്ട കുടുംബങ്ങളിലും, വിശിഷ്യ കോൺഫറൻസിൻെറ ദത്തുകുടുംബങ്ങളിലും, ഉപകാരികളാദിയായവരുടെ വസതികളിലും കൊണ്ടുപോയി കൊടുക്കുകയും, പിന്നീടതു തിരിയെ വാങ്ങിക്കൊണ്ടു് പുതിയതു കൊടുക്കുകയും ചെയ്യണം. ഇങ്ങനെ ചെയ്യുന്നതായാൽ കോൺഫറൻസിൽ സഹായത്തിനു സ്വീകരിക്കപ്പെടാത്ത കുടുംബങ്ങളേയും സന്ദർശിക്കുവാനും അവരുടെ ആദ്ധ്യാത്മികസന്മാർഗ്ഗികാദികാര്യങ്ങളിൽ പ്രവേശിക്കുവാനും മററും അവസരം ലഭിക്കുന്നതാണ്. ഇതിനു കോൺഫറൻസ് പ്രവർത്തനസീമയെ പല വാർഡുകളായി തിരിച്ച്, ഓരോ വാർഡിലും രണ്ടോ നാലോ അംഗങ്ങളെവീതം നിയോഗിക്കുകയും അവർ ആ വീടുകൾ വീതിച്ചെടുക്കുകയും ചെയ്താൽ ഇതു വിഷമമെന്യേ നടത്താം. ഇതിനൊന്നും മിക്കവർക്കും സമയമോ സൗകര്യമോ ഇല്ലെന്നു ചിലർ വാദിച്ചേക്കാം. തങ്ങളുടെ ലൗകികാവശ്യങ്ങളും കാര്യങ്ങളും പരിപൂർണ്ണമാക്കിയശേഷം എന്തെങ്കിലും അല്പം അവശിഷ്ടമായ സമയവും കഴിവുകളും മാത്രമേ ക്രിസ്തുവിൻെറ പാവനമായ ഈ പ്രവർത്തനങ്ങൾക്കുവേണ്ടി—ഈ ലൗകികാനുഗ്രഹങ്ങളെല്ലാം തന്നിരിക്കുന്ന ക്രിസ്തുവിനുവേണ്ടി—ചിലവഴിക്കുവാൻ ഒരുക്കമുള്ളുവെന്ന മനോഗതിക്കാരാണു ഇക്കൂട്ടർ. സേവനത്തിനുള്ള ഈ സഖ്യത്തിലെ അംഗത്വം ലോകബഹുമതിക്കുവേണ്ടി, ഒരലങ്കാരമായി കരുതുന്നവരാണവർ. ഇത്തരക്കാർ എന്നും എവിടേയും കോൺഫറൻസുകളെ അധഃപതിപ്പിക്കുകതന്നെ ചെയ്യും.

മേൽപ്രകാരം ചെയ്വാൻ സൗകര്യമോ സന്നദ്ധതയോ ഇല്ലാത്തവർ, ബാലന്മാരെ (14 വയസ്സിനു മേലുള്ളവരെ) യോഗാർത്ഥി അംഗങ്ങളാക്കി (Aspirant members) ചേർത്തു് അവരുടെ സഹായത്തോടെ ഇതു നിർവ്വഹിക്കാവുന്നതാണ്. ഇതും സാദ്ധ്യമല്ലാത്തവർ ലീജിയൻ ഓഫ് മേരി തുടങ്ങിയ ഭക്തസഖ്യാംഗങ്ങളുടെ സഹായത്തോടുകൂടി ഈ പ്രവർത്തനം സാധിക്കേണ്ടതാണ്. (കോൺഫറൻസുകൾക്കു തുണ അഥവാ സിസ്റ്റർ സംഘടനയായി ഡബ്ളിനിലെ കോൺഫറൻസംഗങ്ങൾക്കൂടി അവിടത്തെ കൗൺസിൽ ആഫീസിൽവച്ചു സമാരംഭിച്ചതാണു് ലീജിയൻ ഓഫ് മേരി. ഇതേപ്പററി ഇനി ഒരു ലേഖനത്തിൽ പരാമർശിക്കാം.) ലീജിയൻ അംഗങ്ങളുടെ മുഖ്യപ്രവർത്തനമായ കുടുംബസന്ദർശനവേളയിൽ ഇക്കാര്യം അനായാസേന നിർവ്വഹിക്കാവുന്നതാണ്. അവർക്കും കോൺഫറൻസിനും ഇതു പരസ്പരം പ്രോത്സാഹജനകവുമായിരിക്കും.

ചില കോൺഫറൻസുകൾ സത്യദീപത്തിൻേറയും മററും ഏജൻസിയെടുത്തു വിതരണം നടത്തിവരുന്നതായറിയാം. ഇതു മഹത്തായ ഒരു സേവനവും ഒരു ചില്ലറ വരുമാനമാർഗ്ഗവുമാണ്. പക്ഷേ വരുമാനംമാത്രം കാര്യമാക്കാതെ പ്രചരണം പ്രധാനലക്ഷ്യമാക്കി സത്യദീപവും ഇതുപോലെയുള്ള യഥാർത്ഥ കത്തോലിക്കാ പത്രമാസികകളും (രാഷ്ട്രീയപത്രങ്ങളല്ല) കോൺഫറൻസുകൾ ചുമതലപ്പെട്ടു പ്രചരിപ്പിക്കുന്നതു നന്നായിരിക്കും.

## തിരുവനന്തപുരം അതിരൂപതയിൽ പുനരൈക്യത്തിൻെറ പുരോഗതി

1930—1953



| | |
|---|---|
| 1931 | 3,800 |
| 1932 | 6,312 |
| 1933 | 10,656 |
| 1934 | 14,376 |
| 1935 | 18,000 |
| 1936 | 21,750 |
| 1937 | 29,100 |
| 1938 | 29,500 |
| 1939 | 30,500 |
| 1940 | 35,008 |
| 1941 | 35,450 |
| 1942 | 36,000 |
| 1943 | 36,500 |
| 1944 | 37,000 |
| 1945 | 37,300 |
| 1946 | 37,700 |
| 1947 | 44,367 |
| 1948 | 48,337 |
| 1949 | 51,938 |
| 1950 | 54,938 |
| 1951 | 58,300 |
| 1952 | 60,410 |
| 1953 | 62,123 |


# എൻെറ വിലാസത്തിൽ

'പാവുണ്ണി' എന്നു എഴുതുന്നതിനു പകരം മേലാൽ "പി" എന്നുമാത്രം ചേർത്തു് താഴെ കാണുംപ്രകാരം എഴുതിയാൽ മതിയെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

എന്നു്,

**കെ. പി. ഔസേപ്പ് വൈദ്യൻ, നെല്ലായി.**

വഞ്ചിതരാകാതിരിപ്പാൻ

താഴെ പറയുന്ന വിവരങ്ങൾ ശ്രദ്ധിക്കുക.

'കാളൻ' സ്ഥാപനത്തിൻെറ ഉടമസ്ഥനും,

'കാളൻ'സ് ബുള്ളററി'ൻെറ എഡിററരും,

'അറിയേണ്ടും കാര്യങ്ങൾ' എന്ന വൈദ്യപുസ്തകത്തിൻെറ ഗ്രന്ഥകർത്താവും,

നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങളെ കണ്ടുപിടിച്ചിട്ടുള്ള ഒരു വ്യക്തിയുമായ

സുപ്രസിദ്ധങ്ങളായ

**കെ. പി. ഔസേപ്പ് വൈദ്യൻ**

ആലപ്പുഴ, ചങ്ങനാശ്ശേരി മുതലായ യാതൊരു സ്ഥലത്തും രോഗികളെ പരിശോധിക്കുന്നതിനുവേണ്ടി ഇപ്പോൾ ക്യാമ്പുചെയ്തുവരുന്നില്ലെന്നും, അനുകരണങ്ങളാൽ വഞ്ചിതരാകാതിരിക്കുന്നതിനുവേണ്ടി രോഗവിവരക്കത്തുകൾ, മണിയോർഡറുകൾ മുതലായവകൾക്കെല്ലാം താഴെ കാണുന്ന രണ്ടു വാക്കുമാത്രമേ വിലാസം എഴുതാവൂ എന്നും, താഴെ കാണുന്ന വിലാസത്തിൽ എഴുതുന്നവർക്കു വിശദവിവരങ്ങളടങ്ങിയ പുസ്തകം സൗജന്യമായി അയച്ചുകൊടുക്കുന്നതാണെന്നും ഞങ്ങളുടെ എല്ലാ മനസ്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

**കാളൻ, നെല്ലായി.**

പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം പതിമൂന്നു്.

(കാരാലയം. കാതറൈൻ ഭക്തിനിർഭരമായ ഒരു പ്രാർത്ഥനാഗാനമാലപിച്ചുകൊണ്ടിരിക്കുന്നു. പെട്രോണിയസ് പ്രവേശിക്കുന്നു. കാതറൈൻ തിരിഞ്ഞുനോക്കി പെട്രോണിയസ്സിനെ കാണുന്നു. ഇരുവരുടേയും കണ്ണുകൾ തമ്മിൽ ഇടയുന്നു. കാതറൈൻ എഴുന്നേല്ക്കുന്നു.)

കാത:- (സംശയഭാവത്തിൽ) "നിങ്ങൾ?"

പെട്രോ:-എന്നെ സൂക്ഷിച്ചു നോക്കു. ഞാൻ പറയാതെ തന്നെ ഭവതി എന്നെ മനസ്സിലാക്കണമെന്നു് ഞാനാഗ്രഹിക്കുന്നു.

കാത:- (അലക്ഷ്യഭാവത്തിൽ) മനസ്സിലായി.

പെട്രോ:-എങ്കിൽ ആരെന്നു പറയൂ.

കാത:-റോമൻ ചക്രവത്തിയുടെ കിങ്കരന്മാരിൽ ഒരാൾ.

പെട്രോ:-അല്ല ഭവതിയുടെ സ്വജനങ്ങളിൽ ഒരാൾ.

## ഉപകാരസ്മരണ



മിസ്സിസ് അന്നമ്മ വക്കി

നെല്ലിക്കുന്നേൽ, വാഴക്കുളം.

കാത:-ഞാനോർമ്മിക്കുന്നില്ല.

പെട്രോ:-(പുറങ്കുപ്പായവും, കൃത്രിമമായതാടിമീശയും എടുത്തുമാററിക്കൊണ്ടു്) "കാതറൈൻ, ഭവതി എന്നെ അറിയുകയില്ലേ?

കാത:-ഹാ! പെട്രോണിയസ്

പെട്രോ:-അതേ, ഹതഭാഗ്യനായ പെട്രോണിയസ്.

കാത:-അങ്ങു് എന്തിനിവിടെ വന്നു?

പെട്രോ:-നല്ല ചോദ്യം! ചുട്ടുപഴുത്ത മരുഭൂമികളും, ഹിംസ്രജന്തുക്കൾ ഇളകിയാടുന്ന ഘോരാടവികളും, ആർത്തിരമ്പുന്ന അലയാഴികളും താണ്ടി മരണവക്ത്രത്തിലൂടെ ഞാനെന്തിനു് ഇവിടെ വന്നു? കാതറൈൻ, അതിനുള്ള ഉത്തരം ഭവതിയാണു് പറയേണ്ടതു്.

കാത:-ഹാ! അങ്ങിനിയും എനിക്കുവേണ്ടികാത്തിരിക്കുകയോ! മഹാനായ പ്രഭുകുമാരാ, അവിടുത്തെ സ്നേഹഗാംഭീര്യത്തിനു് മുൻപിൽ ഞാൻ സാഷ്ടാംഗം നമസ്കരിക്കുന്നു. കേവലം അഗണ്യയായ ഈയുള്ളവളിൽ അങ്ങർപ്പിച്ച പവിത്രതരമായ സ്നേഹവായ്പിൽ ഞാൻ വികാരതരളിതയായി പോകുന്നു. പക്ഷെ.........

പെട്രോ:-കാതറൈൻ, എന്റെ ഹൃദയത്തുടിപ്പുകൾ ഭവതി കേൾക്കുന്നില്ലേ?

കാത:-പ്രഭോ, ഇതു സാഹസമാണു്. വികാരവായ്പുകൊണ്ടു പരിസരങ്ങളെപ്പോലും അവിടുന്നു വിസ്മരിച്ചിരിക്കുന്നു. മരണവക്ത്രത്തിലാണു് അങ്ങു നില്ക്കുന്നതു്. ആരെങ്കിലുമറിഞ്ഞാൽ—അയ്യോ അതിനുമുൻപ്പ് ക്ഷണം രക്ഷപെടുക.

പെട്രോ:-കാതറൈൻ, ഞാൻ മരണത്തെ ഭയപ്പെടുന്നില്ല. ഇതാ ഇനിയും രക്തം ഉണങ്ങിക്കഴിഞ്ഞിട്ടില്ലാത്ത ഈ കരവാളംവെട്ടിത്തുറക്കുന്നപഴുതിലൂടെ ഭവതിയെ സുരക്ഷിതമായ സങ്കേതത്തിലെത്തിക്കുവാൻ ഈ കരങ്ങൾ ശക്തങ്ങളാണു്. വരൂ, നമുക്കു പോകാം

കാത:-ധീരനായ കുമാരാ, വാൾ ഉറയിലിടുക. വാളെടുക്കുന്നവൻ വാളാലെ മരിക്കുമെന്നു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. മഹാനായ പ്രഭുകുമാരാ, ഇത്തരം കഠിനോക്തികളാൽ എന്നെ ചഞ്ചലിപ്പിക്കാതിരിക്കൂ. ലോകത്തിൽ മററാരേയുംകാൾ ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന എന്റെ ആത്മസഹോദരാ, ഇതാ അവിടുത്തെ പാദങ്ങളിൽ വീണു ഞാൻ പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനു് നേർന്നുകഴിഞ്ഞ എന്റെ കന്യാത്വത്തെ അവിടുന്നാദരിക്കു. പെട്രോണിയസ്സിന്റെ മുൻപിൽ മുട്ടുകുത്തുന്നു.)

പെട്രോ:- (വികാരവായ്പോടെ) "കാതറൈൻ!

കാത:-കുമാരാ, എന്റെ പ്രാർത്ഥന അവിടുന്നു് സ്വീകരിക്കുകയില്ലേ? ക്രിസ്തുവിന്റെ നാമത്തിൽ അങ്ങയോടു ഞാൻ യാചിക്കുന്നു. ഈ സഹോദരിയെ അനുഗ്രഹിക്കൂ.

പെട്രോ:- (പിടിച്ചെഴുന്നേല്പിക്കുന്നു) കുമാരി!

കാത:-എന്റെപ്രിയപ്പെട്ട സഹോദരാ, എനിക്കു മാപ്പുതരൂ.

പെട്രോ:-ഹാ! ഈ ത്യാഗസൗരഭം എന്നെ സംഭ്രമപരവശനാക്കുന്നു. കാതറൈൻ ഇതാ ഞാൻ പിൻതിരിയുന്നു. ഭവതിയുടെ അഭിലാഷം നിറവേറട്ടെ. ഹാ-ജീവിതം!

കാത:- ഈ ജീവിതം നശ്വരമാണു്. അനശ്വരമായതിനുവേണ്ടി, ഇടറാതെ, പതറാതെ നമുക്കു് മുന്നോട്ടുപോകാം. ക്രിസ്തുനാഥൻ നമ്മെ അനുഗ്രഹിക്കട്ടെ.

പെട്രോ:-സഹോദരി, ഇത്രയും നാൾ ഞാൻ കൂരിരുട്ടിൽ അലയുകയായിരുന്നു. ഇതുവരെ എനിക്കെത്തിപ്പെടാൻ കഴിയാതിരുന്ന ആ ദിവ്യവെളിച്ചത്തിലേക്കു ഭവതി എന്നെ ആനയിച്ചിരിക്കുന്നു, സാക്ഷാത്തായ ആനന്ദത്തിന്റെ നിരുറവ അങ്ങകലെ എന്റെ അന്തർനേത്രങ്ങൾ ദർശിക്കുന്നു. മഹത്തായ ആ ലക്ഷ്യത്തിലേക്കു് ഭവതിയോടൊത്തു് ഞാനും പുറപ്പെട്ടുകഴിഞ്ഞു. ആ യാത്രയിൽ തളർന്നു വീഴാതിരിക്കുവാൻ ഭവതി എന്നെ അനുഗ്രഹിക്കു. (കാതറൈനിന്റെ മുൻപിൽ ഒരു മുട്ടുകുത്തി ആചാരംചെയ്തു അവളുടെകരംഗ്രഹിച്ചു പുറംപത്തിയിൽ ചുംബിക്കുന്നു. പൊടുന്നനവെ മാക്സിമിയനും, റൈററസും ഭടന്മാരും പ്രവേശിക്കുന്നു.)

റൈററസ്:-ജയിലിലും ഇവൻ കടന്നുകൂടിയോ? ആ കാവൽഭടന്മാരെ കൊലചെയ്ത മനുഷ്യരാക്ഷസനാണിവൻ.

പെട്രോ:-ഛീ, നിറുത്തു! ആരൃചരിതയായ ഈ പുണ്യവതിയുടെ ചാരിത്രത്തെ ചോദ്യം ചെയ്യുന്നവൻ ആരായിരുന്നാലും ഈ പെട്രോണിയസ് അവനു് മാപ്പുകൊടുക്കുകയില്ല.

റൈറ:-ഹ് ഹ് ഹ്. നീയെന്തു ചെയ്യും!

പെട്രോ:- അവന്റെ നാവറുത്തു് നായുടെ മുൻപിലെറിയും.

മാക്:-ഛായ്- ധിക്കാരം! ആരവിടെ?

(പെട്രോണിയസ്സിനു തന്റെ വാളൂരുവാൻ കഴിയുന്നതിനുമുൻപു് ഭടന്മാർ അദ്ദേഹത്തെ ചങ്ങലകളാൽ ബന്ധിക്കുന്നു )

പെട്രോ:-ഛീ, തൊടാതെ. പോ ദൂരെ (ബന്ധന വിമുക്തനാകുവാൻവിഫലമായി യത്നിക്കുന്നു. ഒടുവിൽ ഭടന്മാരെ വലിച്ചുകൊണ്ടു് മാക്സിമിയന്റനേരെ കുതിക്കുന്നു) "എടാ മനുഷ്യാധമാ, ഏകാകിയായ എന്നെ പരാജയപ്പെടുത്തിയെന്നു് നീ അഭിമാനിക്കുന്നു അല്ലേ! ധൈര്യമുണ്ടെങ്കിൽ എന്നെ ബന്ധനവിമുക്തനാക്കി എന്നോടു നേരിട്ടു പൊരുതുവാൻ നിന്നെ ഞാൻ വെല്ലുവിളിക്കുന്നു. റോമൻ രാജവംശത്തിന്റെ പാരമ്പര്യലേശമെങ്കിലും നിന്റെ രക്തത്തിൽ അവശേഷിച്ചിട്ടുണ്ടെങ്കിൽ പൗരുഷത്തോടെ മുന്നോട്ടുവരൂ. എന്റെ വെല്ലുവിളി സ്വീകരിക്കു.

മാക്:- നാണംകെട്ട ശ്വാനൻ ഇനിയും മുരുമുരുക്കുകയാണു്! റൈററസ് നമ്മുടെ മുൻപിൽ വച്ചുപോലും നമ്മോടു ഇത്രമേൽ ധിക്കാരമായി പെരുമാറിയ ഈ നീചൻ ഒരു നിമിഷംപോലും ഇനി ജീവിച്ചുകൂടാ. കൊണ്ടുപോകൂ നമ്മുടെ മുൻപിൽ നിന്നു്.

കാത:-ഹാ! കരുണ! ഇദ്ദേഹം നിർദ്ദോഷി.

മാക്:- നിർദ്ദോഷി! ഇവനാണു നിർദ്ദോഷി! (ഭടന്മാരെ നോക്കി) ഉം ക്ഷണം.

പെട്രോ:-മരണത്തിന്റെ മുൻപിൽ തലകുനിക്കുന്നവനല്ല ഈ പെട്രോണിയസ്. ധീരനായ ഒരു പോരാളിയെപ്പോലെ അടരാടി മരിക്കുവാനെങ്കിലും എനിക്കവസരം തരൂ. നിനക്കു ഭയമാണെങ്കിൽ പ്രസിദ്ധരായ നിന്റെ സേനാനികളിൽആരേയെങ്കിലും എന്റെ നേർക്കിറക്കിവിടു. (മുന്നോട്ടുകുതിക്കുന്നു. ഭടന്മാരുടെ കൈകളിൽനിന്നു് ചങ്ങല വഴുതിപ്പോകുന്നു. റൈററസ് അരക്കെട്ടിൽനിന്നും കഠാരിയൂരി പെട്രോണിയസ്സിന്റെ നെഞ്ചിൽകുത്തിയിറക്കുന്നു. (പെട്രോണിയസ് ദീനരോദനത്തോടെ നിലംപതിക്കുന്നു )

കാത:-പെട്രോണിയസ്!(പെട്രോണിയസ്സിന്റെ അടുത്തു മുട്ടുകുത്തി അദ്ദേഹത്തെ താങ്ങുന്നു.)

മാക്:_നമ്മെ അനാദരിച്ചവൻ ഇങ്ങനെ പിടഞ്ഞു പിടഞ്ഞു ചാവട്ടെ.

കാത:-സഹോ-ദരാ!

പെട്രോ:-കാ-ത-റൈൻ- എന്റെ-സഹോ-ദരി- ഞാൻ-ഞാൻ-മരിക്കുന്നു.

കാത:-രക്ഷകനായ യേശുവിന്റെ തിരുനാമമുച്ചരിച്ചുകൊണ്ടു അങ്ങു് സമാധാനമായി മരിക്കുക.

പെട്രോ:- യേശുദേവൻ....എന്നെ...രക്ഷിക്കട്ടെ... (മരിക്കുന്നു )

മാക്:-ഇവളും ഇനി ജീവിച്ചുകൂടാ. ഈ കുലടയെ ജീവനോടെ ദഹിപ്പിക്കുവിൻ.

റൈറ:.(ഭടന്മാരോടു) നോക്കിനിൽക്കുന്നോ! രാജകല്പന അനുവർത്തിക്കൂ.

(ഭടന്മാർ കാതറൈനെ വലിച്ചിഴച്ചുകൊണ്ടുപോകുവാൻ ഭാവിക്കുന്നു. ചക്രവത്തിനി പ്രവേശിക്കുന്നു.)

ജൂലിയാനാ:-മാറിനിൽക്കൂ— അവളെ തൊട്ടുപോകരുതു്!

റൈറ:-ഹാ! മഹാരാജ്ഞി!

മാക്:-ജൂലിയാനാ, നീയിവിടെ എന്തിനു വന്നു?

ജൂലി:-അക്ഷന്തവ്യമായ ഈ മഹാ പാതകത്തിൽനിന്നു അങ്ങയെ പിൻതിരിപ്പിക്കുവാൻ.

മാക്:-എന്തു പറഞ്ഞു?!

ജൂലി:-അവിടുന്നു് എന്റെ ഭർത്താവാണെങ്കിൽ വിശ്വസ്തയായ ഒരു ഭാര്യയെന്ന നിലയിൽ എനിക്കു അങ്ങയെ ചില കാര്യങ്ങൾ ധരിപ്പിക്കുവാനുണ്ടു്. ശ്രദ്ധിച്ചുകേട്ടാലും. മഹനീയവും ദൈവദത്തവുമായ അവിടുത്തെ രാജാധികാരം മ്ലേച്ഛമായ സ്വാർത്ഥനിവൃത്തിക്കുവേണ്ടി പ്രജാവകാശങ്ങളെ മർദ്ദിക്കുന്നതിനു മാത്രമായി അംഗ്ദ് വിനിയോഗിക്കുന്നു. ആ സാധുക്കളുടെ ഹൃദയരക്തപ്രവാഹത്തിലൂടെ ജൈത്രയാത്ര ചെയ്യുന്നതാണു് അവിടുത്തെ ആനന്ദം. പാവപ്പെട്ടക്രിസ്ത്യാനികളുടെ ചോരകൊണ്ടു് പ്രസാദിക്കുന്നവരാണുപോലും അവിടുത്തെ ദേവന്മാർ! രാജൻ! ഈ അനീതി വിജയിക്കുവാൻ പോകുന്നില്ല. അധർമ്മത്തിന്റെ ഫലം ആരായിരുന്നാലും അനുഭവിച്ചേ തീരൂ. ഇതെല്ലാം ഉറന്നുപറയേണ്ടതു് എന്റെ കടമയാണെന്നു് ഞാൻ കരുതുന്നു.

റൈറ:-തിരുമേനി അവിടുന്നു ഇതികർത്തവ്യതാമൂഢനാവുന്നുവോ. ദേവന്മാരുടെ കോപം! അതെത്ര ഭയാനകമാണെന്നു അവിടുന്നു അനുസ്മരിച്ചാലും.

മാക്:-നീയും ഈ രാക്ഷസിയുടെ മന്ത്രശക്തിയിൽ മതിമയങ്ങിയിരിക്കുന്നു.

ജൂലി:-ഇല്ല. ഭയങ്കരമായ അജ്ഞതയിലും അവിശ്വാസത്തിലും മതിമറന്നിരിക്കുന്നതു് അങ്ങാണു്. തിരുമേനി അവിടുന്നാരാധിക്കുന്ന റോമൻദേവന്മാർ വെറും നിർജ്ജീവവിഗ്രഹങ്ങൾ മാത്രമാണു്. സ്വാർത്ഥലോലുപരായ ചില കുബുദ്ധികളുടെസങ്കല്പസൃഷ്ടികൾ. മനുഷ്യരക്തമൊഴുകുന്നതു കണ്ടു പ്രസാദിക്കുന്നതു് ദൈവമല്ല. പിശാചാണു്.

മനുഷ്യവർഗ്ഗത്തെ സമുദ്ധരിക്കുവാൻ അവതീർണ്ണനായ ആ ആചാര്യസത്തമൻ— തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മററുള്ളവരേയും, പോരാ, നിന്റെ ശത്രുവിനേയും സ്നേഹിക്കണമെന്നനുശാസിച്ച ആ സ്നേഹഗായകൻ— തന്റെ ഹൃദയരക്തംപോലും അവർക്കുവേണ്ടി ചിന്തിയ ആ ത്യാഗിവര്യൻ മാത്രമാണു് ജീവനുള്ള ദൈവത്തെ പ്രതിനിധാനം ചെയ്യുന്നതെന്നു് ഞാൻ വിശ്വസിക്കുന്നു. പ്രഭോ, ഞാനും ഒരു ക്രിസ്ത്യാനിതന്നെ.

റൈറ:-ചക്രവത്തിനിയും ഒരു ക്രിസ്ത്യാനി!

മാക്:-ഹാ! ധിക്കാരം! രാജദ്രോഹം. ദൈവദ്രോഹം! ഈ ചണ്ഡാലിയേയും കാരാലയത്തിലടയ്ക്കട്ടെ. നമ്മുടെ ആജ്ഞ ലംഘിക്കുന്നവർ ആരായിരുന്നാലും അതിന്റെ ഉഗ്രഫലം അനുഭവിക്കുകതന്നെ വേണം. (കോപാക്രാന്തനായി നീണ്ട അടികൾ വച്ചു നടന്നു പോകുന്നു.)

കർട്ടൻ (തുടരും)

Thanksgiving for favours received through the intercession of Sr. ALPHONSA

(K. J. A.)

## സംഭവകഥകൾ

### ഞാൻ ക്രിസ്ത്യാനിയാകുന്നു

അന്തിയോക്കിയാക്കാരനായ ലൂസിയൻ എന്ന വൈദികൻ ഡയോക്ലേഷ്യന്റെ മതപീഡനകാലത്തു് സത്യവേദത്തെക്കുറിച്ചു് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. വളരെനാൾ യാതൊരു ഭക്ഷണവും നൽകാതെ പീഡിപ്പിച്ചു ശേഷം ദേവന്മാക്കു പൂജിക്കപ്പെട്ട ഭക്ഷണസാധനങ്ങൾ അദ്ദേഹത്തിനു കൊണ്ടുചെന്നു കൊടുത്തു. വിശുദ്ധൻ അവയെ സ്പർശിക്കപോലും ചെയ്തില്ല. വിസ്താരനേരത്തുണ്ടായ നിരവധി ചോദ്യങ്ങൾക്കു അദ്ദേഹത്തിനു ഏകമറുപടിയേ ഉണ്ടായിരുന്നുള്ളു— "ഞാൻ ക്രിസ്ത്യാനിയാകുന്നു." തടവുമുറിയിൽ വിശുദ്ധ വേദസാക്ഷിയെ മലർത്തിക്കിടത്തി, പുറം തറയോടു ചേർത്തു ബന്ധിച്ചിരുന്നു. ആ കിടപ്പിൽ തന്റെ നെഞ്ചത്തുവച്ചു അദ്ദേഹം കുർബാന അർപ്പിക്കയും, കൂട്ടുകാരായ തടവുകാർക്കു ദിവ്യകാരുണ്യം നൽകുകയും ചെയ്തിരുന്നു. ഒടുവിൽ അവിടെവച്ചുതന്നെ വേദസാക്ഷിമകുടം പ്രാപിക്കയാണു ചെയ്തതു്. ക്രിസ്ത്യാനി എന്ന നാമത്തിൽ പൂർവ്വക്രിസ്ത്യാനികൾ സദാ അനല്പമായ അഭിമാനംകൊണ്ടിരുന്നു.

### മെത്രാന്റെ ശാപം

ഏഴാംനൂററാണ്ടിന്റെ മദ്ധ്യത്തിൽ ലണ്ടനിലെ മെത്രാനായിരുന്നു വി. ചേഡ് എന്ന ദേഹം. പ്രബലനായ ഒരു പ്രഭു നിയമവിരുദ്ധമായ ഒരു വിവാഹബന്ധത്തിലേർപ്പെട്ടതിനാൽ മെത്രാൻ അയാളെ മഹറോൻ ചൊല്ലി. യാതൊരുത്തനും അയാളുടെ ഭവനത്തിൽ പോകയോ അവിടെ ഭക്ഷണം കഴിക്കയോ ചെയ്തുപോകരുതെന്നും മുടക്കി. എഡ്വിൻ വാർഡ് എന്ന അവിടത്തെ രാജാവു് പ്രസ്തുത പ്രഭുവിന്റെ ഭവനത്തിൽ നടന്ന ഒരു വിരുന്നിൽ സംബന്ധിച്ചു. "എന്റെ കല്പന നീ ലംഘിച്ചതിനാൽ ആ വീട്ടിൽവച്ചുതന്നെ നീ മരണംപ്രാപിക്കും" എന്നു വിശുദ്ധ മെത്രാൻ അരുളിച്ചെയ്തു. പിറേറക്കൊല്ലം അതേ ഭവനത്തിൽവച്ചു്, ചില നിസ്സാരകാരണങ്ങളാൽ, തന്റെ സംബന്ധികളായ രണ്ടു പേരുടെ വാളിനു രാജാവു ഇരയായിത്തീരുകയാണുണ്ടായതു്.


## തൃശ്ശിവപേരൂർ ലൂർദ്ദ്പള്ളി പുതിയ കുറികൾ

ബ. ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച 9394/54 R. D. നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്ന

| മാസക്കുറി | കൊല്ലക്കുറി |
| --- | --- |
| നറുക്കു് 1ക്കു് 100 ക. | നറുക്കു് 1ക്കു് 1000 ക. |
| 111 നറുക്കു് 11100ക. സല. | 32 നറുക്കു് 32000ക. സല. |
| ആദ്യനറുക്കെടുപ്പു് 1954 ഡിസം. 9-ാംനു- / 1130 വൃശ്ചികം 24-ാംനു- | ആദ്യനറുക്കെടുപ്പു് 1954 ഡിസം. 30-ാംനു- / 1130 ധനു 15-ാംനു- |
| കുറിയിൽ കുറഞ്ഞതു് 1/32 നറുക്കു് (3ക. 2ണ.യുടെ വീതം)വരെ ചേരാവുന്നതാണു് | കുറിയിൽ കുറഞ്ഞതു് 1/16 നറുക്കു് (62ക. 8ണ.യുടെ വീതം)വരെ ചേരാവുന്നതാണു് |

കൂടുതൽ വിവരങ്ങൾക്കു് കുറിയാഫീസിൽ ആവശ്യപ്പെടുക:—

Trichur, 25—9—1954. The Lourdes Church Kuri Office

തിരുസഭാചരിത്രം 49

# ആരിയൻ പാഷണ്ഡതയുടെ വിജയം

(പ്രഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

അലക്സാണ്ട്റിയായിലേക്കു മടങ്ങുവാൻ അത്തനേഷ്യസിനെ അനുവദിച്ചു എങ്കിലും അദ്ദേഹത്തെ അടിച്ചമർത്തുവാനുള്ള മാർഗ്ഗങ്ങൾ ചക്രവർത്തി ആരാഞ്ഞുകൊണ്ടാണിരുന്നതു്. എ. ഡി. 355-ൽ ചക്രവർത്തി മെത്രാന്മാരുടെ ഒരു കൗൺസിൽ വിളിച്ചുകൂട്ടി. മിലാൻ നഗരമായിരുന്നു സമ്മേളനരംഗം. അവിടെ കൂടിയ മെത്രാന്മാരിൽ ഭൂരിപക്ഷം കത്തോലിക്കാ പക്ഷക്കാരായിരുന്നു. എങ്കിലും കോൺസ്റ്റാൻഷ്യസിന്റെ ഭീഷണിപ്രയോഗംമൂലം ഭയവിഹ്വലരായിത്തീർന്ന പിതാക്കന്മാർ ഗത്യന്തരമില്ലാതെ അദ്ദേഹത്തിനു കീഴടങ്ങുകയാണുണ്ടായതു്. അത്തനേഷ്യസ് ആരംഗത്തെപ്പററി ഇപ്രകാരം പ്രസ്താവിക്കുന്നു: "മെത്രാന്മാർ പ്രതിഷേധം പ്രകടിപ്പിച്ചപ്പോൾ അക്ഷമനായിത്തീർന്ന ചക്രവർത്തി ഇങ്ങനെ ആക്രോശിച്ചു: "ഈ കാര്യത്തിൽ എന്റെ അഭിപ്രായമാണു് കാനോൻനിയമം. ഒന്നുകിൽ എന്റെ ആജ്ഞകൾ അനുസരിക്കുക, അല്ലെങ്കിൽ നിങ്ങളുടെ സ്ഥാനങ്ങൾ ഉപേക്ഷിച്ചു നാടുവിട്ടുപോകുവാൻ തയ്യാറായിക്കൊള്ളുക." അതിനുശേഷം അദ്ദേഹം തന്റെ വാൾ ഉറയിൽനിന്നും ഊരി അവരുടെ നേരെ



സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ജേക്കബ് ജോൺ
ബ്ളോക്ക് നമ്പർ 74/7.
നേവൽബേസ്, സിങ്കപ്പൂർ

വീശി. ഭയാക്രാന്തരായിത്തീർന്ന പിതാക്കന്മാർ അത്തനേഷ്യസിനെ ശപിക്കുകയും ആരിയൻ പാഷണ്ഡികളെ തിരുസ്സഭയിലേക്കു സ്വീകരിക്കുവാൻ സമ്മതിക്കുകയുംചെയ്തു. എന്നാൽ ചക്രവർത്തിയുടെ ഭീഷണിയുടെ മുൻപിൽ തലകുനിക്കാതെ നിന്ന ചില ഉൽകൃഷ്ടവ്യക്തികളും അക്കൂട്ടത്തിലുണ്ടായിരുന്നു. പോയിഷ്യേഷ്സിലെ ഹിലാരി (Hilary of Poitiers), കാഗ്ലിയാരിയിലെ ലൂസിഫർ (Lucifer of Cagliari), വേർസെല്ലിയിലെ യുസേബിയൂസ് (Eusebius of Vercelli), മിലാനിനെ ഡയനീഷ്യസ് (Dionysius of Milan), കോർഡോവായിലെ ഹോസിയൂസ് (Hosius of Cordova) എന്നിവരായിരുന്നു ഇവരിൽ പ്രമുഖർ. ലിബേരിയസ് മാർപ്പാപ്പായാണു് ഏററം ശക്തിയായ ഭാഷയിൽ പ്രതിഷേധം പ്രകടിപ്പിച്ചതു്.

ചക്രവർത്തി അദ്ദേഹത്തോടു പറഞ്ഞു: നിങ്ങളുടെ അഭിപ്രായം മാററുവാൻ ഞാൻ മൂന്നുദിവസം അനുവദിക്കുന്നു." അതുകേട്ടു് മാർപ്പാപ്പ ഇപ്രകാരം പ്രതിവചിച്ചു:" മൂന്നുദിവസം എന്റെ മനസ്സിൽ യാതൊരു മാററവും വരുത്തുകയില്ല. നിങ്ങൾ ഇഷ്ടമുള്ള ഏതെങ്കിലും സ്ഥലത്തേക്കു് എന്നെ നാടുകടത്തിക്കൊള്ളുക." ചക്രവർത്തി ലിബേരിയസിനെ ത്രേസിലെ ബെറിയ (Berea) എന്ന സ്ഥലത്തേക്കു നാടുകടത്തി. ചക്രവർത്തിക്കു കീഴടങ്ങാത്തവർക്കെല്ലാം ഈ അനുഭവം തന്നെയാണുണ്ടായതു്. ഹിലാരി ഈ കൗൺസിലിനെ "ദുഷ്ടന്മാരുടെ സംഘം" എന്നു പറഞ്ഞാക്ഷേപിച്ചതിനു് അദ്ദേഹത്തെ ചമ്മട്ടികൊണ്ടുള്ള പ്രഹരം ഏൽപ്പിച്ചശേഷമാണു് ഫ്റിജിയായിലേക്കു നാടുകടത്തിയതു്. ആയിടയ്ക്കുതന്നെ റോമയിൽ ഒരു അന്തിപ്പാപ്പയെ വാഴിക്കയുംചെയ്തു. കൂടാതെ അത്തനേഷ്യസിനെ ബന്ധനസ്ഥനാക്കുവാൻ ചക്രവർത്തി കല്പനകൊടുക്കുകയും അയ്യായിരം പേർ അടങ്ങിയ ഒരു ഭടസമൂഹത്തെ അതിനായി നിയോഗിക്കുകയുംചെയ്തു. അത്തനേഷ്യസ് ദിവ്യകർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോളാണു് ഭടന്മാർ ദേവാലയത്തെ വളഞ്ഞതു്. (Feb. 9, 356) അവർ ദേവാലയത്തിനുള്ളിൽ കടന്നപ്പോഴും അത്തനേഷ്യസ് കർമ്മങ്ങൾ തുടർന്നുകൊണ്ടിരുന്നു. എന്നാൽ ഭടന്മാർ അദ്ദേഹത്തെ സമീപിച്ചപ്പോൾ എങ്ങിനെയോ അദ്ദേഹം അവിടെനിന്നും അപ്രത്യക്ഷനായി. ഏതാനും സംവത്സരക്കാലം അദ്ദേഹം നൈൽ നദീതീരത്തുള്ള ഒരു സന്യാസാശ്രമത്തിലും മണലാരണ്യത്തിലുള്ള ഒരു ഗുഹയിലുമായി ഒളിവിൽ കഴിച്ചുകൂടി. അക്കാലമെല്ലാം തന്റെ രൂപതയിലെ ഭരണകാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചുകൊണ്ടാണിരുന്നതു്. കൂടാതെ, ആരിയൻ പാഷണ്ഡതയ്ക്കെതിരായുള്ള പല വിശിഷ്ടഗ്രന്ഥങ്ങളും, മുനിശ്രേഷ്ഠനായ വി. അന്തോനിയുടെ ജീവചരിത്രവും ഈ പ്രവാസകാലത്തു് അദ്ദേഹം രചിക്കുകയുണ്ടായി.

ഈ കാലത്തു് പ്രതിയോഗികൾ ഒരു കുററപ്പുള്ളിയെ, എന്നപോലെ അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഗൂഢസങ്കേതം കണ്ടുപിടിക്കുവാൻവേണ്ടി രാജ്യമാസകലം തകൃതിയായ അന്വേഷണം നടക്കുന്നുണ്ടായിരുന്നു. ഒരിക്കൽ നൈൽ നദിയിൽക്കൂടി അദ്ദേഹം സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ശത്രുക്കൾ എതിരേ വരുന്നതുകണ്ടു. സമീപത്തെത്തിയെങ്കിലും അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല. അവർ അദ്ദേഹത്തോടുതന്നെ ചോദിച്ചു "അത്തനേഷ്യസ് എവിടെ" എന്നു്. "ഇവിടെനിന്നും അധികം ദൂരത്തല്ല" എന്നുമാത്രം പറഞ്ഞുകൊണ്ടു് അദ്ദേഹം കടന്നുപോയി. കത്തോലിക്കാപക്ഷത്തെ പ്രമുഖന്മാരായ നേതാക്കന്മാരെയെല്ലാം ബഹിഷ്കരിച്ചശേഷം നിക്യാവിശ്വാസപ്രമാണത്തിന്റെമേൽ നിർണ്ണായകമായ ഒരു ആക്രമണം നടത്തുന്നതിനും ആരിയൻ വിശ്വാസത്തെ തിരുസ്സഭയുടെമേൽ അടിച്ചേൽപ്പിക്കുന്നതിനു മുള്ള മാർഗ്ഗങ്ങളെപ്പററി കോൺസ്റ്റാൻഷ്യസും അനുചരന്മാരും ഗൗരവമായി ചിന്തിക്കുവാൻ തുടങ്ങി. എന്നാൽ ഇതിനകം പാഷണ്ഡികൾതന്നെ മൂന്നു കക്ഷികളായി പിരിഞ്ഞുകഴിഞ്ഞിരുന്നു. ഓരോ കക്ഷിയും ഓരോ പ്രകാരത്തിലുള്ള വിശ്വാസപ്രമാണങ്ങൾ ക്രോഡീകരിച്ചുകൊണ്ടു് മററുള്ളവരുടെ അംഗീകാരം സമ്പാദിക്കുവാൻ ശ്രമിക്കയുംചെയ്തുകൊണ്ടിരുന്നു. ഇതിൽ മദ്ധ്യകക്ഷി (Middle Party) യുടേതാണു് കോൺസ്റ്റാൻഷ്യസ് ചക്രവർത്തിക്കു സ്വീകാര്യമായിത്തോന്നിയതു്. പിതാവും പുത്രനും തമ്മിലുള്ള ബന്ധം നിർവ്വചിക്കുന്നതിനെ സംബന്ധിച്ചായിരുന്നല്ലോ ഏററം തീവ്രമായ അഭിപ്രായവ്യത്യാസം. മദ്ധ്യകക്ഷിയുടെ പുതിയ വിശ്വാസപ്രമാണത്തിലെ "പിതാവിനു സദൃശനായിരുന്നു പുത്രൻ" (The Son was like unto the Father) എന്ന പ്രയോഗംകൊണ്ടു് എല്ലാ തർക്കങ്ങളും അവസാനിക്കുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ നിക്യാ വിശ്വാസപ്രമാണത്തിലെ നിർവ്വചനത്തിൽനിന്നു വളരെ വിഭിന്നമായിരുന്നു ഇതെന്നുള്ളതിനു സംശയമില്ല. അതിനാൽ കത്തോലിക്കാപക്ഷത്തിനു തികച്ചും അസ്വീകാര്യമായിരുന്നു ഈ പുതിയ വിശ്വാസപ്രമാണം.

പള്ളിമണികൾക്കു്
അപേക്ഷിക്കുക:
അസ്സീസിപ്രസ്സ് (ഡയോസിസൻ)
കോട്ടാർ—നാഗർകോവിൽ

ബലംകൊണ്ടും ഭീഷണികൊണ്ടും തിരുസ്സഭയുടെമേൽ ഇതു് അടിച്ചേല്പിക്കണമെന്നായിരുന്നു കോൺസ്റ്റാൻഷ്യസിന്റെ ഉദ്ദേശം. ഈ ഉദ്ദേശസാദ്ധ്യത്തിനായി ലിബേരിയസ് മാർപ്പാപ്പായെ സ്വാധീനപ്പെടുത്തുകയായിരുന്നു ഏററം എളുപ്പമായ മാർഗ്ഗമെന്നു് ചക്രവർത്തിയും കൂട്ടരും തീരുമാനിച്ചു. അതിൽ അവർക്കു് താല്ക്കാലികമായ വിജയം സിദ്ധിക്കയും ചെയ്തു. ഈ പുതിയ വിശ്വാസപ്രമാണത്തിൽ ഒപ്പുവച്ചില്ലെങ്കിൽ തന്റെ ജീവൻതന്നെയും അപകടത്തിലാകുമെന്നുകണ്ടു് മാർപ്പാപ്പാ അതിനു സമ്മതിച്ചു. അത്തനേഷ്യസ് ഈ സംഭവത്തെപ്പററി താഴെ കാണുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "രണ്ടുവർഷത്തെ പ്രവാസത്തിനുശേഷം ജീവഹാനിക്കിടയാകുമെന്നുള്ള ഭീഷണിമൂലമാണു് ലിബേരിയസ് കീഴടങ്ങിയതു്. നൂറുവയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്ന ഹോസിയൂസ് (Hosius) തടങ്കലിൽവച്ചു് അനുഭവിക്കേണ്ടിവന്ന കഠിനമായ യാതനകൾമൂലം നഷ്ടവീര്യനായിത്തീരുകയാൽ ഒടുവിൽ അദ്ദേഹവും പ്രതിയോഗികൾക്കു വശംവദനായിത്തീർന്നു. തങ്ങളുടെ സിംഹാസനങ്ങളിലേക്കു മടങ്ങിപ്പോകുവാൻ ലിബേരിയസിനും ഹോസിയൂസിനും അനുവാദം നൽകി. എന്നാൽ പിന്നീടു് രണ്ടാളും പശ്ചാത്തപിക്കുകയും നിക്യാവിശ്വാസം ഉപേക്ഷിക്കുന്നതിനു പരിപൂർണ്ണമായി വിസമ്മതിക്കയും ചെയ്തു.

ലിബേരിയസ് മാർപ്പാപ്പാ പുതിയ വിശ്വാസപ്രമാണത്തിനു നൽകിയ താൽക്കാലികമായ അംഗീകാരം മാർപ്പാപ്പായുടെ അപ്രമാദിത്വം എന്ന വിശ്വാസസത്യത്തിന്റെ ലംഘനമായിരുന്നു എന്നു സഭാശത്രുക്കൾ കൊട്ടിഘോഷിക്കാറുണ്ടു്. എന്നാൽ സൂക്ഷ്മപരിശോധനയിൽ ഈ ആരോപണം തികച്ചും അസാധുവാണെന്നു തെളിയുന്നതാണു്. ലിബേരിയസ് പ്രതിയോഗികൾക്കു കീഴടങ്ങിയെങ്കിലും ഈ സന്ദർഭത്തിൽ നൂതനമായി എന്തെങ്കിലും പഠിപ്പിക്കുകയോ വിശ്വാസസംബന്ധമായി പുതിയ ഏതെങ്കിലും നിർവ്വചനം നൽകുകയോ ചെയ്യുന്നില്ല. കൂടാതെ മാർപ്പാപ്പാ സഭാതലവൻ എന്ന നിലയ്ക്കു് വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ സംബന്ധിച്ചു് എന്തെങ്കിലും പഠിപ്പിക്കുമ്പോൾ അദ്ദേഹം സ്വതന്ത്രനായിരിക്കണമെന്നുള്ളതു് തികച്ചും ആവശ്യമാണു്. എന്നാൽ ലിബേരിയസ് മാർപ്പാപ്പാ പ്രതിയോഗികൾ അവതരിപ്പിച്ച വിശ്വാസപ്രമാണത്തിനു് അംഗീകാരം നൽകിയപ്പോൾ അദ്ദേഹം ഭീകരമായ സമ്മർദ്ദത്തിനു വിധേയനായിരുന്നു. തന്റെ സ്നേഹിതന്മാരിൽനിന്നും ഉപദേഷ്ടാക്കളിൽനിന്നും വേർപെട്ടു് ഏതു നിമിഷത്തിലും ജീവഹാനി നേരിട്ടേക്കാമെന്നുള്ള അവസ്ഥയിൽ, തികച്ചും അസ്വതന്ത്രനായിരിക്കുമ്പോൾ ലിബേരിയസ് ചെയ്ത തീരുമാനം അപ്രമാദിത്വത്തെ സ്പർശിക്കുന്നുപോലുമില്ല. കൂടാതെ സ്വാതന്ത്ര്യം വീണ്ടെടുത്തു് റോമയിൽ മടങ്ങിയെത്തിയശേഷം നിക്യാവിശ്വാസപ്രമാണത്തെ സംബന്ധിച്ചുള്ള തന്റെ ദൃഢമായ നിലയെ മാർപ്പാപ്പാ അസന്നിഗ്ദ്ധമാംവണ്ണം പ്രഖ്യാപിക്കയും ചെയ്യുന്നതായി നാം കാണുന്നു.

ഈ സംഭവത്തിൽനിന്നും മറെറാരു പ്രധാന വസ്തുതകൂടി തെളിയുന്നുണ്ടു്. വിവാദപ്രശ്നത്തെ സംബന്ധിച്ചു് മാർപ്പാപ്പായുടെ അഭിപ്രായത്തിനു് പ്രതിയോഗികൾപോലും വലിയ പ്രാധാന്യം കല്പിച്ചിരുന്നു എന്നുള്ളതാണു് ആ കാര്യം. "ലിബേരിയസിനെ വശത്താക്കിക്കഴിഞ്ഞാൽ മററുള്ളവരെ നിഷ്പ്രയാസം നമുക്കു കീഴടക്കാം" എന്നു് പ്രതിയോഗികൾ പറഞ്ഞിരുന്നതായി അത്തനേഷ്യസ് രേഖപ്പെടുത്തുന്നു.

തന്റെ ഉദ്ദേശസാദ്ധ്യത്തിനായി ഒരു സാർവ്വത്രികസൂനഹദോസ് നിക്കോമീദിയായിൽ വിളിച്ചുകൂട്ടുവാനായിരുന്നു കോൺസ്റ്റാൻഷ്യസ് ചക്രവർത്തിയുടെ അടുത്ത ഉദ്യമം. എന്നാൽ അപ്രതീക്ഷിതമായുണ്ടായ ഒരു ഭൂകമ്പംമൂലം നഗരത്തിന്റെ ഒരു ഭാഗവും അവിടത്തെ മെത്രാസനദൈവാലയവും നശിച്ചുപോയതിനാൽ (എ. ഡി. 360) ആ സംരംഭം ഉപേക്ഷിക്കേണ്ടിവന്നു. അതിനു പകരമായി ഇററലിയിലെ റിമിനി (Rimine) എന്ന സ്ഥലത്തു് ഒരു പാശ്ചാത്യസൂനഹദോസും ഏഷ്യാമൈനറിൽപ്പെട്ട സെലൂഷ്യയിൽ (Seleucia) ഒരു പൗരസ്ത്യസൂനഹദോസും ചക്രവർത്തി വിളിച്ചുകൂട്ടി. രണ്ടു സമ്മേളനങ്ങളിലും പുതിയ വിശ്വാസപ്രമാണം അംഗീകരണത്തിനായി ഹാ

Thanksgiving for favours received through the intercession of St. JOHN NEPUMACIAN

(K. J. A.)

ജരാക്കപ്പെട്ടു. പിതാവിനു സദൃശനായ പുത്രൻ (The Son was like unto the Father) എന്നായിരുന്നു അതിലെ നിർവ്വചനം. സെലൂഷ്യയിലെ ഭൂരിപക്ഷം മെത്രാന്മാരും വലിയ ചർച്ച കൂടാതെതന്നെ അതിനു് അംഗീകാരം നൽകി. റിമിനിയിൽ സമ്മേളിച്ചിരുന്ന നാനൂറു മെത്രാന്മാരിൽ മുന്നൂറുപേരും നിക്യാവിശ്വാസത്തിൽ ഉറച്ചുനിന്നു. എന്നാൽ രാജഹിതത്തിനു വിരുദ്ധമായുള്ള നില തടങ്കലിനും നാടുകടത്തലിനും ഇടയാക്കുമെന്നുള്ള ഭീഷണിമൂലം ഒടുവിൽ അവർ കീഴടങ്ങുകയും പുതിയ പ്രമാണത്തിനു് ഒപ്പുവയ്ക്കുകയുംചെയ്തു. നഗ്നവും ലജ്ജാവിഹീനവുമായ ഈ ഭീഷണിയുടെ പ്രയോക്താവു് ടോറസ് (Taurus) എന്ന ഒരു രാജകിങ്കരനായിരുന്നു. സെലൂഷ്യയിലെ പിതാക്കന്മാർ ആദ്യം ശക്തിയായ എതിർപ്പു പ്രകടിപ്പിച്ചുവെന്നും എന്നാൽ റിമിനിയിലെ മെത്രാന്മാർ രാജഭീഷണിയുടെ മുൻപിൽ തലകുനിക്കുന്നതു കണ്ടപ്പോൾ അവരും സ്വയം കീഴടങ്ങിയതാണെന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. എ. ഡി 360 ജനുവരിയിൽ കോൺസ്റ്റാൻറിനോപ്പിളിൽ സമ്മേളിച്ച ഒരു കൗൺസിൽ ഈ തീരുമാനങ്ങൾക്കു സ്ഥിരീകരണം നൽകുകയുണ്ടായി. അതേത്തുടർന്നു് പാഷണ്ഡപക്ഷത്തിന്റെ എതിരാളികളായിരുന്ന ആൻകിറായിലെ മെത്രാനായ ബെയിസിലും (Basil of Ancyra) യരൂശലേമിലെ മെത്രാനായ സിറിലും (Cyril of Jerusalem) സ്ഥാനഭ്രഷ്ടരാക്കപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാസനത്തിൽ ഒരു പ്രമുഖ പാഷണ്ഡിയായ യുഡോക്സിയൂസ് (Eudoxius) നിയമിതനായി. ആരിയൻ പാഷണ്ഡത കിഴക്കും പടിഞ്ഞാറും മുന്നേറുന്നതായി അനുഭവപ്പെട്ടു. പാഷണ്ഡതയുടെ വിജയമുഹൂർത്തമായിരുന്നു അതു്. തിരുസഭയുടെ അപമാനത്തിന്റെയും. "ലോകം വേദനകൊണ്ടു കേഴുകയും ആരിയനിസത്തിനു കീഴ്പ്പെട്ടതായി കണ്ടു് അത്ഭുതവിവശയായിത്തീരുകയും ചെയ്തു" എന്നു് വിശുദ്ധ ജറോം ഈ കാലഘട്ടത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നു.

—o—



Reg. M. No 2293

# Sathya Deepam

Vol. 28 Ernakulam, November 3, 1954 No. 12

## ആററ്ലിയെ തെററിദ്ധരിപ്പിച്ച രീതി

ഇംഗ്ലണ്ടിലെ ലേബർപാർട്ടിയിലെ ചില അംഗങ്ങൾ മി. ആററ്ലിയുടെ നേതൃത്വത്തിൽ ഈയിടെ ചൈന സന്ദർശിക്കുകയുണ്ടായല്ലൊ. കമ്മ്യൂണിസ്റ്റ് പാരമ്പര്യമനുസരിച്ച വിദേശസന്ദർശകരെ രാജ്യം കാണിക്കുന്ന രീതികൾതന്നെയാണ് ചൈനയിലും അവർക്കുവേണ്ടി സജ്ജീകരിക്കപ്പെട്ടിരുന്നതെന്നുള്ളതിനു ഒരു ദൃഷ്ടാന്തം ഇപ്പോൾ വെളിക്കുവന്നിട്ടുണ്ടു്. പീക്കിംഗിൽനിന്നു പുറത്താക്കപ്പെട്ട രണ്ടു സ്വിസ് മിഷനറിമാരാണ് ഈ സംഭവത്തെ വെളിപ്പെടുത്തിയതു്. പ്രതിനിധിസംഘം ടാംഗ്ഷിൻ കൽക്കരിഖനിപ്രദേശം സന്ദർശിക്കുകയായിരുന്നു. അവരുടെ ആഗമനത്തിനു മുമ്പുതന്നെ പോലീസ് അവിടെ എത്തിയിരുന്നു. പ്രതിനിധിസംഘത്തിനു നൽകേണ്ട മറുപടികൾ നിർണ്ണയിച്ചു പഠിപ്പിക്കുന്നതിനായി അവിടെയുള്ള ഒരു ചൈനീസ് വൈദികനെ അവർ സന്ദർശിച്ചു. ചൈനീസ് ഭാഷയിൽ മാത്രമേ ഉത്തരങ്ങൾ നൽകാവൂ എന്നും, കമ്മ്യൂണിസ്റ്റ് ഭരണത്തെപ്പററി യാതൊരാരോപണവും ചെയ്തുപോകരുതെന്നും, അദ്ദേഹത്തിന്റെ ഇടവകയിലുള്ള കത്തോലിക്കരുടെ സംഖ്യയും അവർ എങ്ങനെ അവരുടെ മതകർമ്മങ്ങൾക്കായി പള്ളിയിൽ വന്നുകൊണ്ടിരിക്കുന്നുവെന്നും മാത്രമേ പറയാവൂ എന്നുമായിരുന്നു നിർദ്ദേശങ്ങൾ. വളരെ ശ്രദ്ധയോടുകൂടി സംഭാഷണം ശ്രവിച്ചുകൊണ്ടിരുന്ന പോലീസ് അകമ്പടിയുടെ സാന്നിദ്ധ്യത്തിൽ സന്ദർശനപരിപാടികളും സംഭാഷണവും നടക്കുകയുംചെയ്തു. ഗത്യന്തരമില്ലല്ലോ! ഇതാണ് രാജ്യത്തെപ്പററി സന്ദർശകർ സംഭരിക്കുന്ന ശരിയായ അറിവിന്റെ സാമ്പിൾ.

## വ്യവസായനേതാക്കളുടെ സംഘടനാശ്രമം

ബ്യൂനോസ് അയേഴ്സ് എന്ന സ്ഥലത്തുവച്ചു 100 അർജൻറയിൻ വ്യവസായസ്ഥാപനങ്ങളുടെ പ്രതിനിധികൾ ഒന്നിച്ചുകൂടി വ്യവസായനേതാക്കളുടെ ഒരു കത്തോലിക്കാസംഘടന ഉണ്ടാക്കുന്നതിനുള്ള ആലോചനകൾ നടത്തിയിരിക്കുന്നു. വ്യവസായ ഉടമകളേയും വ്യവസായത്തൊഴിലാളികളേയും സാമൂഹികമായ അവരുടെ കർത്തവ്യങ്ങളെപ്പററി ശരിയായി ഉൽബോധിപ്പിക്കുന്നതിനും, തദ്വാരാ കൂടുതൽ ആരോഗ്യപരമായ ബന്ധം അവരുടെയിടയിൽ സംസ്ഥാപിക്കുന്നതിനുമാണ് സംഘടന ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

# —വിവിധവൃത്താന്തങ്ങൾ—

## ആസന്നമായ മൂന്നു നാമകരണങ്ങൾ

മറിയത്തിന്റെ ഫ്രാൻസിസ്കൻ മിഷനറിസമൂഹത്തിൽപ്പെട്ട ധന്യയായ അസൂന്താ പല്ലോററായെ നവമ്പർ 7-ാം തീയതി സിദ്ധ (വാഴ്ത്തപ്പെട്ടവൾ) എന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. 1905-ൽ ചൈനയിൽവച്ചു മരണമടഞ്ഞ മിഷനറിസഹോദരിയാണ് ധന്യയായ അസൂന്താ.

ദൈവപരിപാലനയുടെ സന്യാസിനീസമൂഹത്തിന്റെ സ്ഥാപകനും, ഇററലിയിലുള്ള ടെവിരി എന്ന സ്ഥലത്തുവച്ചു മരിച്ചുദേഹവുമാണ് ധന്യനെന്നു പേരുവിളിക്കപ്പെട്ട ഫാദർ ഫ്രാൻസിസ് മാർട്ടിൻ മോയ. അദ്ദേഹത്തെ നവമ്പർ 21-ാം തീയതി സിദ്ധനെന്നു പേരുവിളിക്കുന്നതായിരിക്കും.

1915-ൽ റോമിൽ സെൻറ് പോൾസ് ആബിയിൽവച്ചു മരണമടഞ്ഞ പ്ലാസിഡ് റിക്കാർഡി ഒ. എസ്. ബി. യാണ് മൂന്നാമത്തെയാൾ. അദ്ദേഹത്തിന്റെ നാമകരണം ഡിസമ്പർ 5-ാം തീയതിയാണ് നിശ്ചയിച്ചിരിക്കുന്നതു്.

## സാധുക്കളുടെ കേസുകൾ സൗജന്യമായി നടത്തുന്നു

സാധുക്കളായ ജനങ്ങൾക്കു നീതിന്യായക്കോടതിയെ ആശ്രയിക്കേണ്ടിവരുമ്പോൾ അവരെ സഹായിക്കുന്നതിനു ഇംഗ്ലണ്ടിൽ സ്ഥാപിതമായിട്ടുള്ള ഒരു സംഘടനയാണ് "നല്ല ഉപദേശത്തിന്റെ മാതാവിന്റെ സഖ്യം". ഈയിടെ നടത്തപ്പെട്ട ആ സംഘടനയുടെ വാർഷികറിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളതു്, കഴിഞ്ഞ കൊല്ലത്തിൽ ആയിരത്തോളം ആളുകളെ അവരുടെ നീതിന്യായപരമായ പ്രശ്നങ്ങളിൽ സംഘം സഹായിച്ചിട്ടുണ്ടു് എന്നാണ്. വെസ്റ്റ്മിനിസ്റ്റർ സഹായമെത്രാൻ ഡോക്ടർ ക്രേവൻ തിരുമേനിയായിരുന്നു വാർഷികാഘോഷത്തിൽ പ്രസംഗിച്ചതു്. "സാധുക്കൾക്കു കൂടുതൽ ആവശ്യമായിരിക്കുന്നതു് കേസുകൾ കോടതിയിലെത്തിക്കുന്നതിനുമുമ്പിൽ വേണ്ടുന്ന ഉപദേശങ്ങൾ നൽകുക എന്നതാണ്. നല്ല ഉപദേശത്തിന്റെ മാതാവിന്റെ ഈ സംഘടനയുടെ സേവനംവഴിയായി അവരുടെ വളരെയധികം കേസുകൾ കോടതിവരെ എത്തുന്നതിന്നിടയാകുന്നില്ല," എന്നാണ് ഈ സംഘത്തിന്റെ പ്രവർത്തനത്തെപ്പററി തിരുമേനി പ്രസ്താവിച്ചതു്.

## കെയ്റോയിൽ പൗരസ്ത്യപഠന നിലയം

കെയ്റോയിൽ ഫ്രാൻസിസ്കൻ സന്യാസികളുടെ വകയായി ഒരു പൗരസ്ത്യപഠനകേന്ദ്രം ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. തദവസരത്തിൽ പ്രസിഡൻറു നഗിബ് ഒരു ബഹുമാന്യാതിഥിയായി സന്നിഹിതനായിരുന്നു. ഈജിപ്തിലുള്ള വിവിധ സന്യാസസഭകളുടെ പ്രതിനിധികൾ സമ്മേളിച്ചിരുന്ന ഒരു മഹായോഗത്തിൽ പ്രസിഡൻറ് നഗിബ് പ്രസംഗിച്ചു. പൗരസ്ത്യരും പാശ്ചാത്യരുമായ ജനവിഭാഗങ്ങൾ തമ്മിൽ പരസ്പരബന്ധം പുലർത്തുന്നതിനും മൈത്രി ദൃഢതരമാക്കുന്നതിനും ഈ നിലയം മഹത്തായ പങ്കു വഹിക്കുന്നതാണെന്നു പ്രസിഡൻറു ഊന്നിപ്പറയുകയുണ്ടായി.

## മതം സ്ത്രീകളുടെ അവശതകൾക്കു ഹേതുവാണത്രെ!

കഴിഞ്ഞ 25 കൊല്ലത്തിനുള്ളിൽ റഷ്യ നടത്തിയിട്ടുള്ളതിലേക്കും ശക്തിമത്തായ നിരീശ്വരതാപ്രചാരണം ആരംഭിച്ചിട്ടു് ഇപ്പോൾ നാലുമാസമായി. "മതവിശ്വാസം സ്ത്രീകൾക്കും സമുദായത്തിനും ഗണ്യമായ ദോഷങ്ങൾ ചെയ്തിട്ടുണ്ടെന്നും, മതം, സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ശത്രുവാണെ"ന്നുമത്രെ ഏററവും ഒടുവിലായി നടന്ന മതവിരുദ്ധപ്രചാരണത്തിന്റെ ചുരുക്കം. യുക്രേയ്നിലെ ലൂട്ടെക്ക് റേഡിയോ ഒക്ടോബർ 5-ാംതീയതി ഇങ്ങനെ പ്രക്ഷേപണംചെയ്തു: "മതം സ്ത്രീകൾക്കു് കുടുംബത്തിലും സമുദായത്തിലും ദാസ്യനിലയാണു നൽകിയിരിക്കുന്നതു്. സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനു് ശേഷിയില്ലാത്ത ഒരു താണ ജീവിയായിട്ടാണ് മതം സ്ത്രീയെ വീക്ഷിക്കുന്നതു്. അങ്ങനെ മതം, സ്ത്രീയെ ദ്രോഹിക്കുകയും അവമാനിക്കയും അവളുടെ മാനസികവികസനത്തിനു് ദോഷം ചെയ്യുകയും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ അവൾ പങ്കെടുക്കുന്നതു് തടസ്സപ്പെടുത്തുകയും ചെയ്യുന്നു."

## വിയററ്മിൻ എല്ലാ മതവിഭാഗങ്ങളെയും പീഡിപ്പിക്കുന്നു

അന്നാമിന്റെ സമുദ്രതീരപ്രദേശങ്ങളിലെ കമ്മ്യൂണിസ്റ്റ് വിയററ്മിൻ മേഖലകളിൽ, എല്ലാ മതവിഭാഗങ്ങളെയും പീഡിപ്പിക്കുക എന്നതു് സാധാരണമായിത്തീർന്നിട്ടുണ്ടെന്നു് ഒളിച്ചോടി രക്ഷപെടുന്ന അഭയാർത്ഥികളുടെയും മുൻ വിയററ്മിൻ ഉദ്യോഗസ്ഥന്മാരുടെയും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. കത്തോലിക്കരോടു് ക്രൂരമായി പെരുമാറുന്നതുകൂടാതെ, കമ്മ്യൂണിസ്റ്റ് വിയററ്നാം ബുദ്ധമതക്കാരേയും താവോമതക്കാരേയും കാവോദായി മതക്കാരെയും മററു ചെറിയ മതവിഭാഗങ്ങളെയും പീഡിപ്പിക്കുന്നുണ്ടു്. ദക്ഷിണ അന്നാമിലെ കാഗ്ങായി എന്ന സ്ഥലത്തു് ക്ഷേത്രങ്ങളും പള്ളികളും നശിപ്പിക്കുകയോ, സമ്മേളനശാലകളാക്കുകയോ ചെയ്തുവെന്നും യുവപുരോഹിതന്മാരെ അറസ്റ്റു ചെയ്തുവെന്നും സന്യാസിഭിക്ഷുക്കൾക്കു് ആഹാരം നൽകുന്ന പതിവു അസാദ്ധ്യമായിത്തീർന്നുവെന്നും വീടുകളിൽവച്ചു് മതബോധനം നടത്തുന്നതു് കുററകരമാക്കിയിട്ടില്ലെങ്കിലും ആപല്ക്കരമായിട്ടുണ്ടെന്നും ആ പ്രദേശത്തെ പ്രചരണവകുപ്പിന്റെ മുൻതലവൻ റിപ്പോർട്ടു ചെയ്യുകയുണ്ടായി. മതങ്ങളെ തമ്മിലടിപ്പിക്കുന്നതിനും ചെറുപ്പക്കാർക്കു് എല്ലാ മതങ്ങളോടും വിരോധമുണ്ടാക്കുന്നതിനും കമ്മ്യൂണിസ്റ്റ് വിയററ്മിൻ പല ഉപായങ്ങളും പ്രയോഗിക്കുന്നുണ്ടു്.

## ലൂർദ്ദിൽ സമാധാനസ്മാരകം

ലൂർദ്ദിലുള്ള ജപമാലദേവാലയത്തിൽ ഫ്രാങ്കോ-ജർമ്മൻ സമാധാനത്തിന്റെ സ്മാരകമായി ഒരു പുതിയ അൾത്താര നിർമ്മിക്കുന്നതിനും അതിൽ ബിഞ്ചനിലെ വിശുദ്ധ ഹിൽഡെഗാർഡിന്റെയും ക്ലെയിർവായിലെ വിശുദ്ധ ബർണാർഡിന്റെയും തിരുവവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു. പരിശുദ്ധ കന്യകമറിയം ലൂർദ്ദിൽ

## മാർപ്പാപ്പായുടെ ആരോഗ്യം അഭിവൃദ്ധിപ്പെടുന്നു

ഇററലിയിൽ ചില ഭാഗങ്ങളിൽ ചില പത്രങ്ങൾ പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തെപ്പററി ആശങ്കാപരമായ വിധത്തിൽ ചില വാർത്തകൾ പ്രസിദ്ധീകരിച്ചതു കേവലം അടിസ്ഥാനരഹിതമാണെന്നും തിരുമനസ്സിലെ ആരോഗ്യം ഇപ്പോൾ ആശാസ്യവും അഭിവൃദ്ധിപരവുമായിരിക്കുകയാണെന്നും കാസ്റ്റൽ ഗണ്ടോൾഫോയിൽനിന്നും അറിയിച്ചിരിക്കുന്നു. കൂടുതലായ അദ്ധ്വാനംമൂലം ചിലപ്പോഴെല്ലാം ക്ഷീണം അനുഭവപ്പെടാറുണ്ടെങ്കിലും അനുദിനപരിപാടികൾ മുടക്കംവരുത്താതെ നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നതു്. ഒക്ടോബർ 10-ാം തീയതി 15000 വരുന്ന ഒരു തീർത്ഥകസംഘം കാസ്റ്റൽഗണ്ടോൾഫോയിലെത്തി. അതിശക്തിയായി അടിച്ചുകൊണ്ടിരുന്ന തണുത്ത കാററുമൂലം അന്നു സന്ദർശനം നടക്കാനിടയില്ലെന്നു പ്രഖ്യാപിക്കപ്പെട്ടു. പക്ഷെ കൃത്യസമയമായപ്പോൾ പരി. പിതാവു് ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ടു അവരോടു് 50 മിനിട്ടുനേരം ഇംഗ്ലീഷിലും, ഫ്രഞ്ചിലും, ജർമ്മനിലും, സ്പാനിഷിലും, ഇററാലിയനിലും പ്രസംഗിച്ചു. ഗ്രാമത്തിൽ അടിച്ചുകൊണ്ടിരിക്കുന്ന ശക്തിയായ തണുത്ത കാററുമൂലം വെളിയിൽ പ്രത്യക്ഷപ്പെട്ടു സംസാരിക്കരുതെന്നു തിരുമേനി ഉപദേശിക്കപ്പെട്ടുവെങ്കിലും, അവരെല്ലാം വളരെ ദൂരത്തിൽനിന്നു വന്നിരിക്കുന്നവരായതുകൊണ്ടു് അവരെ സ്വാഗതം ചെയ്യാതേയും അനുഗ്രഹിച്ചു പറഞ്ഞയക്കാതെയും ഇരിക്കുവാൻ അവിടുത്തേക്കു നിർവ്വാഹമില്ലെന്നാണ് പരിശുദ്ധ പിതാവുതന്നെ അവരോടറിയിച്ചതു്. 12-ാം തീയതി സ്പെയിനിൽ സരഗോസായിൽ നടന്നുകൊണ്ടിരുന്ന മരിയൻ കോൺഗ്രസ്സിലേക്കും, മോൺടെവിഡെയോവിൽ നടന്നുകൊണ്ടിരുന്ന വേറൊരു മരിയൻ കോൺഗ്രസ്സിലേക്കും അവിടുന്നു ഓരോ സന്ദേശപ്രക്ഷേപണങ്ങൾ നിർവ്വഹിച്ചു

---

വിശുദ്ധ ബർണ്ണർദീത്തായ്ക്കു പ്രത്യക്ഷപ്പെട്ടിട്ടു നൂറുകൊല്ലം തികയുന്ന 1958-ൽ ഈ സ്മാരകത്തിന്റെ പണിതീർത്തുൽഘാടനം ചെയ്യുന്നതിനാണ് പ്രോഗ്രാം. അതിന്റെ ചിലവിലേക്കു ജർമ്മൻ തീർത്ഥകർ ഇതിനകംതന്നെ 1000 പവൻ സംഭാവനചെയ്തുകഴിഞ്ഞിട്ടുണ്ടു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

